# വാക്സിനേററർ

(കഥകൾ)

# VACCINATOR

[STORIES]

**KISHAN CHANDAR**

*Translated by*

**RAVIVARMA**

*Publishers:*

KAIRALEE SAHAKARANA SANGHAM LTD.,

KOZHIKODE-1.

*First Impression*
*Copies 1000*

**1960 August**
**Price Re. 1 nP. 25**

# വാക്സിനേററർ

(കഥകൾ)

കഥാകൃത്ത്

**കിഷൻ ചന്ദർ**

പരിഭാഷ

**രവിവർമ്മ**

STRIBUTING LIBRARY
No. 131299
KOTTAYAM.
80431

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം.

വില ക. 1.25

# കഥകൾ

1. മന്ത്രിമാരുടെ ക്ലബ്ബ്

2. കറവപററാത്ത ഉരുക്കൾ

3. വാക്സിനേററർ

4. പാട്ടും ഞാനും

5. മനുഷ്യൻ കരയുന്നു.

6. മോഹൻജോദാരോവിലെ ഖജനാവ്

6. പൂച്ചയും മന്ത്രിയും

MFG
MF9

അച്ചടി:

ദേശാഭിമാനി പ്രിൻററിങ്ങ് & പബ്ളിഷിങ്ങ് ഹൌസ്സ്

ലിമിററഡ്,

കോഴിക്കോട്–1.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# മന്ത്രിമാരുടെ ക്ലബ്ബ്

കനാട്ട്പ്ലേസിലെ റൗണ്ടിന്നു പുറത്തായി അഭയാർത്ഥികളുടെ കടകളുടെ ഒരു റൗണ്ട് വേറേയുമുണ്ട്. കടകൾ അധികവും പീഞ്ഞപ്പലകകൾകൊണ്ടും ടിന്നിന്റെ തുണ്ടുകൾകൊണ്ടും പരമ്പു കൊണ്ടും ഉണ്ടാക്കിയവയാണ്. ഇവയിൽ പലതും ചായമക്കാനിപോലത്തെ ഹോട്ടലുകളായി മാറിയിരിക്കുന്നു. ഗവർമ്മെണ്ടു കാര്യങ്ങൾക്കായി സാധാരണക്കാർക്ക് ഗവർമ്മെണ്ടാഫീസ്സുകളിൽ വരാതെ തരമില്ല. ഇക്കൂട്ടർ മഹാ വെറിയന്മാരും വൃത്തികെട്ടവരുമായ ഒരു വർഗ്ഗമാണ്. അതിനാൽ ഡൽഹിയിലെ വെടിപ്പുള്ള ഹോട്ടലുകളിലെ ഊണ് അവർക്ക് പിടിക്കില്ല. പോരെങ്കിൽ ഇവർ അരപ്പിശുക്കന്മാരും പേടിക്കുടലന്മാരുമാണ്. മൈലോർഡ് ക്ലിഫ്ടൺ മുതലായ ഹോട്ടലുകളിലെ വലിയ ബില്ലുകൾ കണ്ടാൽ പാവങ്ങൾ പേടിച്ചുപോകും. അതിനാൽ ഇക്കൂട്ടരുടെ സൌകര്യത്തെ കണക്കിലെടുത്തുകൊണ്ട് കനാട്ട്പ്ലേസിന്റെ പുറത്ത് ഈ കടകൾ കാട്ടുചെടികൾപോലെ തന്നത്താൻ നിലത്തുനിന്നു് പൊട്ടിമുളക്കുകയാണ്. കണ്ടമാനം മുളച്ചുപടരുന്ന പാഴ്ച്ചെടികളുടെ ആ അച്ചടക്കമില്ലായ്മ, വ്യവസ്ഥയില്ലായ്മ, സം

സ്റ്റാർമില്ലാംയ്യ ഈ കടകളിലും നിങ്ങൾക്കു കാണാം. എനിക്ക് ഈ കുശിനിപ്പുരപോലുള്ള ഹോട്ടലുകളോടെന്തു വെറുപ്പാണെന്നോ! മൂന്നണക്കു രണ്ടു ചപ്പാത്തികൾകിട്ടും പരിപ്പ് വെറുതേകിട്ടും. വിദേശത്തുനിന്നുവരുന്ന ടൂറിസ്റ്റ്കൾ ന്യൂഡൽഹിയിലെ ഈ അറപ്പുളള കുശിനികൾ കണ്ടാൽ എന്തു വിചാരിക്കുമെന്നാണ് ഞാനോക്കുന്നതു്. ഇന്ത്യയെപ്പററി. എല്ലാം കഴിച്ചാൽ ഒരു വിദേശനയം മാത്രമാണ് ഇൻഡ്യയുടെ സൽപേരിനെ മറുനാടുകളിൽ നിലനിർത്തുന്നത്. അതല്ലാതെ എന്തുണ്ട് നമ്മുടെനാട്ടിൽ? ജനങ്ങളാണെങ്കിൽ കഴുതകൾ, കച്ചവടക്കാരാണെങ്കിൽ വ്യവസ്ഥയില്ലാത്തവർ, ക്ലാർക്കുമാർ കൈക്കൂലി വാങ്ങിയില്ലെങ്കിൽ ഉറക്കംവരില്ലെന്ന മട്ടുകാർ, തൊഴിലാളികൾ കള്ളപ്പണിയെടുക്കുന്നവർ, പെണ്ണുങ്ങളോ പരിഷ്കാരഭ്രാന്തികൾ. എത്ര ചീത്തശീലമാണ് ഇവരുടേതെന്നു നോക്കൂ—വൃത്തികെട്ട പുരയിലേ താമസിക്കൂ, കീറിയ തുണിയേ ഉടുക്കൂ, അഴുതം നിറഞ്ഞ മാർക്കററുകളിൽക്കൂടിയേ നടക്കൂ. ഇവിടെ എന്തുണ്ട് ഏതെങ്കിലും ഒരു വിദേശസഞ്ചാരിയെ കാട്ടിക്കൊടുക്കാൻ? ഒരു ഭഖ്രാനംഗാൽഡാം ഉള്ളതു് കുറേക്കാലം എന്തായാലും പണി തീരില്ല എന്ന മട്ടിൽ കിടന്നു; ഇപ്പോൾ അതിലെവിടെയോ കേടുംവന്നിരിക്കുന്നു, രണ്ടാമത്തെ സ്ഥാനമാണ് വിദേശനയത്തിന്. അതാണ് ഭാരതത്തിനു് മറുനാട്ടിൽ മാനം വളർത്തിക്കൊടുക്കുന്നതു്. ഈ നയം ന്യൂഡൽഹിയിൽതന്നെ വിളഞ്ഞതാണു്, കനാട്ട്പ്ലേസിൽ ഇവററ അവിടെത്തന്നെ നില്ക്കുന്നിടത്തോളം കാലം നമ്മുടെ വിദേശനയം വിജയിക്കുമെന്നു വ്യാമോഹിക്കണ്ട. എൻെറ അഭിപ്രായത്തിൽ ഇവയെല്ലാം തട്ടിയുടക്കണം—ഇരിക്കട്ടെ, ഇതൊക്കെ ഞാൻ എതിർക്കാൻവേണ്ടി പറഞ്ഞതാണ്. നേരുപറയാമല്ലോ, ഈയിടെ ഞാൻ പറയുന്നതിലെല്ലാം എതിർപ്പ് ഏറിയിരിക്കും, പരമാർത്ഥം കുറവായിരിക്കാം.

ഞാൻ പറയാൻവന്നതെന്താണെന്നുവെച്ചാൽ ഒരുദിവസം പൊരിയുന്ന ഉച്ചനേരത്ത് കനാട്ട്പ്ലേസിൻെറ പുറത്തുള്ള ഒരു ടിൻമേഞ്ഞ കുശിനിയിൽ ഇരുന്ന് ഞാൻ ഭക്ഷണം കഴിക്കുകയായിരുന്നു. എനിക്ക് കുശിനികൾ ഇഷ്ടമില്ല. ഞാൻ പഠിപ്പും പരിഷ്ക്കാരവുമുള്ള ഒരാളാണ്. വലിയ ആളുകളെയെല്ലാം എനിക്കു പരിചയമുണ്ട്. അവരിൽ മന്ത്രിമാരും ഗവർണ്ണർമാരും നേതാക്കന്മാരും മില്ലുടമകളും പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്ന വിദഗ്ദ്ധന്മാരും പെടും. അല്ല, നിങ്ങൾ എന്നെ തെററിദ്ധരിക്കരുത് ഞാൻ ഏതെങ്കിലും വിഭാഗത്തിലെ സിക്രട്ടറിയോ സിമൻറ് ഏജൻേറാ മന്ത്രിയുടെ അളിയനോ ഒന്നുമല്ല. എൻെറ ശ്രീമതി അസംബ്ലിമെമ്പറുമല്ല. ഞാൻ ഇപ്പോൾ ഒരു പത്രറിപ്പോർട്ടറാണ്. അതിനാൽ ദിവസേന സിവിൽ സിക്രട്ടരിയററിൽ ഏതെങ്കിലും ഒരു മഹാനായ വ്യക്തിയുമായി ഇൻറർവ്യൂ നടത്താൻ വരാതെ തരമില്ല. അതാണ് ഈ കുശിനിഹോട്ടലിൽകേറി ഭക്ഷണം കഴിക്കുക എന്ന ദുർഭാഗ്യത്തിന് പതിവായിട്ടെന്നപോലെ വിധേയനാകേണ്ടിവരുന്നത്. എൻെറ കീശകൾ മൈഡൻസ് ഹോട്ടലിലെ കുഷിനിട്ട കസേലയിൽ ഇരുന്നു ബിലാത്തിപ്ലേററുകളിൽ വിശേഷപ്പെട്ട ആഹാരം കഴിക്കാൻ അനുവദിക്കുന്നുമില്ല. അതെ ഇഷ്ടം, ഇതാ, ഒരു അരപ്ലേററുകൂടി കൊണ്ടുവരൂ പരിപ്പ്. ഈ ചപ്പാത്തി കരിഞ്ഞിരിക്കുന്നു. മാററിക്കൊണ്ടുവരൂ.

അതെ, ഞാൻ പറഞ്ഞുകൊണ്ടുവന്നതെന്താണെന്നോ? ഒരു ദിവസം ഉച്ചക്ക് ഇതേ കുശിനിപ്പുരയിലിരുന്നു ഭക്ഷണം കഴിക്കുകയായിരുന്നു. അല്ലാ, ആരാണ് നിങ്ങളുടെ പുറകിൽ വന്നിരിക്കുന്നത്. തിരിഞ്ഞുനോക്കു സാർ! ഇങ്ങിനെ മിഴിച്ച്നോക്കാതിരിക്കൂ അയാൾ നിങ്ങളെ സി. ഐ. ഡി യാണെന്നു തെററദ്ധരിക്കുമല്ലോ. എന്നി ഒന്നു ആലോചിച്ചിട്ടു പറയൂ ആരാണിത്? എവിടെ വെച്ചെങ്കിലും കണ്ടിട്ടുണ്ട്? കണ്ടിട്ടുണ്ട് നിങ്ങൾ, അതു തീർച്ച.

ഓർമ്മയില്ലേ? നേരുപറഞ്ഞാൽ ഇതിൽ നിങ്ങളെ കുററപ്പെടു ത്തിക്കൂട. ആ മനുഷ്യൻെറ നീണ്ട ചുണ്ടുകളെ മറയ്ക്കുന്ന മീശ, ചളിപുരണ്ട് നാറാൻതുടങ്ങിയ വസ്ത്രങ്ങൾ, എന്തൊക്കെയോ പ ററിയിരിക്കുന്ന ഗാന്ധിത്തൊപ്പി, തെളിമകെട്ട ചിരിക്കാൻവേ ണ്ടിമാത്രമുള്ള ചിരി—ഇതെല്ലാം കണ്ടാൽ ഇയാൾ ഒരുകാലത്തു് ഉത്തർദക്ഷിൺ പ്രദേശത്തെ കൃഷിമന്ത്രിയായിരുന്നുവെന്നു് തോ ന്നില്ല. കൃഷിമാത്രമല്ല ജയിലും ഇദ്ദേഹത്തിൻെറ ഭരണത്തില് യിരുന്നു. എന്നല്ല ഇതു രണ്ടും ഭരിക്കാൻ ഇതിലും പററിയ ആൾ വേറെ ഇല്ലെന്നു പറയാതെ തരമില്ല ഇദ്ദേഹത്തിൻെറ അച്ഛൻ ധമാൽപുരം ജമീൻദാരായിരുന്നു. മന്ത്രിയാകുന്നതിന്നുമുമ്പു് പ തിന്നേഴുതവണ പോയിട്ടുണ്ടു് ജയിലിൽ. ആദ്യം ജയിലിൽ പോയതു് ഒരു പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയ കേസ്സിലാണു്. രണ്ടാമത്തെ തവണ കവർച്ചക്കാരെ സഹായിച്ചുവെന്ന ചാർജ്ജി ലാണു്. പിന്നെ രണ്ടുതവണ ഗവമ്മെണ്ടുമുതൽ വിഴുങ്ങിയെന്ന കേസ്സിലാണു്. അതിനുശേഷം നടന്ന ജനകീയപ്രക്ഷോഭങ്ങളിൽ ഈ മനുഷ്യനു വലുതായ മാററം സംഭവിച്ചു. തെമ്മാടിയിൽനി ന്നു മയ്യാദക്കാരനായി. സംസ്കാരം സിദ്ധിച്ച ദേവതുല്യനായ ഒരു മനുഷ്യനായി. ഒടുവിലത്തെ പതിമൂന്നു് ജയിൽയാത്രകൾ ഇദ്ദേഹം രാഷ്ട്രീയപ്രക്ഷോഭണം നയിച്ചതിന്നു നടത്തിയവയാണു്. എനിക്കു് ജാതിയിൽ വിശ്വാസമില്ല. മനുഷ്യൻെറയുള്ളിൽ വിശുദ്ധമായ ഒരു ആത്മാവു് ഉണ്ടെന്നാണു് ഞാൻ വിശ്വസിക്കു ന്നതു്. അതിനെ ഉണത്തിയാൽ മനുഷ്യൻ ദൈവമാകും, ദൈവം. ഒരു ജാതിയും സ്വതവേ ചീത്തയല്ല. ഒരു മനുഷ്യനും ദുഷ്ടനല്ല. മനസ്സിൻെറ പരിവത്തനമാണു് ആവശ്യം. നമ്മുടെ പൊതുജനം കഴുതയാണെന്നും അവരുടെ പുറത്തു് തട്ടുകിട്ടിയാലേ അവരുടെ ബുദ്ധി ഉണരുകയുള്ളുവെന്നുമുള്ള സംഗതി വേറെ. എന്നേയും നിങ്ങളേയുംപോലെ സംസ്കാരം സിദ്ധിച്ചവക്കു നേതാക്കന്മാരുടെ ഒരു ആംഗ്യംതന്നെ അതിധാരാളമല്ലേ.

ഈ പഴയ മന്ത്രി കുറേ പരുങ്ങലിലാണെന്നു തോന്നുന്നു. നോക്കു, ചെരിപ്പുകൾ തേഞ്ഞു് ഇല്ലാതായിത്തുടങ്ങിയിരിക്കുന്നു. പൈജാമയ്ക്കു് പഴക്കം നന്നേയുണ്ടു്. മീശ ചുണ്ടോളം വളർന്നു് തുപ്പൽപററി നിറം പകർന്നിരിക്കുന്നു. കണ്ടാൽ അതു ജൂട്ടുകൊണ്ടു വെച്ചുപിടിപ്പിച്ചതാണെന്നു തോന്നിപ്പോകും. എൻെറയഭിപ്രായത്തിൽ ഇദ്ദേഹം ഈ മീശക്കു ചായം പുരട്ടേണ്ടതാണു്. ഇല്ലെങ്കിൽ വല്ല വിദേശികളും ഇതു കണ്ടാൽ നമ്മുടെ വിദേശനയത്തെപ്പററി—

എല്ലാം തലയിലെഴുത്തിൻെറ വലുപ്പമാണിഷ്ടാ! ഇല്ലെങ്കിൽ ഈ പഴയ മന്ത്രിക്കു് ഈ കുശിനിപ്പുരയിൽ ഇങ്ങിനെ വന്നിരിക്കേണ്ട ഒരവസ്ഥ നേരിടുമോ? നേരുപറഞ്ഞാൽ സ്വയം കൂടെ ഭാഗ്യത്തേക്കാൾ വിഡ്ഢിത്തത്തെയാണു് പഴിക്കേണ്ടതു്. ഉള്ളതുപറഞ്ഞാൽ സത്യസന്ധത ഒരുജാതി വിഡ്ഢിത്തമാണു് ഈ മന്ത്രി വലിയ സത്യസന്ധനായിരുന്നു. അതാണു് ഈ നില വന്നതു്. രാഷ്ട്രീയത്തിൽ സത്യസന്ധതകൊണ്ടു് എന്താക്കാനാണു് ഹേ? രാഷ്ട്രീയത്തിൽ സത്യമല്ല നോക്കുക. മുഖമാണു് നോക്കുക നേതാവെന്തുപറയുന്നുവെന്നാണു് ജനതയുടെ നോട്ടം. നേതാവിൻെറ നോട്ടം മന്ത്രി എന്തുപറയുന്നുവെന്നാണു്. മന്ത്രിയുടെനോട്ടം മുഖ്യമന്ത്രി എന്തു പറയുന്നുവെന്നാണു്. മുഖ്യമന്ത്രി പുറംരാജ്യക്കാർ എന്തു പറയുന്നുവെന്നും. അതിലാണു് ഇന്ത്യയുടെ അന്തസ്സ്—ഏയ്, ലേശംകൂടി ചട്നിയും ഉള്ളിസ്സാമ്പാറും തരൂ.

ഈ മന്ത്രിയുടെ പേർ അലഗുരാംറായ്. ഇയാൾ ഉത്തർ-ദക്ഷിൺ പ്രദേശത്ത് മന്ത്രിയായിരുന്നകാലത്തു് ഞാൻ ഇൻററവ്യൂ ചെയ്യുകയുണ്ടായിട്ടുണ്ടു്. അന്നു് ഇയാളുടെ ഡ്രസ്സ് കാണേണ്ടതു തന്നെയായിരുന്നു. തനി വെള്ളഖദർക്കുപ്പായം, തോണിപോലത്തെ മുകളിലേക്കു ഉയർന്നു നില്ക്കുന്ന തൊപ്പി, കമ്പുകളിൽ

കുത്തിനിർത്തിയിരിക്കയാണെന്നു കണ്ടാൽ തെററിദ്ധരിച്ചുപോകും. മന്ത്രിയുടെ കഴുത്തു കണ്ടാലും ആ ഒരു തെററിദ്ധാരണ ഉണ്ടാകും. അന്നു അദ്ദേഹത്തിന്റെ സ്റ്റെനോ ഒരു ചന്തമുള്ള പെൺകുട്ടിയായിരുന്നു. അതു് വേറൊരു കഥ—അതു് പിന്നെപ്പറയാം. എനിക്കു് ആ ചുരുണ്ട മുടിയും ഭംഗിയുള്ള ശരീരവുമുള്ള പെൺകുട്ടിയെ കണ്ടിട്ടു വളരെ സന്തോഷം തോന്നി. അവരം പിൻവശം ഉയർന്ന സാൻഡിൽധരിച്ചു് നടക്കുന്നതു കണ്ടപ്പോരം നിലത്തു് ടൈപ്പ്ചെയ്തുകൊണ്ടു പോകയാണെന്നു തോന്നി. അവരം കൈകരംകൊണ്ടല്ല, കാലുകരംകൊണ്ടാണു് അധികം ടൈപ്പുചെയ്തിരുന്നതു്. അവരം മന്ദഹസിച്ചുകൊണ്ടു് ക്ലാക്കുമാരുടെ നടുവിൽക്കൂടെ നടന്നു മിനിസ്റ്ററുടെ മുറിയിലേയ്ക്കു പോകുമ്പോരം പുഞ്ചിരിയുടെ പലതരം ഡ്രാഫ്ററുകരം കാററിൽ വിതറിക്കൊണ്ടു പോകയാണെന്നുതോന്നി.

അന്നു് മന്ത്രി എനിക്കു് നീണ്ട ഒരു ഇൻററർവ്യൂ അനുവദിച്ചു. കാരണം അന്നു് അദ്ദേഹം വളരെ പ്രസന്നനായിരുന്നു. അസംബ്ലിയിൽ അദ്ദേഹത്തിന്റെ ഒച്ചപ്പാടുണ്ടാക്കിയ കൃഷികബന്ധബില്ല് അവതരിപ്പിയ്ക്കപ്പെടുവാൻ പോകയായിരുന്നു. അദ്ദേഹം ഇൻറർവ്യൂസമയത്തു് ഇടക്കിടക്കു് സിഗാർ വലിച്ചുകൊണ്ടിരുന്നു, ഇടക്കു് നൂറുശതമാനം കൈകൊണ്ടുതന്നെ നെയ്തതും സുഗന്ധമുള്ളതുമായ ഖദർഉറുമാലെടുത്തു മുഖം തുടച്ചുകൊണ്ടു് സ്നേഹസമ്പൂർണ്ണമായ ദൃഷ്ടി സ്റ്റെനോവിൽ അർപ്പിച്ചുകൊണ്ടിരുന്നു. ആ അലിവററവളാകട്ടെ ഓരോനോട്ടത്തിനും ഓരോപുഞ്ചിരി സമ്മാനിച്ചുകൊണ്ടിരുന്നു, ചുണ്ടിൽ പുതിയൊരു റിബ്ബൺ ഫിററുചെയ്തപോലെ. പെൺകിടാങ്ങരംക്കും ടൈപ്പുറൈററിനും തമ്മിൽ എന്താണു് പറയത്തക്ക വ്യത്യാസം എന്നു് ചിലപ്പോരം ഞാൻ ആലോചിച്ചുപോകാറുണ്ടു്. ഇക്കിളിയാക്കു, അതാവന്നു ചിരി.

ഇല്ലിഷ്ടാ! ഞാൻ പെൺ വിദ്വേഷിയാണെന്നൊന്നും നിങ്ങൾ ധരിക്കണ്ട. ഞാൻ പെൺകുട്ടികളേയും ടൈപ്പ്റൈററുകളേയും ലീഡർമാരേയും മന്ത്രിമാരേയുമൊക്കെ വളരെയധികം ബഹുമാനിക്കുന്നു. എനിക്ക് ആരെപ്പററിയെങ്കിലും ആവലാതിയുണ്ടെങ്കിൽ അതു് ഈ നാട്ടിലെ പൊതുജനത്തോടാണ്. ഇവരുടെ തലക്കകത്ത് എന്താണെന്നാണ് ഞാൻ പറയേണ്ടതു്? സ്വന്തം നന്മതിന്മകൾ കണ്ടറിയാനുള്ള കഴിവുകെട്ട വർഗ്ഗം! അല്ലെങ്കിൽ നിങ്ങൾതന്നെ ആലോചിച്ചുനോക്കു. അലഗുരാംറായി അസംബ്ലിയിൽ അവതരിപ്പിക്കാൻവന്ന ബിൽ എത്രവലിയ വിപ്ലവാത്മകമായ ബുദ്ധിയെയാണ് വെളിപ്പെടുത്തിയിരുന്നതു്. ആ കൃഷിബിൽ പാസ്സായിരുന്നുവെങ്കിൽ നമ്മുടെ നാട്ടുകാക്കു എത്ര വലിയനന്മയാണ് അതുകൊണ്ടു് വരുമായിരുന്നതു്. വിദേശിയരും എത്രയേറെ സന്തോഷിക്കുമായിരുന്നു! പക്ഷെ എന്തുകൊണ്ടോ ആരുംതന്നെ ഇതു ശ്രദ്ധിക്കാനുണ്ടായില്ല. എത്ര നല്ല ഒരു ലക്ഷ്യത്തിനുവേണ്ടി കൊണ്ടുവന്ന ഒരു ബില്ലായിരുന്നു; കൃഷിക്കാരിൽനിന്നും ഭൂമി വാങ്ങി ജമീന്ദാരന്മാക്കു കൊടുക്കാൻ അധികാരപ്പെടുത്തുന്ന ഒരു ബില്ലായിരുന്നു അതു്. ഇതേ ബില്ലിനെക്കുറിച്ചായിരുന്നു ഞാൻ നടത്തിയ ഇൻറർവ്യൂ. സംഗതി കുറേ ഗൗരവപ്പെട്ടതാണെന്നു എനിക്കു തോന്നി. ഭൂമി ജന്മികളിൽനിന്നു വാങ്ങി കർഷകക്കു കൊടുക്കണമെന്നാണ് ഇതുവരെ കേട്ടിട്ടുള്ളത്. പക്ഷെ ഈ ബില്ലോ, കർഷകരിൽനിന്നും ജന്മിമാക്കു കൈമാററംചെയ്യുന്നതിനു ശിപാർശിചെയ്യുന്നു. ഞാൻ ഈ വൈപരീത്യത്തിലേക്കു മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചപ്പോൾ അദ്ദേഹം യാതൊരു മറച്ചുവെപ്പുംകൂടാതെ പറഞ്ഞ മറുപടി കേട്ടിട്ടു എൻെറ മനസ്സിലുണ്ടായ പ്രതികരണം ഇനിയും കെട്ടിട്ടില്ല.

അലഗുറാം പറഞ്ഞു; "നോക്കു, മുമ്പ് നമ്മൾ ജന്മിമാരിൽനിന്നു് ഭൂമി എടുത്തു പരിഷ്കൃതസമുദായത്തിൽനിന്നു് ഒരു വർഗ്ഗ

ത്തെത്തന്നെ ഉന്മൂലനംചെയ്യുവാനാണ് ഒരുങ്ങിയിരുന്നതു്. എത്ര തെററായ ഒരു നടപടിക്രമമാണിത്! ഈ വർഗ്ഗീയവിരോധമുണ്ടാല്ലോ, ഇതു നമ്മുടെ ഗവമ്മെണ്ടിൻെറ നിയമത്തിനും ആദർശത്തിനുതന്നെയും കടകവിരുദ്ധമാണ്. പോരെങ്കിൽ നമ്മരം അവിടംകൊണ്ടും കായ്യം കലാശിപ്പിക്കുന്നില്ല. ഭൂമിയെടുത്തു് ചെറുതുണ്ടങ്ങളാക്കി കർഷകർക്കു വീതിച്ചുകൊടുക്കുന്നു. ഭൂമി ഇങ്ങിനെ കണ്ടംകണ്ടമാക്കുന്നതിനാൽ വിളവ് കുറഞ്ഞുപോകുന്നു. പിന്നെ ഈ തെററു മനസ്സിലാക്കി നമ്മരം കോ ഓപ്പറേററീവ്മൂമെൻറിനുവേണ്ടി വാദിക്കാൻ തുടങ്ങുന്നു. അതായതു് വീണ്ടും ചെറുഭൂമികരം ഒന്നിച്ചുചേക്കാൻ പ്രക്ഷോഭണം നടത്തുന്നു. ഇതിനല്ലേ പറയേണ്ടതു് ഗജവങ്കത്തമെന്നു്? കൊത്തിനുറുക്കി എച്ചുകെട്ടുന്നതിനെക്കാരം നല്ലതു്, പഴയപടി ജന്മിമാരുടെവശംതന്നെ ഇരിക്കയല്ലേ? ജന്മിത്തമെന്നുപറയുന്നതും ഒരുതരം കോഓപ്പറേററീവുസിസ്റ്റംതന്നെയാണ്. എൻെറ ഇടവകയായ ധമാൽപുരംതന്നെ എടുക്കാം. പല തലമുറകളായി ഞങ്ങളുടെ കുഡുംബമാണ് ഇതനുഭവിക്കുന്നതു്. എന്നാൽ നമ്മുടെ കുടിയാനവന്മാർ ഇവിടെ ഒന്നിച്ചു ഉഴുതു മുളപ്പിച്ചു കൊയ്യുന്നു. ഇതു് കോ-ഓപ്പറേററീവ് പ്രസ്ഥാനമല്ലെങ്കിൽ എന്താണ്പിന്നെ? എൻെറ അച്ഛൻ എല്ലാത്തിൻേറയും മേൽനോട്ടം നേരിട്ടുനടത്തുകയും ഏതെങ്കിലുംകൃഷിക്കാരൻ തെമ്മാടിത്തംകൊണ്ടു് പണിയെടുക്കാൻ വിസമ്മതിക്കയാണെങ്കിൽ ഉടൻ കുടിയൊഴിപ്പിയ്ക്കുകയും ചെയ്തിരുന്നു, ഇന്നത്തെനില തീരെ മാറിയിരിക്കുന്നു. കൃഷിക്കാർ എത്രതന്നെ കുഴിമടിയരും കള്ളപ്പണിക്കാരും കൊള്ളരുതാത്തവരും കുരുത്തംകെട്ടവരും ആയിക്കോട്ടെ. അവരെ കുടിയൊഴിപ്പിച്ചുകൂടാ. എന്നെപ്പോലെ ഉയന്ന നിലവാരത്തിലുള്ളവരോടുപോലും സമാധാനം ചോദിയ്ക്കുകയും—നിങ്ങരം ഇന്നു അളിയനു ജോലി കൊടുപ്പിച്ചതെന്തിനു്? ഇന്നു മരുമകനു് കൺട്രാക്റ്റ് കൊടുപ്പിച്ചതെന്തിനു്? ഒരു മന്ത്രിയെ ഏതു സമയവും അയാളുടെ മിനിസ്റ്ററിയിൽനിന്നു കുടി

യൊഴിപ്പിക്കാം. എന്നാൽ പമ്പരവിഡ്ഢികളും, എന്തും കണ്ണടച്ചു വിശ്വസിക്കുന്നവരും ആയ കർഷകരെമാത്രം കുടിയൊഴിപ്പിച്ചുകൂടാ. ഇതു് അന്യായവും അക്രമവുമല്ലേ? ഇതെങ്ങിനെ നീതിക്കു ചേർന്നതാവും?"

"ഇനിയും നോക്കു, ജന്മിമാരിൽനിന്നു് ഭൂമി പിടിച്ചുപററിയാൽ വിളവു കുറയും. കർഷകർ ഇപ്പോൾതന്നെ മടിയന്മാരായിക്കഴിഞ്ഞിരിക്കുന്നു. കാരണം അവരുടെ മേൽനോട്ടക്കാരായി ഇന്നു് മുമ്പത്തെപ്പോലെ ജന്മിമാരില്ല. ഉല്പന്നം കുറഞ്ഞുവെന്നു മാത്രമോ, ധാന്യങ്ങൾക്കു് വില വർദ്ധിയ്ക്കുകയും ചെയ്തിരിക്കുന്നു. ഉള്ളതു പറയട്ടെ, മുപ്പതോ നാല്പതോ കൊല്ലങ്ങൾക്കുമുമ്പു്, കർഷകരുടെ ഈ വഴിപിഴച്ച പ്രക്ഷോഭണങ്ങൾ തുടങ്ങാത്തകാലത്തും ഭൂമി ജന്മിമാരുടെ കയ്യിൽ തന്നെയായിരുന്നു. പക്ഷെ അന്നു നമ്മുടെനാട്ടിൽ എന്തു പരമാനന്ദമായിരുന്നു. നമ്മുടെ കർഷകർ എത്ര പ്രസന്നരായിരുന്നു. ധാന്യം എത്ര സമൃദ്ധമായിരുന്നു. എത്ര ആദായത്തിന്നു് വിററിരുന്നു! പാൽ നാഴിക്കു് ഒരണ! നെയ്യ് ഇടങ്ങഴിക്കു് രണ്ടു് ക: അരി ഉറുപ്പികക്കു് എട്ടുനാഴി. ഇന്നോ? എന്തൊരു വിലയാണു് കത്തിക്കുന്ന വിറകിനുപോലും? അന്നത്തെവിലയ്ക്കു് ഇന്നു് കടപ്പുറത്തെ പൂഴിപോലും കിട്ടില്ല, കുറേ മുററത്തു് വിതറാമെന്നുവെച്ചു് വാരിക്കൊണ്ടുവരാൻ ചെന്നാൽ. എനിക്കറിയാം ഞാൻ ഡൽഹിയിൽ ഡിപ്ലോമാററിക്കു് കോളനിയിൽ ഒരു വീടു് പണിയിക്കുന്നുണ്ടു്. പൂഴിക്കു് എന്തുവില്ലകൊടുക്കേണ്ടിവരുന്നുണ്ടെന്നു എനിക്കു് നേരിട്ടറിയാം. സിമൻറു് പിന്നെ കോട്ടായനുസരിച്ചു കിട്ടിക്കോളും. ഗവമ്മെണ്ടു പൂഴിക്കും കോട്ടാസിസ്റ്റം ഏർപ്പെടുത്തിയില്ലെങ്കിൽ രക്ഷയില്ല എന്നാണു് തോന്നുന്നതു് പക്ഷെ കേന്ദ്രസർക്കാറിനെന്താ വിചാരപ്പെടാനുള്ളതു്? കൾചറിന്നു് പുതിയ ഒരു സെക്രട്ടറിയേററു് തുടങ്ങിയിരിക്കുന്നു. ശുദ്ധഭ്രാന്താണു് ഈ കൾചറം മാംചരം എല്ലാം.

പൂഴി കിട്ടാഞ്ഞിട്ട് എത്രകാലമായി എൻെറ ബംഗ്ലാവിൻെറ പണിതീരാതെ കിടക്കുന്നുവെന്നോ:''

''അല്ലോം റിപ്പോർട്ടർ സാർ!'' അലഗ്ഗറാം എൻെറനേരെ പൂച്ചക്കണ്ണുകാംകൊണ്ടു ഉഴിഞ്ഞുനോക്കിയിട്ടു പറഞ്ഞു —''ഞാൻ ഈ കൃഷിബന്ധബിൽ ഇന്നു് അവതരിപ്പിക്കാൻപോകുന്നതു് കർഷകരുടെ നില നന്നാക്കാനും നാല്പതുകൊല്ലം മുമ്പ് അവക്കുണ്ടായിരുന്ന ആ ഐശ്വര്യസമൃദ്ധമായ കാലം കയ്യരുത്താനുമാണ്.''

''ഹിയർ! ഹിയർ!!'' ഞാൻ ആവേശത്തോടെ കയ്യടിച്ചു. മന്ത്രിയുടെ പ്രസംഗം വാസ്തവത്തിൽ പാകപ്പിഴവരാത്തതും പുത്തമതികത്തതുമായിരുന്നു. അതിനുശേഷം അദ്ദേഹം അസംബ്ലിയിൽ ചെയ്ത പ്രസംഗമാകട്ടെ ഇതിലും കേമമായി. പക്ഷെ അവസാന നിമിഷം എന്തുപററിയെന്നറിഞ്ഞില്ല, മുഖ്യമന്ത്രിയുടെ പാർട്ടി ബില്ലിനു പിന്തുണ നൽകാമെന്നു് നേരത്തെ ഉറപ്പുകൊടുത്തിരുന്നിട്ടും പ്രതിപക്ഷവുമായിച്ചേർന്നു ബില്ലിനെതിരായി വോട്ടുചെയ്തു. അതിനാൽ ബിൽ പാസ്സായില്ല. ചീഫ്മിനിസ്റ്റുക്ക് മന്ത്രിസഭ അഴിച്ചുകൂട്ടേണ്ടിവന്നു. പുതിയ മിനിസ്റ്ററിയിൽ അലഗ്ഗറാമിനെ എടുത്തില്ല. അലഗ്ഗ ഡൽഹിയിൽവന്നു പല വാതില്ക്കലും മുട്ടി നോക്കി. പല പഴുതിൽക്കൂടേയും കടക്കാൻ നോക്കി. ഒന്നും ഫലിച്ചില്ല. അയാളുടെ ധമാൽപുരം ഇടവകയും പോയി. അതാണ് ഇന്നു് ഈ കശിനിയിൽ ഇരുന്നു കരിഞ്ഞ ചപ്പാത്തി സാപ്പിടാൻ അയാംക്കു് യോഗംവന്നതു്. ഈ പഴയ മന്ത്രിയെ ഈ നിലയിൽ വല്ല വിദേശിയും കണ്ടാൽ നമ്മുടെ വിദേശനയത്തെപ്പററി...

എന്നാൽ ഈ മന്ത്രിയെപ്പററിയല്ല ഞാൻ നിങ്ങളോടു പറയാൻവന്നതു്; തികച്ചും മറെറാരു കഥയാണ്. അല്ലല്ല, ആ സ്റ്റെനോഗ്രാഫർ സുന്ദരിയെക്കുറിച്ചൊന്നുമല്ല. അതു് പിന്നെ

പറയാം. ആ കഥ പറയാൻ വൈകുന്നേരത്തെ സമയമാണു് ഏററവും പററിയതു് — നല്ല ഉരുകിയ സ്വൎണ്ണത്തിൻെറ നിറത്തിലുള്ള ബീർ സ്ഫടികഗ്ലാസിലിരുന്നു പതയുക, ട്യൂബ്ലൈററിൻെറ ശീതളരശ്മികളേററു തലമുടി പൊൻകമ്പികൾപോലെ തിളങ്ങുക. മനസ്സിനെ മയക്കുന്ന ഒരു മാൻകണ്ണാൾ അടുത്തിരിക്കുക. ബിൽ നിങ്ങൾ കൊടുക്കുക...അവളുടെ കഥ ഇപ്പോൾ കേൾപ്പിക്കാനുള്ളതല്ല.

ഇപ്പോൾ ഞാൻ ഈ മന്ത്രിയെ രണ്ടാമതു കണ്ടപ്പോഴത്തെ കഥയാണു് പറയാൻപോകുന്നതു്. അലഗ്രാം മന്ത്രിസ്ഥാനം പോയപ്പോൾ ദില്ലിയിൽവന്നു തലകുത്തി മറിഞ്ഞിട്ടും മന്ത്രിസഭയിലേക്കു് എടുപ്പിക്കാനുള്ള ശ്രമത്തിൽ വിജയിയാകാതിരുന്നതിനാൽ ഒരു മന്ത്രിമാരുടെ ക്ലബ്ബ് തുടങ്ങാൻ തീരുമാനിച്ചു. അതെ യതെ, മന്ത്രിമാരുടെതന്നെ ക്ലബ്ബ്. ഈ ന്യൂഡൽഹിയിൽതന്നെ. അവിടെ ആ അർമീനിയാ ഹോട്ടലില്ലേ, അതിൻെറ അടുക്കൽ തന്നെ ഒരു കെട്ടിടത്തിൽ. ആ ക്ലബ്ബിൻെറ കഥ നല്ല രസമുള്ളതാണു്. നോക്കൂ, എനിക്കു് ഒരു പ്ലേററു് കോഴിയിറച്ചിക്കു് ആർഡർ കൊടുക്കൂ, ഒന്നു പ്രത്യേകം പറയണേ, പ്ലേററിൽ ഒരു കഷ്ണം കോഴിയുടെ കാലും ബാക്കി കരളും ആയിരിക്കണം. എനിക്കു കോഴിയുടെ ഈ രണ്ടു ഭാഗവുമാണു് പ്രിയം. എന്താണു് നിങ്ങൾ പറഞ്ഞതു്? പടിഞ്ഞാറൻ നാടുകളിൽ പെണ്ണുങ്ങളേയും ഈ രണ്ടവയവങ്ങൾ നോക്കിയാണു് തിരഞ്ഞെടുക്കാറെന്നോ? നിങ്ങൾ ഒരു പെൺകൊതിയനാണെന്നു തോന്നുണല്ലോ. നിങ്ങൾ ഒന്നു മറക്കരുതു്; ഇതു് ഇൻഡ്യയാണു്. ഇതിൻെറയപ്പുറത്തു് പാക്കിസ്ഥാനാണു്. അതിനുമപ്പുറം അഫ്ഗാനിസ്ഥാൻ. പടിഞ്ഞാറൻ വിഴിപ്പുകൾ ഇവിടെ അഴിക്കണ്ട. നമ്മൾ ഒരു അദ്ധ്യാത്മദേശത്തു് പാക്കുന്നവരാത്രെ. പടിഞ്ഞാറൻ സുഖലോലുപത നമ്മുടെ നാട്ടിന്നു് പററില്ല — കോഴിയേയും പെൺകിടാങ്ങളേയും

ഒരേ കോൽകൊണ്ടു അളക്കുന്ന—പോട്ടെ കോഴിയില്ലെങ്കിൽ വേണ്ട, ഇറച്ചിയെങ്കിലും കൊണ്ടുവരട്ടെ.

അതെ, അന്നൊരുദിവസം ഞാൻ പത്രമാഫീസ്സിൽ ഇരുന്നു് പ്രൂഫ് നോക്കുകയായിരുന്നു. അപ്പോൾ അസി: എഡിററർ എന്നെ ക്ഷണനപത്രം പിടിപ്പിച്ചിട്ടു പറഞ്ഞു: "കനാട്പ്ലേസിൽ ഇന്നു് ആററമണിക്കു് മന്ത്രിമാരുടെ ക്ലബ്ബ് ഉൽഘാടനം ചെയ്യുന്നുണ്ടു്. നിങ്ങൾ ചെന്നു് റിപ്പോർട്ടെടുത്തുകൊണ്ടുവരു." ഞാൻ അതിശയിച്ചുനിന്നുപോയി. ഇതെന്തു് മാരണമാണപ്പാ, ഈ മന്ത്രിമാരുടെ ക്ലബ്ബ്. കാർഡു് നോക്കി. മന്ത്രിമാരുടെ ക്ലബ്ബ് ഉൽഘാടനംതന്നെ. കേന്ദ്രത്തിൽ ഒരു കാമേർസ്മിനിസ്റ്റരായിരുന്ന ശ്രീ: ഗൽഗഡാചാര്യരാണു് ഉൽഘാടകൻ. മിനിസ്റ്റേഴ്സ് ക്ലബ്ബ്. അത്ഭുതം ഉണ്ടാക്കുന്നതുതന്നെ സംഗതി. താഴെ സെക്രട്ടറിയുടെ പേർ വായിച്ചപ്പോഴാണു് ഒന്നു് ഞെട്ടിയതു്. താഴെ തടിച്ച അക്ഷരങ്ങളിൽ എഴുതിയിരിക്കുന്നു അഴഗുറാംറായ് എക്സ് കൃഷിമന്ത്രി: ഉത്തർ ദക്ഷിൺപ്രദേശ്. ഞാൻ അപ്പോൾ തന്നെ സൈക്കിളെടുത്തു പുറപ്പെട്ടു.

മന്ത്രിക്ലബ്ബ് കമനീയമായവിധം അലങ്കരിച്ചിരുന്നു, കർട്ടനുകൾ, ഉരുളൻ തലയണകൾ, ചൂടിപ്പായകൾ, മെത്തകൾ, സോഫകൾ—എന്തിനധികം ഒരു ഹാൻഡ്ലൂം ഇൻഡസ്ട്രിയുടെ പ്രദർശനം നടക്കുകയാണെന്നു് തോന്നിപ്പോയി. കടലാസ്സുപൂക്കളും റബ്ബർബലൂണകളുംകൊണ്ടു അലങ്കരിച്ച പ്രധാനഹാളിൻെറ ഒരു ഭാഗത്തായി നീരാബാർ തുറന്നിരിക്കുന്നു. അവിടെ നീരാമാത്രമേ കിട്ടുകയുള്ളു. ധൂമപാനത്തിനു പ്രത്യേകം ഒരു ഹാൾ. അവിടെ ബീഡിമാത്രമേ വലിക്കാവൂ. കളിക്കാനുള്ള മുറിയിൽ ചതുരംഗംമാത്രമേ കളിക്കാവൂ. അഴഗുറാം എന്നെ കാര്യമായി തന്നെ സ്വീകരിച്ചു. ഇത്തവണ അദ്ദേഹം മന്ത്രിമാരുടെ ഡ്രസ്സ്, അതായതു് നീണ്ട കോട്ടും കുടുങ്ങിയ കാലുറയുമല്ല ധരിച്ചിരിക്കു

ന്നതു്. തലയിൽ ഗാന്ധിത്തൊപ്പിതന്നെയാണു് ധരിച്ചിരിക്കു ന്നതു്. എന്നാൽ നിറത്തിൽ ചെറിയൊരു വ്യത്യാസം. ചുക ന്നാണു് നിറം. ഞാൻ കാരണം ചോദിച്ചപ്പോൾ അദ്ദേഹം പ റഞ്ഞു: "ഞാൻ കോൺഗ്രസ്സിൽനിന്നു വിട്ടുപോന്നു. ഇപ്പോഴ് സോഷ്യലിസ്റ്റ് പാർട്ടിയിൽ കടന്നുനോക്കാനാണു് പ്ലാൻ. അതിനു കഴിഞ്ഞില്ലെങ്കിൽ നേരെ കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്ക്. അവി ടേയും പ്രവേശനം നല്കിയില്ലെങ്കിൽ സ്വന്തം പാർട്ടിയുണ്ടാക്കും. ഈ മന്ത്രിമാരുടെ ക്ലബ്ബ് ഉണ്ടാക്കലാണു് ഇപ്പോഴത്തെ ജോലി. ഒരിടക്കാലപ്രവൎത്തനം. മന്ത്രിയാകാൻ തരപ്പെടാത്തനിലക്കു് വേറെയെന്തെങ്കിലും പണികൂടാതെ കഴിയില്ലല്ലോ. അതിനാൽ വളരെ ആലോചിച്ചശേഷം ആർഗനൈസ്സ് ചെയ്തതാണു് ഈ ക്ലബ്ബ്. ഇതിൽ കേന്ദ്രത്തിലോ പ്രാവിൻസുകളിലോ ഉള്ള മന്ത്രി സഭകളിൽ മന്ത്രി, ഉപമന്ത്രി, വെറുംമന്ത്രി—അതായതു് വകുപ്പി ല്ലാമന്ത്രി—മുതലായ സ്ഥാനത്തിരുന്നിരുന്നവൎക്കു് അംഗമാകാവുന്ന താണു്. എക്സ്മിനിസ്റ്റർമാരുടെ അധികാരങ്ങൾ സംരക്ഷിക്കുക, അവരെ കുടിയിരുത്തുക ഇതാണു് ഈ ക്ലബ്ബ് സ്ഥാപിക്കുന്നതിന്റെ ലക്ഷ്യം. അഭയാൎത്ഥികളെ കുടിയിരുത്താൻ പ്രത്യേകം ഒരു മിനിസ്റ്ററിതന്നെ ആവാമെങ്കിൽ പഴയ മന്ത്രിമാരെ റിഹാബിലി റേററ ചെയ്യുന്നതിന്നു ഒരു മന്ത്രി എന്തുകൊണ്ടായിക്കൂടാ എന്നാ ണു് എന്റെ ചോദ്യം."

അഴഗുറായ് ശക്തിയോടെ മേശമേൽ ഇടിച്ചുകൊണ്ടു് രൗദ്ര ഭാവത്തിൽ ഇംഗ്ലീഷിൽ പറഞ്ഞു: "There should be a separate ministry for the rehabilitation of ministers" (മന്ത്രിമാരെ പുനരധിവസിപ്പിക്കുന്നതിനു് വേറെ ത്തന്നെ ഒരു വകുപ്പ് വേണം.)

"നിശ്ചയമായും, നിശ്ചയമായും!" ഞാൻ തലയാട്ടി പെൻ സിൽ എടുത്തു നോട്ടുബുക്കിൽ കുറിച്ചുകൊണ്ടു പറഞ്ഞു. അയാൾ

എൻെറപിൻതാങ്ങലിൽ പരമസംതൃപ്തനായി എൻെറ കോട്ടിലെ ബട്ടൻ പിടിച്ചുകൊണ്ട് രഹസ്യംതുളുമ്പുന്ന ഒച്ചയിൽ പറഞ്ഞു: "എൻെറ ക്ലബ്ബിൽ മുന്നൂറോളം മെമ്പർമാർ ചേൎന്നുകഴിഞ്ഞു. അടുത്തകൊല്ലം നൂറന്നൂററമ്പതുപേർകൂടി ചേരും."

"ഇനി നിങ്ങൾ—" ഞാൻ അദ്ദേഹത്തെ ഉപദേശിച്ചു: "ഈ ക്ലബ്ബിൻെറ ഒരു ബ്രാഞ്ച് പാകിസ്താനിലും മറെറാന്ന് ഫ്രാൻസിലും സ്ഥാപിച്ചാൽ എങ്ങനെയുണ്ടാവും?"

"അഹാഹാ! നിങ്ങളുടെ അഭിപ്രായം ഒന്നാംതരംതന്നെ. പിന്നെ പഴയ മന്ത്രിമാരുടെ ഒരു അന്താരാഷ്ട്രീയ സമ്മേളനം തന്നെ നമുക്ക് വിളിച്ചുകൂട്ടാം. പാരീസിൽ. കേൾക്കാനുണ്ടോ, പാരീസിലേ?"

പാരീസ് എന്ന് ഓർത്തപ്പോൾത്തന്നെ അഴഗ്ഗറാമിൻെറ കണ്ണുകളിൽ ആനന്ദം തുളുമ്പിവന്നു. കുറേനേരം കണ്ണടച്ചു വെറുതെയിരുന്നു. അന്താരാഷ്ട്രീയ സമ്മേളനത്തിൻെറ രസമോൎത്തിട്ടെന്നപോലെ. പെട്ടെന്ന് എന്തോ ഓർത്തിട്ട് വാച്ചുനോക്കി പറഞ്ഞു: "ഓ, ഉൽഘാടനത്തിനു സമയമായി. നിങ്ങളും വരൂ ഹാളിലേക്കു്."

അദ്ദേഹം എഴുന്നേററു നടന്നപ്പോൾ ഞാനും പുറകെ ചെന്നു. ഹാളിലേക്കു് എക്സ്മിനിസ്റ്റർമാർ കൂട്ടംകൂട്ടമായി കടന്നുവന്നുകൊണ്ടിരുന്നു—എല്ലാ പ്രദേശക്കാരും എല്ലാ ജാതിക്കാരും എല്ലാ നിറക്കാരും എല്ലാ ഭാഷക്കാരും അവരിൽപ്പെടും. ഉത്തരപ്രദേശം, മദ്ധ്യപ്രദേശം, ദക്ഷിണപ്രദേശം എല്ലാ രാജ്യങ്ങളിലെയും മന്ത്രിമാർ—മെലിഞ്ഞവരും, പടുകൂററന്മാരും, തോട്ടിപോലെ നീണ്ടവരും, കുറവടിപോലെ കുറുകിയവരും—മന്ത്രിമാരുടെ ഒരുപററം: സഭ തുടങ്ങി. അഴഗ്ഗറാം റിപ്പോർട്ട് വായിച്ചു. അതിൽ അദ്ദേഹം സാധാരണ മന്ത്രിയാകുന്നതിന് മുമ്പും മന്ത്രിപദത്തിൽനിന്നു് പുറംതള്ളപ്പെട്ട ശേഷവും നേതാ

ക്കന്മാർ ചെയ്യാറുള്ളവിധം ഭരണയന്ത്രത്തെ കഠിനമായി വിമർശിച്ചു. എന്നാൽ അഴഗ്ഗറാമിൻെറ വിമർശനം വിധ്വംസാത്മകമായിരുന്നില്ല. അതിലെ മൂന്നുനാലു പോയിൻറുകൾ എനിക്കു വളരെ രസിച്ചു. ഒന്നാമതായി അദ്ദേഹം പഞ്ചവത്സര പദ്ധതിയെപ്പററി പ്രസ്താവിച്ചുകൊണ്ടു് പറഞ്ഞു:-- നാട്ടിലേയും മറുനാട്ടിലേയും ധനം ഇരുമ്പുയന്ത്രശാലകൾ ഉണ്ടാക്കുന്നതിൻെറ പേരിൽ ദുർവ്വിനിയോഗം ചെയ്യുകയാണ്. അസംസ്കൃതസാധനങ്ങൾ വിററു കൊല്ലംതോറും നമുക്കു് കോടിക്കണക്കിനു് വിദേശനാണയം നേടാവുന്നതാണു്. അതുകൊണ്ടു് ഉരുക്കുഫാക്ടറികൾക്കുവേണ്ടി ചിലവാക്കുന്ന പണം ലാഭിക്കാവുന്നതല്ലേ? കൃഷിയെപ്പററിയും അദ്ദേഹം പറഞ്ഞു: കർഷകബിൽ പരാജയപ്പെട്ടതുമൂലം അതേപ്പററി അദ്ദേഹത്തിൻെറ അഭിപ്രായം ഒരുതരം പരാജയബോധത്തോടുകൂടിയ മട്ടിലുള്ളതായിരുന്നു. ഇപ്പോൾ അദ്ദേഹം 'കൃഷിഭൂമി കൃഷിക്കാൎക്കു്' എന്ന പക്ഷക്കാരനുമല്ല. 'കൃഷിഭൂമി ജന്മിമാൎക്കു്' എന്ന പക്ഷക്കാരനുമല്ല. നേരെമറിച്ചു് 'കൃഷിക്കാർ ജന്മിമാൎക്കു്' എന്ന മുദ്രാവാക്യമാണു് ഇപ്പോൾ അദ്ദേഹം സ്വീകരിച്ചിരിക്കുന്നതു്.

ഞാൻ ഉത്സാഹംകൊണ്ടു് എടുത്തു ചാടിപ്പോയി. ആഹാ! കൃഷിപരിഷ്ക്കരണത്തേപ്പററി എത്ര അചുംബിതമായ ആശയമാണു് ഇദ്ദേഹത്തിനുള്ളതെന്നു നോക്കു. ഇങ്ങനെയുള്ള ഒരു വ്യക്തിയെ മന്ത്രിപദത്തിൽനിന്നു് നിഷ്കാസനംചെയ്തതു് നാട്ടിൻെറ ദൗർഭാഗ്യമെന്നല്ലാതെ എന്തുപറയട്ടെ. എന്നാൽ ചെയ്തുപോയ തെററു് ഭരണകൂടത്തിനു് മനസ്സിലാവാതെ വരില്ല. അവൎക്കു് ഇദ്ദേഹത്തെ വീണ്ടും മന്ത്രിസഭയിലേക്കെടുത്തു് തെററു തിരുത്തേണ്ടിവരും.

പെട്ടെന്നു സഭയാകെ കയ്യടിമുഴങ്ങി. അപ്പോഴാണു് ഞാൻ മനോരാജ്യത്തിൽനിന്നു് ഉണൎന്നതു്. അഴഗ്ഗുവിൻെറ പ്രസംഗം

അവസാനിച്ചു. ഗൽഗദാചാര്യയെ ഉൽഘാടനപ്രസംഗത്തിന്ന് ക്ഷണിച്ചതിൻെറ കയ്യടിയായിരുന്നു അതു്. ഗൽഗദാചാര്യയെ കണ്ടിട്ടു് എനിക്കു് ഒട്ടകപ്പക്ഷിയെ ഓർമ്മവന്നു. മനുഷ്യനും ഒട്ടകപ്പക്ഷിയ്ക്കും തമ്മിൽ അതിവിദൂരമായ ഒരു ബന്ധംപോലും ഇല്ലെന്നു് എനിക്കു് അറിഞ്ഞുകൂടായ്കയില്ല. ഗൽഗദാചാര്യ ഉടുതുണി ഒന്നു ശരിപ്പെടുത്തി തൊണ്ടയൊന്നു് തെളിയിച്ചു് കൈ നാടകീയമായവിധം ഇളക്കിക്കൊണ്ടു് തുടങ്ങി—"ലേഡീസ്! എൻറ് ജൻററിൽമെൻ!"

അപ്പോഴേയ്ക്കു് ക്ലബ്ബിലെ ഒരു ചപ്രാസി ഓടിക്കിതച്ചു സ്റ്റേജിലേക്കുവന്നു് ഒരു കുറിപ്പു് ഗൽഗദാചാര്യയെ ഏല്പിച്ചു. ആ ചപ്രാസി കിതയ്ക്കുന്നുണ്ടായിരുന്നു. ആകെ ഒരു പരിഭ്രമം മുഖത്തു കാണാമായിരുന്നു. ഗൽഗദാചാര്യ സന്തോഷത്തോടെ കുറിപ്പുവാങ്ങി കണ്ണട മൂക്കിലേക്കു് നീക്കിവെച്ചു് വായിച്ചിട്ടു പറഞ്ഞു—"എൻെറ പ്രസംഗം തുടങ്ങുന്നതിന്നു മുമ്പു് അത്യാവശ്യമായ ഒരു കാര്യം അറിയിക്കാനുണ്ടു്. കേന്ദ്രമന്ത്രിസഭയിൽ പ്രധാനപ്പെട്ട പല മാററങ്ങളും വരാൻപോകുന്നുണ്ടു്. വകുപ്പുകളുടെ ഭരണത്തിൽതന്നെ ചില മാററങ്ങൾ വരുത്തുന്നതിന്നുപുറമേ ഒരു പുതിയ മന്ത്രിയെക്കൂടി എടുക്കാൻ ആലോചനയുണ്ടു്. ഇന്നു ഏഴുമണിക്കു് പ്രധാനമന്ത്രിയുടെ വസതിയിൽവെച്ചു്...."

അതിനപ്പുറം ഗൽഗദാചാര്യ പറഞ്ഞതു് ആരും കേട്ടില്ല. കാരണം അതിനുമുമ്പു പഴയ മന്ത്രിമാരെല്ലാം എഴുന്നേററു് വാതില്ക്കലേയ്ക്കു് ഓടി. വാതിൽക്കൽ ഒരു തിക്കംതിരക്കം. ഓരോരുത്തനും എല്ലാവരേക്കാറം മുമ്പു് പുറത്തുകടക്കാനുള്ള വെമ്പലായിരുന്നു. ആകെക്കൂടി ഒരു ബഹളം.

"ലേഡീസ് എൻറ് ജൻററിൽമെൻ!" ഗൽഗദാചാര്യ ഒന്നുരണ്ടുതവണ വിളിച്ചു; പിന്നെ പെട്ടെന്നു് എന്തോ ഓർത്തിട്ടു്

പ്രസംഗത്തിന്ന് കുറിച്ചുകൊണ്ടുവന്നിരുന്ന നോട്ടീസ് അവിടെ ത്തന്നെ ഇട്ട് ഈ പ്രായത്തിലുള്ളവരിൽനിന്ന് പ്രതീക്ഷിക്കുക പോലും വയ്യാത്ത വേഗത്തിൽ പാഞ്ഞുചെന്ന് പഴയ മന്ത്രിമാരുടെ ഇടയിൽക്കൂടെ എങ്ങിനെയോ പുറത്തുകടന്നു.

അല്പനിമിഷങ്ങൾക്കകം മന്ത്രിമാരുടെ ക്ലബ്ബിൽ നിശ്ശബ്ദത വ്യാപിച്ചു. കസേരകൾ മറിഞ്ഞുകിടക്കുന്നു. സോഫകൾ തിരിഞ്ഞു നില്ക്കുന്നു.

ഇതാ, ഇറച്ചിയും തീർന്നു. നിങ്ങളുടെ പുറകിൽ ഇരിക്കുന്ന മന്ത്രിയുടെ ഭക്ഷണവും അവസാനിച്ചു. ഇയാൾ ഈ സമയം പ്രത്യക്ഷപ്പെട്ടതുകൊണ്ട് പഴയ കഥയോർത്തു പറഞ്ഞുപോയതാണ്. അല്ലെങ്കിൽ ഞാൻ പറയാൻപോയ കഥ മറെറാന്നാണ്. വളരെ പ്രധാനപ്പെട്ടതു്. ഒരുദിവസം പൊരിയുന്ന ഉച്ചയ്ക്ക് ഈ കുശിനിയിൽ ഇരുന്ന് ഞാൻ ...അല്ലാ, എന്തേ എഴുന്നേററു നിങ്ങൾ....? എവിടെയ്ക്കാ? ഇരിക്കുന്നു്. ഇല്ലെങ്കിൽ ബില്ല കൊടുത്തിട്ടുപോകൂ....

———

# കറ പററാത്ത ഉരുക്ക്

അയാാം ഓാഠറിൽനിന്നു് ഡി. ബസ്സിൽ കേറി മുകാംത്തട്ടിലേക്കു് കടന്നു് ഞാൻ ഇരുന്നിരുന്ന സീററിൻെറ തൊട്ടടുത്തു വന്നിരുന്നു. അയാാം വരുന്നതിന്നു മുമ്പായിത്തന്നെ അപ്പുറത്തെ സീററിൽ ഒരു തരുണി ഇരുപ്പുണ്ടായിരുന്നു. അവാം കൊളംബക്കാണു് ടിക്കററു വാങ്ങിയതു്. നേരുപറഞ്ഞാൽ അവളുടെ എതിരററ സൗന്ദര്യ്യംകണ്ടിട്ടു് കൊളാംബക്കു് ഒരു ടിക്കററു വാങ്ങുകയായിരുന്നു ഞാൻ ചെയ്യേണ്ടിയിരുന്നതു്. പക്ഷെ എന്തു പറയാനാണു് മിസ്റ്റർ, ഈ ജീവിതമാകുന്ന ഓടിക്കൊണ്ടിരിക്കുന്ന ബസ്സിനെപ്പററി? ഇവിടെ ഓരോ യാത്രക്കാരനും ചെങ്ങാതിയാണു്, സഹോദരനാണു്, ഭർത്താവാണു്, ഭാര്യ്യയാണു്.....ഒരു പക്ഷേ ഓരോരുത്തർക്കും പോകേണ്ട ഇടം വേറെവേറെയാണു്. ഓരോരുത്തരായി ബസ്സിൽവന്നിരിക്കും, ടിക്കററു് കീറിവാങ്ങും, എത്തേണ്ടിടത്തെത്തിയാൽ തലകുനിച്ചിട്ടു ഇറങ്ങിപ്പോകും. രണ്ടു ഉലച്ചിലോടെ ബസ്സു വീണ്ടും നീങ്ങും. ഇതിനിടക്കു് ആരുണ്ടു് ചോദിക്കാൻ—നീ ആരാണു്? എവിടേക്കാണു്? നമ്മാംതമ്മിൽ

ഇത്രയേ ബന്ധമുള്ളൂ. നിൻെറ മുടിയുടെ സുഗന്ധം, കടാക്ഷത്തിൻെറ ചൂട്, ശ്വാസത്തിൻെറ വാസന ഇത്രനേരം അനുഭവിക്കാനേ എനിക്ക് യോഗമുള്ളൂ? രണ്ടുലച്ചിലോടെ എല്ലാംതീൎന്നു.

അതാണ് ആ തരുണി കൊളംബക്ക് ടിക്കററ വാങ്ങിയിട്ടും ഞാൻ ഗ്രാൻറ്റോഡ് ടിക്കററവാങ്ങിയതു്. ബസ്സ്കണ്ടക്ടർ കുനിഞ്ഞു മന്ദഹാസപുരസ്സരം അവൾക്ക് ടിക്കററ കൊടുത്തിട്ട തിരിയുന്നതിനിടക്ക് ആ ഭാവമെല്ലാം എവിടെയോ ഒളിപ്പിച്ച് ഗൌരവത്തിൽ എന്നോടു ചോദിച്ചു "എവിടെക്കാ?"

"ഗ്രാൻറ് റോഡ്"

"എട്ടക്ക മൂന്നണ"

"ഓ പിടിച്ചോളൂ"

ഒരു ടിക്കററ് ഇങ്ങോട്ടു നീട്ടി. മൂന്നണ അങ്ങോട്ടു നീട്ടി. കണ്ടക്ടർ അടുത്ത സീററിലേക്ക നീങ്ങി. ഒരു തരുണിയെ കണ്ടതുകൊണ്ടുണ്ടായ ആ തിളക്കം ഇപ്പോൾ അയാളുടെ മുഖത്തുനിന്നു പറന്നുപോയിക്കഴിഞ്ഞിരുന്നു. സൌന്ദൎയ്യബോധം നാല്ക്കാലികൾക്കുമുണ്ട്. ഒരു ബസ്സ്കണ്ടക്ടർ! പാവം, യന്ത്രംപോലെ പണിയെടുക്കാൻ നിർബന്ധിതനാണ്. എത്രയായാലും അവനും മനുഷ്യനാണ്. ചിലപ്പോൾ അവൻെറ മുഖത്തും ആ ദൃഷ്ടിവിടരുന്നു. പൂപോലെ പ്രേമം സുഗന്ധം പരത്തുന്നു. നന്നായി, ബസ്സ്കണ്ടക്ടർ എന്നെ ആവിധം നോക്കിയില്ലല്ലോ. എൻെറനേരെ തിരിയുംമുമ്പ് അയാളുടെ ലജ്ജാഭാവം കലൎന്ന കണ്ണുകൾ നല്ലൊരു മൎയ്യാദക്കാരൻെറ മട്ടിൽ ഇങ്ങിനെ പറയുന്നുണ്ടായിരുന്നു. "സുന്ദരി കഷ്ടംതന്നെ. ഈ ബസ്സ് കൊളംബവരെയേ പോവുള്ളൂ. അവിടുന്നുമപ്പുറം എൻെറ വീടുവരെ പോവുമായിരുന്നെങ്കിൽ. ഞാൻ ടിക്കററ് അങ്ങോട്ട് മുറിച്ചു തരുമായിരുന്നു."

ആ ബസ്സ്കണ്ടക്ടരുടെ മട്ടുകണ്ടിട്ട് എനിക്ക് ഓൎമ്മവന്നതു് ആ എല്ലാററിലും വലിയ ബസ്സ് കണ്ടക്ടരെയാണ്—ഓരോന്നായി എല്ലാം യാത്രക്കാരേയും അതാതു് സ്ഥലത്തു് ഇറക്കിവിടുന്ന ആ

ആളെ: ഞാൻ വീണ്ടും ഓർത്തു—മൃത്യു നിശ്ചയമായും ഒരു സ്ത്രീയാണ്. പുരുഷനായിരുന്നു മൃത്യുവെങ്കിൽ ഒരു സുന്ദരിയുടെ പ്രാണനെടുക്കാൻ തുനിയുമായിരുന്നില്ല. ഒരു സ്ത്രീക്കു മാത്രമേ കണ്ടുകൂടായ്മയുടെ ഫലമായി അങ്ങിനെ ചെയ്യാൻ തോന്നുകയുള്ളു.

മൃത്യു ആണോ പെണ്ണോ എന്നു് സൂക്ഷ്മമായി അറിയാൻ വഴിയില്ലെങ്കിലും ഒരു കാര്യം തീർത്തുപറയാം. ഓദറിൽവെച്ച് എൻെറ അടുത്തു ബസ്സിൽ വന്നിരുന്നു എന്നു പറഞ്ഞ ആൾ പുരുഷനായിരുന്നു. അയാൾ ഇരുന്നതോടെ അയാളുടെ തടികാരണം അപ്പുറത്തിരിക്കുന്ന തരുണിയെ എനിക്ക് കാണാൻ വയ്യാതായി. കഴുത്തിന്നു് കുറച്ചുകൂടി നീട്ടം ഉണ്ടായിരുന്നുവെങ്കിൽ, അതു് അങ്ങോട്ടുമിങ്ങോട്ടും വളയ്ക്കാനും മടക്കാനും ഒക്കെ കഴിഞ്ഞിരുന്നെങ്കിൽ നില മാറുമായിരുന്നു. ഇങ്ങിനെയുള്ള അവസരങ്ങളിൽ ഞാൻ എന്താണ് കൊതിക്കാറുള്ളതെന്നോ? ഞാനൊരു കൊററിയായി പിറന്നിരുന്നെങ്കിൽ! ഒരു ജിറാഫോ ഒരു .......

പക്ഷെ ആ തടിയൻ എൻെറ ആലോചനകൾ അധികം നീട്ടിക്കൊണ്ടുപോയില്ല. ഏതാനും നിമിഷം അയാൾ ബസ്സിൽ അവിടെയുമിവിടെയും നോക്കിക്കൊണ്ടിരുന്നു. പിന്നെ മൂന്നാം നിലയിൽനിന്നു് താഴത്തേക്കു നോക്കുന്നതുപോലെ അയാൾ എന്നെ നോക്കി. ഞാൻ ഒന്നു ഞെട്ടി. എൻെറ ശക്തിയററ പിഞ്ചുകഴുത്തിൽ ചുററിയിരുന്ന കോളറും പഴയ ടൈയും ശരിയാക്കി. നേരുപറഞ്ഞാൽ ഈ മാതിരി നോട്ടം എനിക്കു താങ്ങാൻ വയ്യ. ഞാൻ ഗ്രാൻറ് റോഡിലുള്ള ഒരു പ്രൈവററ് സ്കൂളിലെ അദ്ധ്യാപകനാണു്. ചരിത്രവും ഭൂമിശാസ്ത്രവും പ്രകൃതിപാഠവും ആണു് ഞാൻ പഠിപ്പിക്കുന്ന വിഷയങ്ങൾ. ചിലപ്പോൾ പൌരധർമ്മവും, കണക്കും, ഇംഗ്ലീഷും പഠിപ്പിക്കേണ്ടിവരാറുണ്ട്. ശമ്പളം അറുപത്തഞ്ച് ഉറുറിഞ്ചവതിൻെറരസീതി.

മൂപ്പതു കൊല്ലമായി ഇതേ സ്കൂളിൽ ഇതേ ശമ്പളത്തിന്നു സേവനം നടത്തിവരുന്നു, സംസ്കാരംകൊണ്ടു നോക്കിയാൽ ഞാൻ മനുഷ്യരിൽ പെടും. പ്രകൃതിശാസ്ത്രവിദഗ്ദ്ധരിൽ എന്നെ വേണമെങ്കിൽ കണക്കാക്കാം. ശമ്പളംകൊണ്ടു നോക്കിയാൽ എനിക്കു് ധനശാസ്ത്രത്തോടാണു് ബന്ധം. ക്ലാസിൽ വിദ്യാർത്ഥികൾ ഭീഷണിപ്പെടുത്താറുണ്ടു്. പുറത്തു് ഹെഡ്മാസ്റ്ററും, മാനേജരും, ഭാര്യയും കണ്ണുരുട്ടാറുണ്ടു്. ഈ മാതിരി നോട്ടം ദിവസേന എതിരിടേണ്ടിവരാറുള്ളതിനാൽ കണ്ട ഉടനെ എനിക്കു് അതു തിരിച്ചറിയാൻ കഴിയും. ഇപ്പോഴും ഞാനതു തിരിച്ചറിഞ്ഞു പെട്ടെന്നു്. അതു് എന്നോടു പറയുന്നപോലെ തോന്നി. "എടാ ചെററേ, ചവറേ, ചെളുക്കേ, നിനക്കു് എൻെറ ഒപ്പം സീററിൽ വന്നിരിയ്ക്കാൻ ചങ്കുറപ്പുണ്ടായോ?"

ആ നോട്ടത്തിന്നു മറുപടിയായി ഞാൻ ചിരിച്ചു. അതു് തെളിമ തീരെ പോരാത്ത നാണംകുണുങ്ങിയ ഒരു വിഡ്ഢിച്ചിരി ആയിരുന്നു. ആ ചിരിയിലൂടെ ഞാനിങ്ങിനെ പറയുകയായിരുന്നു: "പോട്ടെ മിസ്റ്റർ, എന്തിനാണു് ഇടയുന്നതു്? പാവമാണു് ഞാൻ. കുത്തിയിരുന്നോട്ടെ. ഗ്രാൻറ്റോഡ് വന്നാൽ ഇറങ്ങിപ്പൊയ്ക്കോളും. നിങ്ങൾക്കു് ഒരു 'ദേമാനവും' വരുത്തുല. ഇങ്ങിനെ തുറിച്ചുനോക്കാതിരിക്കു. ഓ, ഇത്തിരി നീങ്ങിയിരുന്നേക്കാം."

ഞാൻ ഒന്നും പറഞ്ഞില്ല. എൻെറ ഇരുപ്പിടത്തിൽ ചൂളിച്ചുരുണ്ടു് ഇരുന്നു. അയാളുടെ കാലുകൾ പരന്നു. അയാൾ മൂക്കു് വിടർത്തിക്കൊണ്ടു ചോദിച്ചു: "എന്തായി സമയം?"

ഞാൻ അതിവിനയത്തോടെ മറുപടി പറഞ്ഞു: "എൻെറ കയ്യിൽ വാച്ചില്ല."

"അതു ശരി!" ആ മനുഷ്യൻെറ വാക്കുകളിൽ അറപ്പു വളർന്നുകൊണ്ടിരുന്നു, പ്രമേഹത്തിനു പഞ്ചസാരപോലെ. അയാൾ

വിരൽ കാട്ടി കണ്ടക്ടരെ അടക്കെ വിളിച്ച് അയാളോടും ചോദി ച്ച സമയം. കണ്ടക്ടർ സമയം പറഞ്ഞപ്പോറം ആ മനുഷ്യൻ തൻെറ സ്വർണ്ണവാച്ച് നോക്കിയിട്ട പറഞ്ഞു:

"നിങ്ങടെ വാച്ച തെററാണ്."

"ആയിരിക്കാം മിസ്റ്റർ"

"ആയിരിക്കാം എന്നല്ല" അയാറം ഉറച്ച സ്വരത്തിൽ പറ ഞ്ഞു: "അതെ, നിങ്ങറം ബസ്സ് കണ്ടക്ടരാണ്. എന്നിട്ടു് തെററാ യ വാച്ചാണ് കെട്ടിക്കൊണ്ടനടക്കണതു്? അതാണ് ബസ്സെല്ലാം വൈകിവരണതു്. ഈ ബസ്സ് ഠൌറിലെ സ്റ്റാമ്പിൽ അഞ്ചു മിനുട്ട വൈകിയാണ് വന്നതു്. നിങ്ങറംക്ക് യാത്രക്കാരെപ്പററി തീരെ ശ്രദ്ധയില്ല. നമുക്ക അത്ര നഷ്ടമാണ് നേരിടുന്നതു്."

"ഇതും ഒന്നാലോചിക്ക" കണ്ടക്ടർ പറഞ്ഞു. "മഴക്കാ ലമാണ്. തോരാത്ത മഴ. ഫുറം സ്പീഡിൽ വണ്ടി വിട്ടാൽ എന്തെല്ലാം ആപത്തുകറം വരാം. അഞ്ചു മിനിട്ട വൈകിയി ട്ടായാലും മര്യാദക്ക് കുടുംബത്തിലെത്താമല്ലോ മിസ്റ്റർ."

കണ്ടക്ടർ ഇതു പറഞ്ഞപ്പോറം ചിലർ ചിരിച്ചു. എനിക്ക ധൈര്യം വന്നില്ല. കാരണം ആ മനുഷ്യൻ എന്നെ മുട്ടിയാണ് ഇരിക്കുന്നതു്. പക്ഷെ കണ്ടക്ടരുടെ വാക്കകേട്ട് അയാളും ഒന്നു ശാന്തമായി. അയാറം പറഞ്ഞു "എന്താ സ്പീഡെടുത്താൽ? നിശ്ചയമായും സ്പീഡെടുക്കാം. പക്ഷെ റോഡു കണ്ടില്ലേ, കുണ്ടും കുഴിയും. വേഗം ഓടിച്ചാൽ വണ്ടിയുടെ ഏക്സിൽകൂടി ഒടിയും. ഓ, ഇപ്പോറംതന്നെ മാട്ടുംഗയിൽനിന്നു് ഠൌറിലെത്തുന്നതിന്നി ടയ്ക്കു് എൻെറ വണ്ടിക്ക് ഏക്സിഡൻറ് ഉണ്ടായി. നായിൻെറ മക്കാറ! എവിടെ നോക്കിയാലും ചതി."

പിന്നേയും അയാറം കുറെ തെറികറം പറഞ്ഞു. ആറം കോ പിച്ചിരിക്കുന്നപോലെ തോന്നി. അയാളുടെ മുഖം കരുവാളിച്ച്

വസൂരിക്കല നിറഞ്ഞിരുന്നു. കറുത്ത മുടി, തിങ്ങിനില്ക്കുന്ന പുരികം അടിമുടി ഒരേവണ്ണം. ഉടുത്തിരിക്കുന്ന ധോത്തി തുളച്ച് എഴുന്നുനില്ക്കുന്ന തുടയിലെ രോമങ്ങൾ കരടിയുടെ പൂടപോലെ.

കണ്ടക്ടർ ചോദിച്ചു: "എവിടെക്കാ?"

"ബോംബെ സെൻട്രൽ"

"രണ്ടര അണ"

അയാൾ തൻെറ വലിയ പണസഞ്ചി തുറന്നു. വലിയ സഞ്ചി. ഈ സഞ്ചിയേക്കാൾ ചെറുതാണ് എൻെറ വീട്. അതിലാണ് ഞാൻ, ഭാര്യ, അഞ്ചുകുട്ടികൾ, ഒരു വയസ്സിതള്ള— ഇത്രയും പേർ പാർക്കുന്നത്. ഞാൻ അമ്പരന്നു നോക്കി, സഞ്ചിയിലേക്ക്. എന്തൊരു വലിപ്പം സഞ്ചിക്ക്! എത്ര മുറികൾ! ഒരു മുറി ആയിരത്തിൻെറ നോട്ടുകൾക്ക്. ഒന്നു നൂറുറുപ്പികയുടെ നോട്ടുകൾക്ക്. പത്തിൻേറതിനും അഞ്ചിൻേറതിനും പ്രത്യേക മുറികൾ. ചില്ലറകൾക്കു വേറെ മുറി. നോട്ടുകൾകൊണ്ടു തിളങ്ങുന്ന ആ സഞ്ചി ഒരു വിശാലമായ കൊട്ടാരംപോലെ തോന്നി. ഞാൻ അതിലേക്ക് നോക്കിക്കൊണ്ടേ ഇരുന്നു. ആ സുന്ദരിയായ തരുണിയെ നോക്കിയപോലെതന്നെ.

ഞാൻ മനസ്സുകൊണ്ടു കണക്കുകൂട്ടി. മുപ്പതുകൊല്ലം വാധ്യാരുടെ പണി നോക്കി കൊല്ലത്തിന്നു മാസം പന്ത്രണ്ടാണെങ്കിൽ മുപ്പതുകൊല്ലത്തിന്നു മുന്നൂററിഅറുപതു മാസം ആയില്ലേ? മാസം തോറും അമ്പതുറുപ്പിക ശമ്പളം. അങ്ങിനെ എനിക്കു മുപ്പതിനായിരത്തിഅറുനൂറുറുപ്പിക കിട്ടിയിട്ടുണ്ട്. അതിലധികം തുക ഈ സേട്ടു സ്വന്തം സഞ്ചിയിൽ കൊണ്ടുനടക്കുന്നുണ്ട്. എൻെറ ജീവിതം മുഴുവൻ ആ സഞ്ചിയിലടങ്ങിയിരിക്കുന്നു. സേട്ടു ചില്ലറമുറിയിൽനിന്നു് രണ്ടരയണ എടുത്തു കണ്ടക്ടർക്ക് കൊടുത്തു് സഞ്ചി കീശയിൽ വെച്ചു. പെട്ടെന്നു് ഞാൻ അയാളുടെ കീശയിൽ കുടുങ്ങിയപോലെ എനിക്കു തോന്നി. അതോടെ അയാ

ളുടെ നോട്ടത്തിൻെറ അത്ഥം എനിക്കു മനസ്സിലായി. പുറമെയുള്ള അത്ഥമല്ല, ആന്തരാത്ഥം. സമുദായത്തിലെ ഒളിഞ്ഞിരിക്കുന്ന ആ അറയ്ക്കുന്ന രഹസ്യം ഓരോ പുസ്തകവും അതിൻെറ വായനക്കാരിൽനിന്നും ഓരോ പത്രവും അതിൻെറ വരിക്കാരിൽനിന്നും ഓരോ ഉദ്യോഗസ്ഥനും തൻെറ ഡിപ്പാർട്ടുമെൻറുകാരിൽനിന്നും മറയ്ക്കാൻ കൊതിക്കുന്ന രഹസ്യം—"നീ എൻെറ കീശയിലാണു്, നീഎൻെറ കീശയിലാണു്."

കീശയിൽ സഞ്ചിവെച്ച് പരിഭ്രമത്തോടെ സേട്ടു എന്നെ സൂക്ഷിച്ചു നോക്കി ചോദിച്ചു: "എവിടെയാണു് ജോലി?"

"ഗ്രാൻറ്റോഡിലുള്ള ഒരു പ്രൈവററ്സ്കൂളിലെ ടീച്ചരാണു് ഞാൻ."

"ടീച്ചറായിട്ട് ഒരു വാച്ച് വാങ്ങിയില്ലെങ്കിൽ നേരത്തിന്നു സ്കൂളിലെങ്ങിനെയാണു് എത്തുക? കുട്ടികളെ എങ്ങിനെയാണു് പഠിപ്പിക്കുക?" അയാറം മുഖം ക്രമത്തിലേറെ വിരൂപമാക്കിക്കൊണ്ടു പറഞ്ഞു. അതിന്നു മുമ്പും അയാളുടെ മുഖം അത്ര സുഖമുള്ളതായിരുന്നില്ലെന്നുവെച്ചോളൂ.

"ഇവിടെയുള്ള ഓരോരുത്തരും കുഴിമടിയന്മാരാണു്. ആൎക്കും നാടു നന്നാവണമെന്നു വിചാരം ഇല്ല." ഞാൻ ദുർബ്ബലമായ സ്വരത്തിൽ പറഞ്ഞു: "ഞാൻ ശരിക്കു് പുറപ്പെട്ടതാണു്, രണ്ടു ബസ്സിൽ ഇടംകിട്ടിയില്ല. മൂന്നാമത്തേതിൽ കേറിയപ്പോഴം മഴ തുടങ്ങി. വഴുക്കൽപേടിച്ചു ഡ്രൈവർ വണ്ടി പതുക്കെ വിട്ടു. എന്താ ചെയ്യുക?"

"എന്താ ചെയ്യുകാന്നോ? പിഴയിടണം പിഴ. നിങ്ങളെപ്പോലുള്ള കൂട്ടൎക്കു—എന്നെ കണ്ടോ? എനിക്കു കുർളയിൽ സ്റ്റേയിൻലസ്സ്സ്റ്റീൽ ഫാക്ടറിയുണ്ടു്. ഇരുനൂററിഅമ്പതു പേരുണ്ടു് വേലക്കാർ. എന്നാൽ ഒരു മിനിട്ടെങ്കിലും വൈകിവരാൻ ആൎക്കെങ്കിലും ധൈര്യപ്പെടുമോ? പിഴയിടും, ഡിസ്മിസിററിൽ

KOTTAYAM PUBLIC LIBRARY KOTTAYAM
KOTTAYAM
80431

നിന്നു പണം പിടിക്കും, ഓവർടൈം പണിയെടുപ്പിക്കും. പക്ഷെ ഇവിടെ ആരോടു പറയാനാ?'' സേട്ടു ശുണ്ഠിയോടെ വാച്ചിലേക്കു നോക്കി. പിന്നെ ബോംബെ സെൻട്രലിലെ വലിയ കെട്ടിടത്തിൽ വെച്ചിരിക്കുന്ന മണിയുമായി സമയം ഒത്തുനോക്കിയിട്ട് ഒരു മഹാദീർഘശ്വാസത്തോടെ പറഞ്ഞു. ''എനിക്ക് പത്തു മിനുട്ടു വൈകി, എൻെറ അപ്പാർട്ട്മെൻറിൽനിന്നു്.''

''അതുകൊണ്ടെന്തു പററി?'' ഞാൻ മുഖസ്തുതി പറഞ്ഞു ''നിങ്ങളെപ്പോലുള്ള സേട്ടുമാര് എപ്പോളെത്തിയാലും ആളുകൾ കാത്തിരുന്നോളും.''

''കാത്തിരുന്നാലും സമയം നഷ്ടപ്പെടും മിസ്റ്റർ!'' സേട്ടു എന്നെ വെറുപ്പോടെ നോക്കിക്കൊണ്ടു പറഞ്ഞു ''എനിക്ക് എൻെറ ബിസിനസ്സിൽനിന്നു് ഓരോ മിനുട്ടിനും അഞ്ചുറുപ്പിക ലാഭം കിട്ടുന്നു. പത്തുമിനുട്ടു നഷ്ടപ്പെട്ടാൽ കരുതിക്കോളൂ അമ്പതുറുപ്പിക ചേതം. സമയം പണമാണ് മിസ്റ്റർ, സമയം പണമാണു്.''

സമയത്തിനെസ്സംബന്ധിച്ചേടത്തോളം പലക്കും പല അഭിപ്രായമാണ്. സമയം പണമാണു്. സമയം സൃഷ്ടിയുടെ നാലതിരാണു്. സമയം ത്രികാലങ്ങളെ കേന്ദ്രമാക്കി തിരിയുകയാണു്. സമയം ഒരു വൃദ്ധനാണ്. അതിനെ മുടിയിൽ പിടിച്ചാലേ നിർത്താനൊക്കുള്ളു. ചിലക്കു സമയം പ്രഥമചുംബനമാണെങ്കിൽ ചിലക്കു അന്തിമനിമിഷമാണ്. ചിലക്കു ഒരു സൂചിയാണെങ്കിൽ ചിലക്കു സിംഹാസനമാണു്. നേരു പറഞ്ഞാൽ സമയം ഒരു പണസ്സഞ്ചിയാണ്. അതിൽ ഒരു അദ്ധ്യാപകൻെറ മുപ്പതു കൊല്ലത്തെ ജീവിതം അടച്ചിട്ടിരിക്കുന്നു.

ഞാൻ അത്യാശ്ചര്യത്തോടെ ചോദിച്ചു: 'സേട്ടു എന്താണീ സ്റ്റെയിൻലസ്സ് സ്റ്റീൽ? നിങ്ങടെ ഓരോ മിനിട്ടിനും അഞ്ചുറുപ്പിക വീതം സമ്പാദിക്കുന്നുവെന്നു പറഞ്ഞ ഈ സാധനം?''

“ഒരു ടീച്ചറായിട്ട് ഇതറിഞ്ഞുകൂടാ? നിങ്ങളൊക്കെ എന്തു തേങ്ങാപിണ്ണാക്കാ ഹേ സ്കൂളിൽ പിള്ളേരെ പഠിപ്പിക്കണേ? മണ്ടഗുണശാ, സ്റ്റേയിൻലസ്സ് സ്റ്റീൽ എന്നു പറഞ്ഞാൽ കറപിടിക്കാത്ത ഉരുക്ക്. അതിൽ തുരുമ്പു കേറില്ല. പാത്രങ്ങളും ഉണ്ടാക്കാം. എൻെറ കയ്യിലെ വാച്ച കണ്ടോ? ഇതും ഇത്തരം ഇരുമ്പിൻേറതാണ്. കറപററില്ല ഇതിൽ, മണ്ണിലെറിഞ്ഞാലും വെള്ളത്തിൽ താഴ്ത്തിയാലും അനങ്ങില്ല.”

“കൊള്ളാമല്ലോ സാധനം? ഇതൊക്കെത്തന്നെയേ ഇതുകൊണ്ട് ഉണ്ടാവുള്ള?”

“അല്ല,” സേട്ടു എൻെറ അറിവില്ലായ്മയിൽ പുച്ഛിച്ചുകൊണ്ടു പറഞ്ഞു: “നൂറകണക്കിനു സാമാനങ്ങളും ഉണ്ടാക്കാം.”

“അപ്പോഴും മനുഷ്യരും ഉണ്ടാക്കപ്പെടുന്നുണ്ടോ ഇതുകൊണ്ട്?” ഞാൻ ആശയോടെ ചോദിച്ചു.

“എന്നുവെച്ചാൽ –?” അയാറം ഞെട്ടി.

“ഒന്നിൻേറയും പ്രതികരണമേല്ലാത്ത മനുഷ്യൻ—സ്റ്റെയിൻലസ്സ് സ്റ്റീലുകൊണ്ടു് ഉള്ളതു്?” ഞാൻ വ്യക്തമാക്കി,

അയാറം എന്നെ ആശ്ചയ്യത്തോടെ നോക്കി. ഞാൻ അയാളുടെ തുടയിൽ കൈവെച്ചുകൊണ്ടു പറഞ്ഞു: “സേട്ടു, നിങ്ങളേയും സ്റ്റെയിൻലസ്സ് സ്റ്റീലുകൊണ്ടുണ്ടാക്കിയതാണെന്ന് എനിക്കു തോന്നുന്നു. അത്തരം മനുഷ്യനാണ് നിങ്ങറം. ഒരു കറവുമില്ല. സത്യവാൻ, ബുദ്ധിമാൻ, ഉറച്ചവൻ, കൃത്യനിഷ്ഠയുള്ളവൻ. നേരാണു് പറയുന്നതു ഞാൻ. എനിക്കു് ആവുമെങ്കിലില്ലേ, നിങ്ങളെ ഞാൻ ഇന്ത്യയുടെ ഡിക്റ്റേററാക്കും.”

അയാറംക്കു സന്തോഷമായി, പറഞ്ഞു: “രണ്ടു കൊല്ലംകൊണ്ടു ഞാൻ ഇന്ത്യയെ ആകെ മാററിമറിക്കില്ലേ? നാടാകെ ഒരു ഫേക്റ്ററിപോലെ പണിയെടുക്കും. ഓരോ മനുഷ്യനും ഒരു

യന്ത്രംപോലെ നടക്കും. രണ്ടു ദിവസംകൊണ്ടു് എല്ലാത്തിനേയും പഠിപ്പിക്കും എന്തുചെയ്യട്ടെ! എവിടെ നോക്കിയാലും ജനകീയഭരണം. ജനകീയമെന്ന വാക്കേ കേൾക്കാനുള്ളു.''

അപ്പോഴേക്കു് ഗ്രാൻറ്റോഡ് സ്റ്റേഷൻ വന്നു. ഞാൻ ഇറങ്ങി. അയാളും കൂടെ കിഴിഞ്ഞു. ഞാൻ പെട്ടെന്നു് ഓർത്തിട്ടു് തിരിഞ്ഞുനിന്നു ചോദിച്ചു: ''സേട്ടു, എന്നോടു വർത്തമാനം പറഞ്ഞു പറഞ്ഞു് ഇവിടെ ഗ്രാൻറ്റോഡ് സ്റ്റേഷനിലാണല്ലോ ഇറങ്ങിയതു്. നിങ്ങൾക്കു് ഇതിന്നുമുമ്പിലത്തെ സ്റ്റേഷനിൽ, ബോംബെ സെൻട്രലിൽ അല്ലേ ഇറങ്ങേണ്ടിയിരുന്നേ?''

അയാൾ ചിരിച്ചുകൊണ്ടു പറഞ്ഞു: ''അല്ല, വാസ്തവത്തിൽ ഗ്രാൻറ്റോഡിൽതന്നെയാണു് എനിക്കു് ഇറങ്ങേണ്ടതു്. എന്നും ഇവിടെതന്നെയാണു് ഇറങ്ങാറ്. ഒരു രണ്ടരയണ ടിക്കററു് ബോംബെ സെൻട്രലിലേക്കു് വാങ്ങും. ഇവിടെ വന്നിട്ടേ ഇറങ്ങാറുള്ളു. എന്നും ടിക്കററുവകയിൽ അരയണ ലാഭിക്കുന്നു. ഇവിടെ ആരാ ഇതൊക്കെ നോക്കാൻ?''

ഇത്രയും പറഞ്ഞു് അയാൾ കണ്ണു് ഇറുക്കിക്കാണിച്ചു് വേഗം വേഗം നടന്നു് വളവിലേക്കു് തിരിഞ്ഞു.

———

# വാക്സിനേററർ

ഞാൻ എഫ്. ഏ. ക്കു തോററതിൽ പിന്നെ വാക്സിനേറ്ററായിട്ട് ഈ ഗ്രാമത്തിൽ വന്നപ്പോറം എന്നെ ഏററവുമധികം ആകർഷിച്ചതു് രേശമയാണു്. രേശമയുടെ സൌന്ദര്യത്തെ പുകഴ്ത്തിക്കൊണ്ടു പലരും സംസാരിക്കുന്നതു് ഇതിനു മുമ്പും ഞാൻ കേട്ടിരിക്കുന്നു. വിശേഷിച്ചും ഞാൻ പിംഡോർ എന്ന ഈ ഗ്രാമത്തിലേക്കു കീറിവെപ്പുകാരൻെറ പണിയിൽ പ്രവേശിക്കാൻ വരികയാണെന്നു് പോരുന്ന വഴിക്കു വെച്ചു കണ്ടുമുട്ടിയ പോലീസ് സർജ്ജൻറു് അറിഞ്ഞപ്പോറം എന്നോടു പറഞ്ഞു. പിംഡോറിലെ പ്രകൃതിസുഭഗമായ പൎവ്വതസാനുവിൽ പലതുമുണ്ടു്, നോക്കാനും കാണാനും കൊള്ളാവുന്നതായി. ലക്ഷ്മണകുണ്ഡം—അതിൻെറ ആഴം ഇംഗ്ലീഷുകാരും കണ്ടിട്ടില്ല. ജാഗീൎദാറിൻെറ ഭവനത്തിലെ വെയിലുതട്ടി തിളങ്ങുന്ന ചതുരൻ താഴികക്കുടം—ഇപ്പോറം ആ ഭവനത്തിൽ ആരും താമസമില്ല. ജാഗീർദാർമാരോ അയാളുടെ അതിഥികളോ അയാളുടെ മക്കളോ

നായാട്ടിന്ന് ആ ഇടങ്ങളിലേയ്ക്കു് വരുമ്പോൾ അവിടെയാണ് താമസിക്കുക എന്നുമാത്രം. പുളിയ്ക്കുന്ന മാതളനാരകങ്ങളുടെ കാട്ടുകൾ, കാട്ടുആപ്പിളുകൾ, പേരമരങ്ങൾ ഇതെല്ലാം സുഭിക്ഷമായി ക്കാണാം, കാട്ടുറോസകൾ പ്രേയസിയുടെ ബാഹുപാശം കണക്കെ ഈ കായ്ച്ചുനില്ക്കുന്ന മരങ്ങളിൽ ചുററി പടന്നുനില്ക്കും. അവയുടെ മടിയിൽ മുക്കുററിപൂക്കൾ അനുനിമിഷം ചിരിച്ചും നാണിച്ചും നില്ക്കുന്നുണ്ടാവും. അതെ, അങ്ങിനെ പലതുമുണ്ട് കാണാൻ, പിംഢാറിലെ പർവ്വതസാനുക്കളിൽ. എന്നാൽ നിങ്ങൾ അവിടെ ചെന്നിട്ട് രേശമയെ കണ്ടില്ലെങ്കിലിദല്ല, നിങ്ങൾ ഒന്നും കണ്ടില്ലെന്നു കുട്ടിക്കേൾക്കുകയേ വേണ്ട.”

“നേരോ?” ഞാൻ പതുക്കെ ചോദിച്ചു.

“ദൈവത്താണ് സത്യം” സർജൻറ് ഒരു ദീർഘശ്വാസത്തോടെ പറഞ്ഞു. എന്നിട്ട് കുതിരമേൽ കയറി യാത്രയായി.

എനിയ്ക്കു പൂർണ്ണവിശ്വാസം വന്നില്ലെങ്കിലും രേശമയെ കാണാനുള്ള കൊതി എൻെറ മനസ്സിനെ എന്തെന്നില്ലാതെ ശല്യപ്പെടുത്തി. അങ്ങിനെയുമുണ്ടാകുമോ ഒരു തിലോത്തമ? ഈ പോലീസുകാരുടെ വാക്ക് അത്രക്കൊക്കെയേ വിശ്വസിക്കാവൂ. പോരെങ്കിൽ പെണ്ണുങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ ധാരണ ഓരോ പെണ്ണും ഓരോ കിന്നരിയാണെന്നാണ്. വെറും മൺപാവ മുമ്പിൽവെച്ചുകൊടുത്താലും ഈ അഭിപ്രായമാണവർക്കുള്ളതു്.

ഇപ്പോൾ എൻെറ സ്ഥിതി വൃദ്ധനായിട്ടും ഞാൻ യുവാവാണെന്നു നടിച്ചു തലയെടുത്തുപിടിച്ചു നടക്കുന്ന ആ കോഴിയുടേതു പോലെയായി. എന്നാലും ആദ്യമായി ഞാനവിടെ ചെന്നപ്പോൾ എൻെറ നിറവും മുഖവും കണ്ടിട്ട് പലർക്കും എന്നോടു “കുശുമ്പ്” തോന്നിയിരുന്നു, ഒരു കാര്യത്തിൽ സംശയമുണ്ടായിരുന്നില്ല. ആയിടയ്ക്കു് ഗ്രാമത്തിൽ എന്നെപ്പോലെ അത്ര അണിഞ്ഞൊരുങ്ങിനടക്കുന്ന ചെറുപ്പക്കാരൻ വേറെ ഉണ്ടായിരുന്നില്ല.

പുറമെ എൻട്രൻസ്പാസ്, ഉടുക്കുന്നതു് വെള്ള സില്ക്കു കാലുറ. പതിനൊന്നുറുപ്പിക ശമ്പളം. തലയിൽ കോഴിവാലൻ തലപ്പാവ്, കാലിൽ ചിത്രപ്പണിയുള്ള ചെരുപ്പ്, മൂക്കിനു താഴെ മീശ, സൈക്കിളിൻെറ ഹാൻറിൽപോലെ വളഞ്ഞുനില്ക്കുന്നതു്. പക്ഷേ ഒന്നുണ്ടു്, അതു് എൻെറ നല്ലകാലത്തെക്കഥയാണു്. നല്ല ചെറുപ്പമായിരുന്നപ്പോളത്തെ. ഇപ്പോളാകട്ടെ യൗവനമാകുന്ന വസന്തം ഗ്രീഷ്മമായി മാറിയിരിക്കുന്നു.

എൻെറിഷ്ടം, എന്തൊരു കാലമായിരുന്നു അതൊക്കെ! കഷ്ടം! നിങ്ങൾ എന്നെ എൻെറ ചെറുപ്പത്തിൽ ഒന്നു കാണേണ്ടതായിരുന്നു ഗാലിബിൻെറ ഒരു പദ്യം എനിക്കു് വളരെ പിടിച്ചു. ആ പദ്യം ചൊല്ലാം ഞാൻ. ആ പദ്യം ......ച്ഛി! കഷ്ടമേ, അതിപ്പോൾ ഓർമ്മയിൽ വരുന്നയില്ല. തലയാകെ........ ഓ, നാവിലിരിക്കുന്നുണ്ടന്നേ! അല്ലെങ്കിൽ വേണ്ട, പോട്ടെ...

അപ്പോൾ ഞാൻ രേശമയെപ്പററിയല്ലേ പറഞ്ഞുവന്നതു്? രേശമയെപ്പററി ഞാൻ എന്തു പറയട്ടെ?

രേശമയുടെ കണ്ണുകൾ, ആ നീലമിഴികളുടെ അളവററ അഗാധത—ആ കണ്ണുകൾ ഉയൎന്ന ഏതോ പൎവ്വതത്തിൻെറ, മനുഷ്യർ കാലെടുത്തുകുത്താത്ത ഉയൎന്ന കൊടുമുടിയിൽ ഉള്ള രണ്ടു തടാകം പോലെയാണു്. രേശമയുടെ നാണിക്കുന്ന, ലജ്ജിക്കുന്ന ചുണ്ടുകൾ, തൻെറ ഭംഗിയിൽ സ്വയം ലജ്ജിക്കുന്നപോലെ അവളുടെ കോമളമായ കൈകൾ; വെളുത്ത വിരലുകൾ, കാട്ടുറോസിൻെറ മൊട്ടുപോലെ സുഭഗമാണു്. അവളുടെ നടപ്പ്—വസന്തദേവത തൻെറ സമസ്തമനോഹാരിതയും സൌന്ദൎയ്യവും വഹിച്ചുകൊണ്ടു് വായുവിൻെറ മന്ദസഞ്ചാരത്തിൽ കുഴഞ്ഞെത്തുന്നപോലെ, അവളും ശബ്ദം ദേവദാരുവനങ്ങളിൽക്കൂടെ ചുററിനടക്കുന്ന ഇടയൻെറ ഓടക്കുഴൽപോലെ മധുരം! തണുത്ത അരുവിയുടെ സ്വ

രംപോലെ ആകർഷകം. കഴുത്ത് ഏതോ ഒരു കവി പാടിയ പോലെ. എന്താ പാടിയിരിക്കുന്നതെന്നു തല്ക്കാലം ഓർമ്മയില്ല' നോക്കു, എൻെറ ഓർമ്മശക്തി എത്ര ക്ഷീണിച്ചിരിക്കുന്നു! ഒരു വസ്തും ഓർമ്മയില്ലാതായി. ഞാൻ പണ്ടെഴുതിയ കവിതകളുംപോലും മറന്നു. അന്നൊക്കെ എനിക്ക് എന്തൊരു ഓർമ്മശക്തിയായിരുന്നുവെന്നോ?

അപ്പോഠം ഇതാണ് രേശമ. പിംഡോറിലെ സുന്ദരമായ താഴ്വരത്തെ സുന്ദരി അവഠം അപൂർവ്വവസ്തുതന്നെ, സംശയമില്ല അകലെയകലെനിന്നുപോലും ആളുകഠം അവളെ കാണാൻ വന്നിരുന്നു. ദിവസേനയെന്നപോലെ അവളുടെ അച്ഛൻെറ അടുക്കൽ അവളെ സംബന്ധം ചെയ്യാനുള്ള അപേക്ഷകഠം വന്നിരുന്നു. ചിലർ അഞ്ഞൂറും ചിലർ ആയിരവും ഒരു വീരൻ മൂവ്വായിരവും ഉറുപ്പിക കൊടുക്കാൻ ഒരുക്കമായിരുന്നു. എന്നാൽ അവളുടെ അച്ഛനു് ഒരുപക്ഷെ "ഇല്ല" എന്ന മറുപടി പറയാനേ അറിയാമായിരുന്നുള്ളു. "ആലോചിക്കാം" എന്ന മറുപടി ആരോടെങ്കിലും ആയാഠം പറയുന്നതു കേട്ടിട്ടില്ല--അതല്ലേ പറയേണ്ടു. ആ മനുഷ്യൻ എന്താ വിചാരിച്ചിരിക്കണതെന്നു് ആരു കണ്ടു. വല്ല സുൽത്താന്മാക്കും കെട്ടിക്കൊടുക്കണമെന്നായിരിക്കാം മൂപ്പരുടെ ഉന്നം അവഠം അതിനു യോഗ്യതയുള്ളവഠംതന്നെ. അതും പറയാതെ വയ്യല്ലോ.

എന്നാൽ ഞാൻ പറഞ്ഞില്ലേ. ഈ ചെറുപ്പകാലം ഇല്ലേ, ഒരു വല്ലാത്ത ബാധയാണ്. ചെറുപ്പകാലത്തെ പ്രേമമാണെങ്കിൽ അതാണു് അതിലേറെ അപകടം. ഞാൻ രേശമയെക്കണ്ട അന്നേ കണക്കാക്കി, ഞാൻ രേശമയ്ക്കുള്ളവനാണു്. രേശമ എനിയ്ക്കുള്ളതാണ്. ഒരു കാര്യം ഞാൻ അപ്പോഠംതന്നെ ഉറച്ചു. അവളുടെ അച്ഛൻെറ കഥ കഴിച്ചിട്ടായാലും കല്യാണം ഞാൻ രേശമയുടെ കൂടെയല്ലാതെ കഴിയ്ക്കില്ല. ഞാൻ ഗ്രാമത്തിലുള്ള എല്ലാത്തി

നേയും തട്ടും ഗ്രാമം ചുട്ടുകരിയ്ക്കും. രേശമ നോക്കിനില്ക്കെ നദിയിൽ ചാടി ആത്മഹത്യ ചെയ്യും. പക്ഷെ ജാഗിർദാറിൻെറ മകൻതന്നെ വന്നാലും ഞാൻ രേശമയെ തൊടാനനുവദിയ്ക്കില്ല. ചെറുപ്പത്തിൽ ആളുകൾ എന്തെല്ലാം വിചിത്രമായ കാര്യങ്ങൾ ചിന്തിയ്ക്കുന്നു. അപകടംപിടിച്ച, അർത്ഥമില്ലാത്ത മൂഢത നിറഞ്ഞ കാര്യങ്ങൾ!

അങ്ങിനെ രേശമയുടെ പ്രേമത്തിനുവേണ്ടി ഞാൻ ജീവൻ പണയംവെച്ചു. ആളുകളെ കീറിവെയ്ക്കുന്ന പണിയുണ്ടോ നടക്കുന്നു? സദാ രേശമയുടെ പിന്നാലെ നടക്കും. അവൾ അരുവിയിൽ വെള്ളംമുക്കാൻ ചെല്ലുമ്പോൾ ഞാൻ നേരത്തെ ചെന്നു ഹാജരാവും. ഇവരുടെ കൂടെ അവൾ കാട്ടിലേയ്ക്കുപോകുമ്പോൾ ഞാൻ നതാക്കമായി അവിടെ എത്തും. അന്നൊക്കെ എൻെറ ശരീരവും വളരെ നന്നായിരുന്നു. അന്ന് ഞാൻ നല്ല പ്രേമഗാനങ്ങൾ പാടിയിരുന്നു. ആളുകൾ അതൊക്കെ കേട്ട രസിച്ചിരുന്നു. പക്ഷെ ഇന്ന് അതൊക്കെ പോയില്ലേ, ദിവസം ഒരു പത്തുതവണയെങ്കിലും ചുമവരും. നിങ്ങൾ നഗരത്തിലാണല്ലോ പാക്കുന്നത്. നല്ല ഒരു മരുന്ന് വാങ്ങി അയച്ചുതരു. ഇല്ലെങ്കിൽ നിങ്ങൾ നഗരത്തിൽ താമസിക്കുന്നതുകൊണ്ട് എനിയ്ക്കെന്തു തേങ്ങാപിണ്ണാക്കാ?

ഒരു ദിവസം ഞാൻ അടുത്തുള്ള ഗ്രാമത്തിൽ വസൂരിക്ക് കീറിവെപ്പും കഴിച്ചു തിരിച്ചുവരികയായിരുന്നു. വൈകുന്നേരം സമയം പടിഞ്ഞാറുനിന്നു തണുത്ത ഒരു കാററ് പതുക്കെ വീശിക്കൊണ്ടിരുന്നു. പകൽ മുഴുവൻ രേശമയെ കാണാൻ കഴിഞ്ഞില്ല, അന്ന്. അതിനാൽ എനിക്ക് ഒന്നിനും ഒരുത്സാഹവും തോന്നിയില്ല. ഞാൻ "ഫിറാകെ ജാനാ മേം ഹം നെ ലഹു പിയാ ഹൈ ശരാബ്കർകെ—" എന്ന പാട്ട പതുക്കെ പാടിക്കൊണ്ടങ്ങിനെ വരികയായിരുന്നു. എനിക്ക് ഒന്നിലും ഒരു രസം

തോന്നിയില്ലാ എന്നല്ല എന്തിനെന്നില്ലാതെ എന്നോടുതന്നെ തോന്നി ദേഷ്യം. ഗ്രാമത്തിന്റെ അതിർത്തിയിൽതന്നെ ഒരു അശോകം നിന്നിരുന്നു. അതിന്റെ അരികിൽ എത്തിയപ്പോഴാ ഞാൻ കണ്ടതെന്താണെന്നോ? അശോകത്തിന്മേൽ ചാരി മുടി തോളുമൂടത്തക്കവണ്ണം അഴിച്ചിട്ട് രേശമയുണ്ട് നില്ക്കുന്നു. ഞാൻ തറച്ചപോലെ നിന്നുപോയി.

ഏതാനും നിമിഷങ്ങൾ ശതാബ്ദങ്ങൾപോലെ കഴിഞ്ഞു. പിന്നെ രേശമ കോമളവും മധുരവുമായ സ്വരത്തിൽ ചോദിച്ചു: "മിസ്റ്റർ, നിങ്ങളെന്തിനാ എന്നെ ബുദ്ധിമുട്ടിക്കുന്നതു്?"

ഞാൻ പറഞ്ഞു: "അതോ, ഞാൻ നിന്നെ സ്നേഹിക്കുന്നു. എനിക്കു നിന്നെക്കാണാതിരിക്കാൻ വയ്യ."

രേശമ പറഞ്ഞു: "എന്നെ കൂട്ടുകാരികളെല്ലാം കളിയാക്കുന്നുണ്ടേ! അതുമല്ല, നിങ്ങൾ പിന്നാലെ പിന്നാലെ ഇങ്ങിനെ നടക്കുന്നതു് ഭംഗിയല്ല. ഞാൻ എനി എനിക്കു വായിൽതോന്നിയതെല്ലാം പറയും. എന്നാൽ ......"

ഞാൻ പറഞ്ഞു: "വായിൽ തോന്നിയതെല്ലാം പറയരുതെന്നു് ഞാനെപ്പോളാ പറഞ്ഞേ? ഞാനതെല്ലാം പെറുക്കിയെടുക്കും എന്നിട്ടു് അവകൊണ്ടൊരു മാലകെട്ടി കഴുത്തിലിട്ടുകൊണ്ടു നടക്കും."

രേശമ പറഞ്ഞു: "ഞങ്ങളൊക്കെ അറിവും പഠിപ്പുമില്ലാത്തവർ. നിങ്ങളെപ്പോലെ ഓരോന്നു് എച്ചുകെട്ടി പറയാനൊന്നും ഞങ്ങൾക്കറിഞ്ഞുകൂടാ. എന്നാലും ഞാൻ കാലുപിടിക്കാം എന്റെ പിന്നാലെ ഇങ്ങിനെ ദയവുചെയ്തു നടക്കരുതു്. ബാപ്പ നിങ്ങളെ വെച്ചേക്കില്ല. ജീവനോടെ. അന്നു പറയണകേട്ടു, ആ ചെക്കൻ, പറഞ്ഞാൽ കേൾക്കാൻ ഭാവമില്ലെങ്കിൽ ഞാനവനെ കശാപ്പുചെയ്തുകളയും."

ഞാൻ തലകുനിച്ചുകൊണ്ടു പറഞ്ഞു: "ഇതാ ശിരസ്സു സമപ്പിക്കുന്നു. ഇപ്പോഠംതന്നെ കഴുത്തിൽനിന്നു വേർപെടുത്തി ക്കോളു. എൻെറ വായിൽനിന്ന് ഒരു ഞരക്കംപോലും പുറ പ്പെട്ടാൽ പറഞ്ഞോളു."

രേശമ, ആകർഷകമായ ഒരു ഭാവത്തോടെ തലയാട്ടി ക്കൊണ്ടു പറഞ്ഞു. "അയ്യോ, നിങ്ങഠം മരിയ്ക്കണമെന്നു ഞാൻ പറഞ്ഞോ? എന്നാലും നിങ്ങഠംക്കു് എന്താ വേണ്ടേ? അതു പറയൂ."

"എനിയ്ക്കു യാതൊന്നും വേണ്ട" ഞാൻ ഹൃദയത്തിൽ കൈവെച്ചുകൊണ്ടു പറഞ്ഞു. "പക്ഷെ, നീ ഇവിടന്നു് പോകു മ്പോഠം നിൻെറ ഓമനക്കാലുകളിലെ പൊടിയെടുത്തു തല യിൽവെയ്ക്കണം—അതേയുള്ളു ഒരാഗ്രഹം. എന്നിട്ട് നിൻെറ പേർ ഉരുവിട്ടുകൊണ്ട് ഈ ലോകത്തോടു വിടവാങ്ങണമെന്നും."

രേശമ മന്ദഹസിച്ചു. ഒരു ബാലികയെപ്പോലെയല്ല, ഒരു തരുണിയെപ്പോലെ. അവഠം കൺപീലികഠം ഉയർത്തി എന്നെ നോക്കി. പിന്നെ അവ റോസ്പോലെ മൃദുവും കോമളവുമായ കവിളുകളിലേയ്ക്കു താണു. അടുത്ത നിമിഷം അവഠം ചിരിച്ചു കൊണ്ട് ഓടിക്കളഞ്ഞു. ഓട്ടത്തിന്നിടക്കവഠം എന്നെ പലത വണ തിരിഞ്ഞുനോക്കി.

കുറേനേരം ഞാൻ കൽപ്രതിമപോലെ നിന്നുപോയി. പിന്നെ ഞാനും രേശമയുടെ പിന്നാലെ ഓട്ടം തുടങ്ങി. അവഠം ഒരു മാൻപേടയെപ്പോലെ പായുകയാണ്. ഇടയ്ക്കു് പൊട്ടിച്ചി രിയുടെ ശബ്ദം കേഠംക്കാം. മെല്ലെമെല്ലെ പ്ലാനനുസരിച്ച് നമ്മഠം രണ്ടുപേരുടേയും ഇടയ്ക്കുള്ള അകൽച്ച കുറഞ്ഞുവന്നു.

ഇപ്പോഠം ഞാൻ അവളുടെ നന്നെ അടുത്തെത്തി. പക്ഷെ തൊടാൻ കിട്ടിയില്ല.

അവഠം ഓട്ടത്തിന്നു വേഗത കൂട്ടി.

ഞാനും വിട്ടില്ല, എത്തി പിന്നാലെ.

"ഠാ. നോക്കൂ.......എന്നെ.......എൻെറ പിന്നാലെ വരരുത്. ഞാനാണു് പറയണെ. ഇതു ശരിയല്ല..."

ഒററച്ചാട്ടത്തിന്നു് ഞാൻ അവളെ കടന്നുപിടിച്ചു വരിഞ്ഞു കെട്ടി.

"ഇനി നീയെവിടെ പോകുന്നു, കാണട്ടെ." ഞാൻ പറഞ്ഞു.

"വിടൂന്നെ, എന്നെ വിടൂ. ഞാൻ വീട്ടിൽ പോകട്ടെ." അവറം അധികം ഉറക്കെയല്ലാതെ പറഞ്ഞു.

ഞാൻ ഒരു "ചനാർ" വൃക്ഷത്തിൻെറ ചോട്ടിലെത്തിയപ്പോറം അവളെ പുൽതകിടിൽ തള്ളിയിട്ടിട്ടു് അടുത്തുതന്നെ വിശ്രമിക്കാൻ ഇരുന്നു.

"ഇപ്പോ കണ്ടില്ലേ നീ? എന്നെ വെട്ടിച്ച് പാഞ്ഞുകളയാൻ വിചാരിച്ചാൽ ആവില്ല" ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

അവറം ഒന്നും പറയാതെ മുടി ഒതുക്കി കെട്ടി.

നമ്മറം ഗ്രാമംവിട്ടു് വളരെ അകന്നിരുന്നു. സന്ധ്യയുടെ ചുകപ്പു് കാണാതായിക്കഴിഞ്ഞിരുന്നു. എന്നാലും നദീജലം വെള്ളിക്കമ്പിപോലെ തിളങ്ങി. പൎവ്വതങ്ങളിലെ കാടുകറം മാത്രം ഇരുട്ടിൽ കാണാതായി. ചില നക്ഷത്രങ്ങളും ഉദിച്ചിരിയ്ക്കുന്നു.

ഞാൻ രേശമയോടു ചോദിച്ചു—"നീ എന്നെ കല്യാണം കഴിയ്ക്കുമോ?"

"കഴിയ്ക്കില്ല."

"എന്തേ?"

"നിങ്ങറം 'തേലി' (എണ്ണപ്പാണ്ടി)യാണ്. ഞങ്ങറം മുഗളന്മാരാണു്" രേശമ ഗർവ്വോടെ പറഞ്ഞു.

"അതുകൊണ്ടെന്താ?" ഞാൻ രേശമയുടെ കൈ എൻെറ കയ്യിലെടുത്തുകൊണ്ടു പറഞ്ഞു—"നിനക്കെന്നെ സ്നേഹമില്ലേ?"

"ഒട്ടുമില്ല."

"പിന്നെ നീ എൻെറടുത്തിരിയ്ക്കുന്നതെന്തിനാ?"

ഉത്തരമായിട്ട് രേശമ എന്നെ പ്രേമത്തോടെ നോക്കി. പിന്നെ പെട്ടെന്ന് എന്തോ ആലോചിച്ച് ഒന്നു ഞെട്ടിയിട്ട് പറഞ്ഞു: "ഇന്ന് എനിയ്ക്കു പൊതിരെ അടി കിട്ടും. ബാപ്പ എന്നെ തിരക്കുന്നുണ്ടാവും; ചിററമ്മയുടെ വീട്ടിൽ പോകയാണെന്നും പറഞ്ഞാണ് വന്നതു്. എന്നാലും........"

ഞാൻ ഇടയ്ക്കു് കേറി പറഞ്ഞു: "നിന്നെപ്പോലെയുള്ള വികൃതികളെ അടിയ്ക്കുതന്നെയാണ് വേണ്ടതു്."

രേശമ പറഞ്ഞു—"നിങ്ങളാ എന്നെ അടിയ്ക്കുകയേ ഇല്ല എന്നു എനിയ്ക്കറിയാം."

ഞാൻ പറഞ്ഞു—"നേരാണ്; കാരണം ഞാൻ 'തേലി' (എണ്ണപ്പാണ്ടി)യാണ്. നീയോ മുഗളകുമാരി."

രേശമ അവളുടെ കോമളമായ കൈ എൻെറ കഴുത്തിലിട്ടു തല മാറിൽ ചായ്ച്ചു. "നിങ്ങാക്കു് ഒരു വസ്തും അറിഞ്ഞുകൂടാട്ടോ" അവാ ഒരു നെടുവീർപ്പ് ഇട്ടിട്ട് പറഞ്ഞു.

എനിയ്ക്കു തോന്നി—പെട്ടെന്ന് ആകാശത്തിൽ നക്ഷത്രങ്ങാ പൊട്ടിച്ചിരിച്ചു; ചന്ദ്രപ്രകാശത്തിൽ വിറക്കുന്ന വെള്ളിമേഘങ്ങളുടെ കോമളപ്രതിഛായകാ ഏതോ അജ്ഞാതമായ ആനന്ദത്താൽ തുള്ളി. പടിഞ്ഞാറൻ കാററ് "ചനാറി"ൻെറ ഇലകളിൽ പതുങ്ങി അനശ്വരമായ ജീവിതത്തെപ്പററി പാടി. ഞാൻ രേശമയുടെ നീണ്ട അളകങ്ങളിൽ തടവിക്കൊണ്ടിരുന്നു. ഈ ആനന്ദം എനിയ്ക്കു് സഹിയ്ക്കാനാവില്ലെന്നു തോന്നിപ്പോയി. നിവൃത്തിയില്ലാതെ ഞാൻ അവളുടെ ചുണ്ടിൽ എൻെറ ചുണ്ടു്

വെച്ചപ്പോഠം അതിന്നു മലയിൽ ഉണ്ടായ തേനിൻെറ മാധുര്യവും എരിയുന്ന കനലിൻെറ ചൂടും ഉണ്ടെന്നു തോന്നി. രണ്ടു സവിശേഷമായ അനുഭവം — ഒന്നു് സഹിക്കാനാവാത്ത ആനന്ദം; രണ്ടു് ആനന്ദപ്രദമായ അസഹ്യത.

അതിന്നുശേഷമുള്ള എട്ടുപത്തു ദിവസത്തെ സംഭവങ്ങഠം വിശദമായി നിങ്ങളെ ധരിപ്പിയ്ക്കാൻ നിവൃത്തിയില്ല, ഒന്നും ഓർമ്മയില്ല. ജീവിതം ഒരു സുന്ദരസ്വപ്നംപോലെ തോന്നി. അതിൽ ഞാനും രേശമയും മാത്രമേയുള്ളു. സവിശേഷമായ ഒരു സ്ഥിതി—മദ്യത്തിൻേറതിന്നു തുല്യമായ ഒരു ലഹരി. സംഗീതത്തിൻേറതിനോടു കിടപിടിയ്ക്കുന്ന ഒരു മധുരത. ഗ്രാമമാകെ ഒരു സ്വർഗ്ഗംപോലെ തോന്നി ദൂരെ ജാഗിർദാറിൻെറ കൊട്ടാരത്തിലെ താഴികക്കുടം പൊൻകുടംപോലെ തിളങ്ങി—വിചിത്രവും രഹസ്യം നിറഞ്ഞതും. ലോകമാകെ, പ്രകൃതിയുടെ സൌന്ദര്യം, പക്ഷികളുടെ കളനാദം, നിശ്ചിന്തരായ ഇടയരുടെ പൊട്ടിച്ചിരി—എല്ലാം നമ്മാഠക്കുവേണ്ടി—എനിയ്ക്കും രേശമയ്ക്കു വേണ്ടിയുമാണു് ഉണ്ടാക്കിയിട്ടുള്ളതു്. എന്തിനാണെന്നോ? നേരം ഇരുട്ടിയാൽ പതുങ്ങി, കൈകോർത്തുപിടിച്ച ഗ്രാമത്തിന്നു പുറത്തു് ഏതെങ്കിലും ഒരു ചെറു വള്ളിക്കുടിലിൽ ഇരുന്നുകൊണ്ടു് രണ്ടുപേക്കും ഈ കാഴ്ചകഠം കാണാൻ.

എന്നാൽ ഇതെല്ലാം എട്ടുപത്തു ദിവസത്തേയ്ക്കേ നിന്നുള്ളു. അതിന്നുശേഷം ക്രൂരമായ ഒരു കൈ ശക്തിയേറിയ ഒററത്തട്ടിന്നു് എൻെറ എല്ലാം മോഹനസ്വപ്നങ്ങളേയും തകർത്തുകളഞ്ഞു. നമ്മാഠ രണ്ടുപേരും വല്ലവഴിക്കും ഓടിക്കളയാൻ പ്ലാനിട്ട അതേ ദിവസം രാത്രി രേശമയുടെ ദുഷ്ടനായ ബാപ്പ അവളെ ജാഗീർദാറിൻെറ മൂത്ത മകനു കാഴ്ചവെച്ചു. വളരെ നാളായി ഇതിന്നു ഗൂഢാലോചന തുടങ്ങിയിട്ടെന്നു പിന്നീടാണു് എനിയ്ക്കു അറിയാൻസാധിച്ചതു്. ജാഗീർദാറിൻെറ മൂത്ത മകൻ മഹാ ദുരാ

ചാരിയായിരുന്നു. എല്ലാം വലിയവരേയുംപോലെ അവനും രേശമയെ കണ്ടു മോഹിച്ചു വലഞ്ഞു. വല്ലപ്പോഴും വഴിനടക്കു മ്പോഠം കണ്ടു ഭ്രമിച്ചതാവും. അന്നുതൊട്ട് വലവെക്കാൻതുടങ്ങി യതാണ്. എൻെറ ഉപേക്ഷയും കുററപ്പെടുത്തത്തക്കതായി രുന്നു. കാരണം രേശമ അവൻെറകൂടെ നഗരത്തിലെ കൊട്ടാര ത്തിലെത്തിയിട്ടുണ്ടാകും. അപ്പോഴാണ് ഞാൻ അറിഞ്ഞതു്.

ഈ അടി അവിചാരിതമായി ഏററതായതുകൊണ്ടു് എനിക്കു താങ്ങാനായില്ല: ഞാൻ രണ്ടു കൊല്ലത്തേക്കു് ശുദ്ധ മതഭ്രാന്തനായി നടന്നുവെന്നാണു പലരും പറയുന്നതു്. മെലിഞ്ഞു എല്ലുപോലെയായി. പടിതോറും നടന്നു പറഞ്ഞി രുന്നു –"എന്നെ രക്ഷിക്കു, അവൻ എന്നെ കടിക്കാൻവരുണ്" എപ്പോഴും ഞാൻ പറഞ്ഞിരുന്നതു് ഇതാണ്. ഒരു ദിവസം ഞാനങ്ങിനെ ജാഗീദാർ പാക്കുന്ന നഗരത്തിലെത്തിയപ്പോഠം അയാഠം എന്നെ കണ്ടു. ആരോ എൻെറ കഥകഠം പറഞ്ഞുകേഠം പ്പിച്ചു. കേട്ടിട്ടു് അയാഠം അലിവ്തോന്നിയിട്ടു് ചികിത്സി ക്കാൻ എന്നെ ഭ്രാന്താസ്പത്രിയിലേക്കു് അയച്ചു. ഞാൻ രോഗം മാറി വന്നപ്പോഠം എന്നെ വീണ്ടും ഇവിടുന്നു പത്തുമൈൽ അക ലെയുള്ള ഒരു ഗ്രാമത്തിൽ പണിക്കുവെച്ചു.

ഇത്രയും പറഞ്ഞു് വാക്സിനേട്ടർ ഹുക്കവലിക്കാൻ തുടങ്ങി

റഷീദ് പതുക്കെ ചോദിച്ചു: "രേശമയോ? അവളെ നിങ്ങഠം പിന്നെ കാണുകയുണ്ടായോ?"

രേശമ ജാഗീർദാരിൻെറ കൊട്ടാരത്തിൽ ഉണ്ടു്. അവളുടെ കെട്ടിയവന്നു് പല ഭാര്യമാരും ഉണ്ടെങ്കിലും അവന്നു് പ്രേമം അവളോടാണധികം. രണ്ടു മക്കളുണ്ട്. അവഠം അച്ഛൻെറ വീട്ടിൽ അനുജൻെറ കല്യാണത്തിന്നു വന്നിരുന്നു. അങ്ങനെ ആറേഴു കൊല്ലംമുമ്പെ, ഒരിക്കൽ ഞാനവളെ കാണുകയുണ്ടായി. അവളുടെ അച്ഛൻ ഇപ്പോഠം ഈ നാട്ടിലെ അധികാരിയാണെന്നു്

ഇനി ഞാൻ എടുത്തുപറയേണ്ടതില്ലല്ലോ. അയാളുടെ വീട് കല്ലുകെട്ടി പുതുക്കി പണിതു. വീട് കണ്ടിട്ടുണ്ടാവും, നിങ്ങളും. ടിൻമേഞ്ഞിട്ടുള്ള ഒന്നു്. പിന്നിൽ ഒരു തോട്ടവും. ഞാൻ അവളെ തോട്ടത്തിൽവെച്ചാണു് കണ്ടതു്. അവറം നല്ല സിൽക്ക്സാരിയുമുടുത്തു് ലാത്തുകയായിരുന്നു. ഒപ്പം രണ്ടു ചെറിയ മക്കളും ഉണ്ടായിരുന്നു. അവളുടെ സൌന്ദര്യം ഇരട്ടിച്ചിട്ടുണ്ടായിരുന്നു. നടപ്പ് ഒരു രാജകുമാരിക്കു തുല്യം. ഞാൻ കുറേനേരം വേലിക്കൽ നിന്നുകൊണ്ടു് അവളെ നോക്കി. രേശമ എൻെറ പത്നിയായെങ്കിൽ അവറം പുള്ളിക്കുത്തുള്ള തുടിച്ച കുപ്പായവും ഇട്ടു് കുട്ടികളോടൊപ്പം ഇങ്ങിനെ നടക്കും. ഇതു് ആലോചിച്ചപ്പോറം എൻെറ കണ്ണിൽ വെള്ളം നിറഞ്ഞു. ഞാൻ അതു തുടയ്ക്കാതെ അവളെ ശപിച്ചുകൊണ്ടു് അവിടെനിന്നു പുറത്തുവന്നു. ഞാൻ അവളുടെ വീട്ടുകാരെ മുഴവനും അവിടെ നിന്നുകൊണ്ടു് ഉറക്കെ ഉറക്കെ തെറിപറയാൻതുടങ്ങി. ആളുകറം ഒടുവിൽ എന്നെ അവിടെനിന്നു പിടിച്ചുകൊണ്ടുപോയി.

''രേശമ നിങ്ങളോടു് ഒന്നും പറഞ്ഞില്ലേ?'' റഷീദ് ചോദിച്ചു.

''ഇല്ല. എന്നെ കണ്ടിട്ടു് അവറം സ്തംഭിച്ചുനിന്നുപോയി. അവറം തലകുനിച്ചുകൊണ്ടു് ഞാൻ പറഞ്ഞതെല്ലാം കേട്ടു. അവളുടെ കണ്ണിലെ നീലത്തടാകത്തിൽനിന്നു് അശ്രുധാര ഒഴുകി. അവറം വിറയ്ക്കുന്ന കൈകളോടെ രണ്ടു മക്കളേയും ചേർത്തുപിടിച്ചു. അവറം തിരിച്ചു നഗരത്തിലേക്കു പോയ ശേഷം അവളുടെ ഒരു പഴയ ചങ്ങാതി ഞാൻ തെറിപറഞ്ഞപ്പോറം വെറുതെ കേട്ടുനിന്നതെന്തേ എന്നു രേശമയോടു ചോദിച്ചപ്പോറം കിട്ടിയ ഉത്തരം എന്നോടു പറഞ്ഞു. ''ആ സമയം എന്നെ അടിച്ചാലും കൊന്നാൽതന്നെയും ഞാൻ അവിടുന്നു് ഇളകുകയില്ലായിരുന്നു.'' അവറം വീണ്ടും പറഞ്ഞു. ''എൻെറ പ്രിയ സഖീ! അതൊന്നും 'തെറി' ആയിരുന്നില്ല.

എൻെറ പ്രിയൻെറ പൂക്കളായിരുന്നു അതെല്ലാം. പെറുക്കിയെടുത്തു് ഞാൻ എൻെറ കണ്ണുനീരിൻെറ നൂലിൽ കോർത്തുകെട്ടി അവിടെ അടക്കംചെയ്തിട്ടുള്ള പ്രേമത്തിൻെറ ശവക്കല്ലറയിൽ ചാർത്തി''

''എന്നാൽ'' വാക്സിനേട്ടർ കരുണസ്വരത്തിൽ തൻെറ കഥ ഉപസംഹരിച്ചുകൊണ്ടു പറഞ്ഞു: ''ഇന്നു് എനിക്കു് ആരോടും കോപമില്ല ആരോടുമില്ല ദയ. ഞാനിപ്പോൾ ആരേയും വക വെയ്ക്കാറില്ല. മുമ്പേ വസൂരിക്കു് വെറുതെ കീറിവെച്ചിരുന്നു. ഇപ്പോൾ രണ്ടണവീതം വാങ്ങാതെ ഞാൻ ആരുടെ കയ്യും തൊടാറില്ല. ഒരു പുല്ലിനേയും ഞാൻ കണക്കാക്കാറില്ല. ഞാൻ എൻെറ പണം ഇരട്ടി പലിശക്കാണു് വയ്പ കൊടുക്കുന്നതു്. രമേശയുടെ അച്ഛനെ ഒഴിച്ചു് ബാക്കി ഈ ഗ്രാമത്തിലെല്ലാവരും എൻെറ കടക്കാരാണു്. അവർ എന്നെ പിശുക്കനെന്നും, ഹൃദയഹീനനെന്നും പറഞ്ഞു ശകാരിക്കും. പക്ഷേ അവർ എനിയ്ക്കെപ്പോളെങ്കിലും നല്ലതു വരണമെന്നു് ആഗ്രഹമുള്ളവരായിരുന്നോ? അവർക്കു കഴിവുണ്ടെങ്കിൽ ഇന്നുതന്നെ എൻെറ കഥകഴിയ്ക്കും. എന്നാൽ ഞാൻ ഒററ ഒരുത്തനേയും കൂസുകയില്ല. ഒരുത്തനേയും സ്നേഹിക്കില്ല എൻെറ കയ്യിൽ പണമുണ്ടു്, ഭൂമിയുണ്ടു്, മക്കളുണ്ടു്. മൂന്നു പെണ്ണുങ്ങളെ ഞാൻ കെട്ടിക്കഴിഞ്ഞിരിയ്ക്കുന്നു. എനിക്കു ആരേയും പേടിയില്ല. ആരോടും പ്രേമമില്ല. ആരോടും പകയില്ല. ഞാൻ ജാഗിർദാരിനോടു് കൂറുള്ള പ്രജയാണു്, ദാസനാണു്.''

''നിങ്ങൾക്കു് ആരോടും ലേശംപോലുമില്ലെന്നോ വിരോധം?'' രഷീദ് വാക്സിനേട്ടറെ സൂക്ഷിച്ചുനോക്കിക്കൊണ്ടു് ചോദിച്ചു

വാക്സിനേട്ടർ പരിഭ്രമിച്ചപോലെ തോന്നി. താഴത്തേയ്ക്കു നോക്കിക്കൊണ്ടു പറഞ്ഞു:—''ഇല്ല, ഒരു കാലത്തുമില്ല. എൻെറ

ഹൃദയം ശുദ്ധമാണ്. എന്നാൽ സ്നേഹിതാ...'' വാക്സി നേട്ടർ മുഖമുയർത്തിക്കൊണ്ട് വീണ്ടും തുടൻു:—''ഞാൻ ഒരു കാര്യം നിങ്ങളോട് പറയാനാഗ്രഹിക്കുന്നു. അതു പറയുമ്പോഠം എൻെറ ഹൃദയം പിളരുവാൻ തുടങ്ങുകയാണ്. എങ്കിലും ഇതു് നിങ്ങളോടു പറയാതിരിക്കാൻ നിവൃത്തിയില്ല. ജാഗീർദാർ അവർകളുടെ ഈ പഴയ താഴികക്കുടത്തെപ്പററിയാണ് എനിക്കു പറയാനുള്ളതു്. വെയിലത്തു സ്വർണ്ണംപോലെ തിളങ്ങുന്ന ഈ താഴികക്കുടം കണ്ടിട്ട് എനിക്കു ഭ്രാന്തുപിടിക്കുന്നു. അതു് എന്നെ കളിയാക്കുന്നപോലെ, എന്നെ ശുണ്ഠിപിടിപ്പിക്കുന്നപോലെ എനിക്കു തോന്നുന്നു അതു് വ്യക്തമായ ഭാഷയിൽ എന്നോട്ട് ഇങ്ങനെ പറയുന്നപോലെ തോന്നുന്നു:—''നിനക്കു എന്നെ അറിഞ്ഞുകൂടാ. വേണമെങ്കിൽ ഇനിയും നിൻെറ ലോകം തകർക്കാൻ എനിക്കുകഴിയും. നിൻെറ സുഖവും സമാധാനവും തരിപ്പണമാക്കാൻ കഴിയും നിൻെറ ജീവിതത്തിലെ ഉല്ലാസങ്ങളെ ചവുട്ടിമെതക്കാൻ സാധിക്കും നീ എന്നെ അറിയില്ല. ഹാ! ഹ! ഹാ!!

ഞാൻ ഭ്രാന്തുപിടിച്ച ചിന്തിക്കാൻ തുടങ്ങുന്നു, ഈ തിളങ്ങുന്ന താഴികക്കുടം ഉള്ളിടത്തോളം കാലം എൻെറ മനസ്സിന്നു സംതൃപ്തി കിട്ടില്ല. പലപ്പോഴും കുറച്ചു വെടിമരുന്നുവാങ്ങി ഈ കൊട്ടാരം താഴികക്കുടങ്ങളോടൊപ്പം ചുട്ടു വെണ്ണീറാക്കാൻ എനിക്കു തോന്നാറുണ്ട്. എന്നാൽ ഓരോ തവണയും ഞാൻ ആ വിചാരത്തെ അമർത്തുകയാണ് പതിവ്.

പിന്നെ വാക്സിനേട്ടർ ഒരു രഹസ്യം നിറഞ്ഞ സ്വരത്തിൽ രഷീദിൻെറ അടുക്കലേക്കു കുനിഞ്ഞിട്ടു് പറഞ്ഞു: ''എന്നാൽ അതു് ഒരു ദിവസം ഞാൻ പററിയ്ക്കാതിരിക്കില്ല.''

# പാട്ടും ഞാനും

ഞാൻ കൂട്ടുതുറന്നു് കത്തു പുറത്തെടുത്തുവെന്നല്ല പറയേണ്ടതു്, ഉറയിൽനിന്നു വാൾ പുറത്തെടുത്തുവെന്നാണു്. അവൾ നിരാകരിച്ചിരിക്കുന്നു. വളരെ വ്യക്തമായ ഭാഷയിൽത്തന്നെ എന്നെ തള്ളിക്കളഞ്ഞിരിക്കുന്നു. ഒരിടത്തുമില്ല സംശയത്തിന്നു് അവകാശം. ഇന്നത്തെ പെൺകിടാങ്ങളും രണ്ടായിരം മൂവ്വായിരം കൊല്ലം മുമ്പത്തെ പെൺകിടാങ്ങളെപ്പോലെതന്നെയാണു് പ്രേമയാചനയെ നിരാകരിക്കുന്നതു്. ദാരിദ്ര്യവും പ്രേമവും വല്ലപ്പോഴും ഒന്നിച്ചു സഞ്ചരിച്ചിട്ടുണ്ടോ? പിന്നെന്താ ഇന്നു് ഒരു വിശേഷം? ഞാൻ കത്തു് പല കുറി വായിച്ചു. വായനകൊണ്ടു തൃപ്തിവരാഞ്ഞിട്ടു് വാസനിച്ചു ആ നിർദ്ദയ ഇന്നു് കത്തിൽ അത്തർ പുരട്ടിയിട്ടുംകൂടിയില്ല. ഇതിന്നു മുമ്പൊക്കെ കവറു പൊട്ടിച്ചാൽ പരിമളം പരക്കുകയായി.

നേരുപറഞ്ഞാൽ ഞാനാണു് വിഡ്ഢിത്തം കാട്ടിയതു്. ഞാൻ അത്രയ്ക്കു് ദരിദ്രനാണെന്നു പറയരുതാത്തതായിരുന്നു. ഞാൻ അവളുടെ അടക്കിപ്പിടിച്ച തേങ്ങലുകളും, അപേക്ഷസ്പുരിക്കുന്ന കണ്ണുകളും മാധുര്യംനിറഞ്ഞ വാക്കുകളും കേട്ടു് മയങ്ങിപ്പോയി.

ഒരു പെണ്ണ്, ഒരു പുരുഷൻെറ വൈരൂപ്യം, വാർദ്ധക്യം, അവൻെറ കാടത്തം, എല്ലാം സഹിച്ചേക്കും. എന്നാൽ അവൻെറ ദാരിദ്ര്യത്തെ സഹിയ്ക്കില്ല. കല്യാണത്തിന്നു മുമ്പാണെങ്കിലോ നോക്കുകയേ വേണ്ട

ഇനി ഈ കത്ത് എന്തുകാട്ടണം? ഈ മേശയെന്തേ ഇത്ര വൃത്തികേടായിക്കിടക്കുന്നു. ഈ കോപ്പ ഇനിയും ഇവിടെത്തന്നെയിരിയ്ക്കുണമെന്തേ? ആരാണീ കലണ്ടറിൻെറ പേജ് മറച്ചുവെച്ചതു്? ഒപ്പുകടലാസിൽ ആരാണ് മഷിയൊഴിച്ചതു്? ആകാശത്തെന്താണിത്ര പൊടി? വായുമണ്ഡലത്തിലൊരു വിതൽ?

ഞാൻ കത്തു കയ്യിലിട്ടു ഞെരിച്ച് ചവററുകൊട്ടയിലേയ്ക്ക് ഓരേറുകൊടുത്തു. കലണ്ടർ എടുത്ത് നിലത്തിട്ടു ചവുട്ടി. കോപ്പ ജനാലയിലൂടെ പുറത്തേയ്ക്ക് ഇട്ടു ഒപ്പുകടലാസ് വലിച്ചുകീറി. പുസ്തകങ്ങൾ രണ്ടു കൈകൊണ്ടും എടുത്ത് നിലത്തു ചിതറി. പിന്നെ ജനാലയിൽ ചെന്നുനിന്ന് ഉടൻ ആത്മഹത്യചെയ്യാനുള്ള വഴികൾ ആലോചിയ്ക്കാൻ തുടങ്ങി.

മുമ്പിൽ വിശാലമായ സമുദ്രം. പെട്ടെന്നു് ഞാൻ എൻെറ ആലോചനയുടെ രീതി ഒന്നു മാററണ്ടതാണെന്നു് എനിയ്ക്കു തോന്നി. കാരണം ഞാൻ ആത്മഹത്യചെയ്താൽ അവൾ സന്തോഷിയ്ക്കുകയേയുള്ളു. അവൾ ഞെളിഞ്ഞു ഞെളിഞ്ഞു് അവളുടെ കൂട്ടുകാരികളോട് ദരിദ്രനും പോക്കററവനും തൻേറടം കെട്ടവനുമായ തൻെറ കാമുകനെപ്പററി പ്രസംഗിച്ചുനടക്കും.

ഊഹും, അതിന്നു് ഒരിയ്ക്കലും ഇടവെച്ചുകൊടുത്തുകൂട. അതിനാൽ ഞാൻ ജനാലയിൽനിന്നു പിൻവാങ്ങി ഗ്രാമഫോൺ റെക്കാർഡു വെച്ചിരിക്കുന്ന ഇടത്തേയ്ക്കു ചെന്നു. എന്നിട്ടു കിട്ടിയ ഒരു റിക്കാർഡെടുത്തു് സൂചിവെച്ചിട്ടു് വീണ്ടും ജനാലയുടെ അടുക്കൽചെന്നു് സമുദ്രത്തിലേയ്ക്കു് എന്തിനെന്നില്ലാതെ നോക്കാൻതുടങ്ങി.

മെല്ലെമെല്ലെ റിക്കാർഡ് തിരിഞ്ഞുതുടങ്ങി പാട്ട് എൻെറ അരികിലേക്ക് നീങ്ങി

'ഹലോ!' പാട്ട് ഒരു സവിശേഷരീതിയിൽ എന്നെ വിളിച്ചു.

'ഹലോ!' ഞാൻ പരുത്ത സ്വരത്തിൽ വിളികേട്ടു

"നിങ്ങളാരാണ്?" പാട്ടു ചോദിച്ചു.

"ഞാൻ ഒരു പാവപ്പെട്ട എഴുത്തുകാരനാണ്. നീയാർ?" ഞാൻ ചോദിച്ചു.

"എന്നെ അറിയില്ലേ?" പാട്ട് ആശ്ചര്യത്തോടെ ചോദിച്ചു. "ഞാൻ ലതാ മങ്കേസ്കറുടെ ഒരു പേരു കേട്ട പാട്ടാണ്?"

"ആ ജാ രേ! ബലമുവാ!" ഇതു പറഞ്ഞതോടുകൂടെത്തന്നെ പാട്ടിൻെറ സ്വരത്തിൽ അല്പം അഹങ്കാരം കലൻ.

"അതുശരി. എന്നിട്ടിപ്പോഴെന്തുണ്ടായി?" എനിക്കു ഈ അഹങ്കാരം കണ്ടിട്ടു കോപം വന്നു

പാട്ട് അഹങ്കാരംകൊണ്ട് ഞെളിഞ്ഞിട്ടു പറഞ്ഞു: 'അറിയാമോ? ഞാൻ ലോകത്തിലെ മഹത്തായ ഒരു പാട്ടാകുന്നു കഴിഞ്ഞ ആറുമാസത്തിനകം എൻെറ പത്തുലക്ഷം റിക്കാർഡുകൾ വിററുകഴിഞ്ഞു. ഇതിനിടയ്ക്കു് നിങ്ങളുടെ എത്ര പുസ്തകങ്ങൾ വിററിട്ടുണ്ട്?"

"മൂന്നേ മൂന്നു്."

പാട്ട് അറപ്പോടെ ഒന്നു ചിരിച്ചു. അതിൻെറ അഹങ്കാരം പൊങ്ങിപ്പൊങ്ങി ഇപ്പോൾ മാനംതൊടുമെന്ന ദിക്കായി പിന്നെ വലിയ നാട്യത്തോടെ കുഴഞ്ഞുകുഴഞ്ഞു പറഞ്ഞു.

"എന്നെപ്പോലെ മനോഹരമായ ഒരു പാട്ട് ഈ ലോകത്തിലെങ്ങുമില്ല. എൻെറ സൗന്ദര്യത്തെ ആർക്കും വെല്ലാനാവില്ല. വിററ, എന്നെ വിററ വിററ് പാടിയവർ അതുകൊണ്ടു് കി

ട്ടിയ റോയൽട്ടികൊണ്ടു് ഒരു ബംഗ്ലാവ് പണിതു. പാട്ട എഴുതിയാൾ അയാളുടെ മൂന്നാമത്തെ പത്നിയുമായി വിവാഹമോചനം നടത്തി. എന്നിട്ടു് നാലാമത്തവളെ സമ്പാദിയ്ക്കാൻ പണം പുല്ലുപോലെ ചിലവാക്കിക്കൊണ്ടിരിയ്ക്കയാണു്''

ഞാൻ സൂചി റിക്കാർഡിൽനിന്നു് എടുത്തു. പെട്ടെന്നു് മുറിയിൽ നിശ്ശബ്ദത പരന്നു. ഇപ്പോഴവിടെയാരുമില്ല, സ്വരമില്ല, താളമില്ല, രാഗമില്ല

കുറെനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം ഞാൻ വീണ്ടും റിക്കാർഡിൽ സൂചിവെച്ചു അതു് വീണ്ടും മെല്ലെമെല്ലെ തിരിഞ്ഞു. പാട്ട് വീണ്ടും എൻെറയരികിൽ വന്നു. അതു് മുരണ്ടിക്കൊണ്ടാണു് വരുന്നതെന്നു് എനിയ്ക്കു തോന്നി.

''ഹലോ!'' അതു പതുക്കെ വിളിച്ചു.

''ഹലോ!'' ഞാൻ ജനാലയിലൂടെ സമുദ്രത്തെ എന്തിനെന്നില്ലാതെ നോക്കിക്കൊണ്ടു പറഞ്ഞു.

''നിങ്ങൾ എന്തിനാണു് എന്നെ ബന്ധിച്ചുവെച്ചതു്?'' പാട്ടു് തളർന്ന സ്വരത്തിൽ ചോദിച്ചു.

ഞാൻ പറഞ്ഞു: ''ഈ സമുദ്രത്തിൻെറ സംഗീതം നീ കേൾക്കുന്നുണ്ടോ? ഇതുപോലെ നാശമററതാണോ നീ?''

''അല്ല, എനിയ്ക്കു മൂന്നു മിനുട്ട ജീവിക്കാൻ പാടുള്ളു.'' പാട്ടു് ഖേദത്തോടെ പറഞ്ഞു.

ഞാൻ പറഞ്ഞു: ''പ്രകൃതി ഒന്നാമതായി കണ്ണുതുറന്നപ്പോഴും സമുദ്രത്തിൻെറ ഈ സംഗീതം ഇവിടെ ഉണ്ടായിരുന്നു മൂന്നു മിനുട്ടിന്നുശേഷം നിൻെറ കണ്ണുകൾ അടയുമ്പോഴും വെയിലിലും മഴയിലും ഏതു സമയത്തും ഈ സാഗരസംഗീതം ഇവിടെ ഉണ്ടായിരിയ്ക്കും. പക്ഷെ, നീ ഉണ്ടായിരിയ്ക്കില്ല. ഏതാനും കൊല്ലങ്ങൾ കഴിഞ്ഞാൽ ആ ബംഗ്ലാവും ഉണ്ടായിരിയ്ക്കില്ല. പ്രേമത്തിൻേറതായ ഒരു വേദന മാത്രം ബാക്കി കാണും. പിന്നെയെന്തി

ൻെറ പേരിലാണ് നീയിത്ര ഊററം കൊള്ളുന്നതു്, ഒന്നാലോചിച്ചു നോക്കു്''

''സമുദ്രത്തിൻെറ മഹത്തായ വ്യക്തിത്വത്തിനുമുമ്പിൽ ഒരു തുള്ളിയ്ക്കു് തിളങ്ങാൻ അധികാരമില്ലെന്നോ?'' പാട്ടു് കോപത്തോടെ ചോദിച്ചു. പെട്ടെന്നു് അതിൻെറ ശബ്ദത്തിൽ മേഘഗർജ്ജനവും മിന്നൽതിളക്കവും ചേർന്നപോലെ തോന്നി.

''അധികാരമില്ലെന്നു് ആരു പറഞ്ഞു ഇഷ്ടാ? പക്ഷെ, ഇങ്ങിനെ ഊററം നടിയ്ക്കുന്നതെന്തിനാണെന്നാണ് ചോദിയ്ക്കുന്നതു്. നിന്നെ പത്തുലക്ഷം തവണ വിററു, ശരിതന്നെ. എന്നാൽ ചില പാട്ടുണ്ടു്, ഒററത്തവണപോലും വില്ക്കപ്പെടാത്തതു്. എന്നാലോ, നിന്നേക്കാൾ സൌന്ദര്യമുള്ളവ''

''നുണ! നിങ്ങൾ കേട്ടിട്ടുണ്ടോ ഇങ്ങിനത്തെ പാട്ടു?''

''ഉവ്വ്. ഒരുതവണ ഒരു സ്ത്രീയുടെ ചുണ്ടിൽ ഞാനപ്പാട്ടിനെ കണ്ടിട്ടുണ്ടു്. അവൾ ഒരു പിച്ചക്കാരിയായിരുന്നു. ഒരു കുഞ്ഞിൻെറ തള്ള. റോഡരികിൽ ഇരിക്കുകയായിന്നു അവൾ. പട്ടിണിയാണു്. കുഞ്ഞിന്നും വിശപ്പു സഹിച്ചുകൂട. തിന്നാനൊന്നുമില്ല. അതിനാൽ അവൾ കുട്ടിയെ താരാട്ടുപാടി ഉറക്കാൻ നോക്കുകയായിരുന്നു. ആ താരാട്ടിൽ ഇല്ലാത്തതെന്തുണ്ടു്? പ്രകൃതിയുടെ എല്ലാം വേദനകളും, അമ്മയുടെ എല്ലാ വാത്സല്യവും, മാനവജീവിതത്തോടുള്ള എല്ലാം അഭിലാഷവും അവളുടെ ശബ്ദമായി മാറിക്കൊണ്ടിരിയ്ക്കുയായിരുന്നു. അവൾ തൻെറ തൊണ്ടകൊണ്ടല്ല പാടിയിരുന്നതു്. പാലററ നെഞ്ചുകൊണ്ടാണു്.''

''നിങ്ങൾ പാട്ടു് കുഞ്ഞുങ്ങൾക്കുള്ള മുലപ്പാലായി മാറുന്നതു് കണ്ടിട്ടുണ്ടോ?''

''അന്നു ഞാനതു കണ്ടു; സമുദ്രത്തിൻെറ തീരത്തിൽ. പെട്ടെന്നു് കാററു അടങ്ങി. സമുദ്രം നാണംകൊണ്ടു് മിണ്ടാതായി.

തെങ്ങുകളിലെ ഇരമ്പിക്കൊണ്ടിരുന്ന ഇലകൾ ലജ്ജകൊണ്ടു തലതാഴ്ത്തി. സൃഷ്ടിയാകെത്തന്നെ തലകുനിച്ചു് ആ പട്ടിണി കൊണ്ടു വശംകെട്ട മാതാവിൻെറ കാൽക്കൽ വന്നുനിന്നു അവൾ കുഞ്ഞിനെ മുലപ്പാൽകൂടാതെ ഒരു താരാട്ടുകൊണ്ടു് ഉറക്കി. ആ അത്ഭുതകൃത്യം ഞാൻ എൻെറ കണ്ണുകൊണ്ടു കണ്ടു. ആ താരാട്ടിൻെറ വേദനനിറഞ്ഞ ലയം എൻെറ ചെവികളിൽ ഇന്നും മുഴങ്ങുന്നു. എന്നാൽ നീയാകട്ടെ, എന്നോടു് ബംഗ്ലാവിൻേറയും മൂന്നാമത്തെ ഭാര്യയുടെയും കഥ പറഞ്ഞുകൊണ്ടു വരുന്നു''

ഞാൻ തിരിഞ്ഞുനിന്നു. അപ്പോഴേയ്ക്കു പാട്ടു നിന്നുകഴിഞ്ഞിരുന്നു റിക്കാർഡ് മുഴുവൻ പാടിക്കഴിഞ്ഞിരുന്നു. മൂന്നു മിനുട്ടു് കഴിഞ്ഞു

ഞാൻ വീണ്ടും റിക്കാർഡിൽ സൂചിവെച്ചു. വീണ്ടും റിക്കാർഡു് തിരിഞ്ഞു. പാട്ടു് എൻെറയരികിൽ പിന്നേയും വന്നു. എന്നാൽ ഇത്തവണ അതിന്നു് പഴയ 'തള്ളിച്ച' ഉണ്ടായിരുന്നില്ല. ഇപ്പോഴതു് ഒരു ചെറിയ മധുരമുള്ള പാട്ടായി തീർന്നിരിയ്ക്കുന്നു —ഹൃദയത്തിൻെറ ഒരു ചെറു വേദനയെടുത്തുകൊണ്ടു്, ആശകളുടെ ഒരു നേരിയ നോവ് ഏന്തിക്കൊണ്ടു്, പ്രേമത്തിൻെറ മിന്നാമിനുങ്ങിൻേറതായ ഒരു തിളക്കം ചൂടിക്കൊണ്ടു്, അതു് മെല്ലെ മെല്ലെ എൻെറ ഹൃദയത്തിലേയ്ക്കു് ഇറങ്ങിവന്നു— അളകങ്ങൾ കവിളിലേയ്ക്കു് ഇറങ്ങുംപോലെ, ചന്ദ്രിക നദിയിലേയ്ക്കു പൊഴിയുന്നപോലെ, സമുദ്രത്തിൻെറ അടിത്തട്ടിലേയ്ക്കു ആണ്ടുകൊണ്ടു് വാതുറന്നു് പ്രേമത്തിൻെറ ഒന്നാമത്തെ മുത്തിനെ കാത്തിരിയ്ക്കുന്ന ചിപ്പിയെപോലെ.

ഞാൻ മേശയുടെ അരികിലേയ്ക്കു നടന്നു. കൈനീട്ടി ചവറുകൊട്ടയിൽനിന്നു് അവളുടെ കത്തെടുത്തു. അതിൻെറ ചുളിവുകൾ നിവത്തിയിട്ടു് അതിനെ ഞാൻ എൻെറ മാറിൽചേത്തു

# മനുഷ്യൻ കരയുന്നു

ലാഹോർ ജില്ലയിൽപെട്ട സാൻദാകലാം ഗ്രാമത്തിലെ നല്ലവനായ ഖസീട്ടറാംദല്ലാളിനെ അറിയാത്തെ ആരുണ്ടു്? അയാൾ ആ ഗ്രാമത്തിലെ 'നമ്പർ വൺ' പണക്കാരനാണു്. ഗ്രാമം മുഴുവൻ അയാൾക്കു കടപ്പെട്ടതാണു്. ഗ്രാമത്തിലെ സകല ഭവനങ്ങളും അയാൾക്കു പണയമാണു്. ഗ്രാമത്തിലെ അമ്മമാരുടേയും മക്കളുടേയും പണ്ടങ്ങൾ അയാൾക്കു് അടിയറ വെച്ചിരിക്കയാണു്. എന്നിട്ടും അയാളുടെ ഔദാര്യം നോക്കിക്കോളൂ—പണയം വെച്ച യാതൊരു മുതലും ഇതേവരെ ലേലംവിളിച്ചു വിററിട്ടില്ല പലിശ കൊടുക്കാൻ ഭാവമില്ലെങ്കിൽ വേണ്ടെന്നുവെക്കും. കുറച്ചുകാലം പലിശ തരുന്നുണ്ടോ എന്നു നോക്കും. ഇല്ലെങ്കിലൊട്ടു ചോദിക്കയുമില്ല നേരെമറിച്ചു് കുറേ പണംകൂടി കൊടുത്തു് വല്ല കച്ചവടമോ മററൊ ചെയ്യിക്കും അങ്ങിനെ എത്രയോ പേർ അയാളുടെ ഹൃദയവിശാലതയിൽ അനുഗൃഹീതരായിരുന്നു. ആരെങ്കിലും വഴക്കിനു വട്ടംകൂട്ടിയാൽ അയാൾ പൊറുത്തിരിക്കും. വഴക്കു് കോടതിവരെയെത്തിയാൽ മനസ്സില്ലാമനസ്സോടെ അയാൾക്കെതിരായി ഡിഗ്രിയെടുക്കും. പക്ഷെ ഡിഗ്രി നടത്തുകയില്ല. ഖസീട്ടാരാമിന്നു് എപ്പോഴും കോടതി

യിൽനിന്നു ഡിഗ്രി കിട്ടിയിരുന്നു. കാരണം, കോടതിക്കറിയാം —അയാൾ കള്ളക്കേസ്സിൽ കുടുങ്ങുന്നവനല്ല.

ലാലാഖസീട്ടാരാമിന്റെ സ്വഭാവത്തിൽ എല്ലാവരോടും ബന്ധം പുലർത്തുക ഒരു സവിശേഷതയാണ്. ആ ഗ്രാമത്തിൽ ഹിന്ദുക്കൾ കുറവാണ്. മുസൽമാന്മാരാണധികം. ഇക്കൂട്ടർ അവരുടെ കൊള്ളരുതായ്മകൊണ്ട് ഹിന്ദുക്കളെ അപേക്ഷിച്ച് അധികം വലിച്ചിലും വലച്ചിലും ഉള്ളവരായിരുന്നു. ഖസീട്ടാരാമിന്ന് ആ ഗ്രാമത്തിലെ എല്ലാം മുസൽമാന്മാരേയും നന്നായറിയാം. അവരോട് സ്നേഹത്തോടും സൗഹാർദ്ദത്തോടുംകൂടിയാണ് പെരുമാറിയിരുന്നത്. ഘസീട്ടാറാം ഏതെങ്കിലും മുസൽമാനോട് മറുത്തൊരു വാക്കു പറയുന്നതു് ആരും കേട്ടിട്ടില്ല. നേരെമറിച്ച് അയാൾ മുസൽമാന്മാരോടാണ് കൂടുതൽ കൂറു കാണിക്കുന്നതെന്നാണ്, ഹിന്ദുക്കളുടെ ആവലാതി. അതിൽ യാതൊരു പരമാർത്ഥവുമില്ല കാരണം അയാൾ നൂറുശതമാനവും ഇന്ത്യക്കാരനാണ്. ദിവസേന പൂജയും ഭജനയും നടത്താറുണ്ട്. ഒരമ്പലം തന്നെ പണി കഴിച്ചിട്ടുണ്ട്. അയാൾ ഹിന്ദുതന്നെ മുസൽമാന്മാരോടാണ് കൂടുതൽ 'പറെറ'ന്നുമാത്രം. കഴിഞ്ഞകൊല്ലം ഒരു പള്ളി പണിയാൻ പണം കൊടുത്തു. ജുമ്മേ മോചി മരിച്ചപ്പോൾ അവന്റെ ആരോരുമില്ലാത്ത ചെറുപ്പക്കാരി മകളെ സംരക്ഷിച്ചതും സ്വന്തം പണംമുടക്കി കെട്ടിച്ചുകൊടുത്തതും അയാൾതന്നെ. അയാൾ ഇടക്കിടക്ക് അവളെ കാണാൻപോകും. പോരുമ്പോൾ രണ്ടു നാലുറുപ്പിക കയ്യിൽ വെച്ചുകൊടുക്കും.

ലാലാഖസീട്ടാറാമിന്റെ രണ്ടു ഭാര്യമാർ മരിച്ചുകഴിഞ്ഞിരുന്നു. അവരുടെ കുട്ടികൾ വളർന്നു, വലുതായി. അയാൾ മൂന്നാമതൊരു വരണം നടത്തി. നരച്ച തല ചായമിട്ടു കറുപ്പിച്ചു. എന്തോ ചില മരുന്നുകളും രഹസ്യമായി ചെലുത്തിയിരുന്നു. ആ അറുപതാംവയസ്സിലും അയാളുടെ ദേഹം ചെമ്പു

പോലെ തിളങ്ങിയിരുന്നു. രാവിലേയും വൈകുന്നേരവും അയാൾ അഞ്ചാറുമൈൽ നടക്കുക പതിവാണു്. ഇടക്കയാൾ കിണററിൻെറയരികെ കുറേനേരം നില്ക്കാൻ വിട്ടുകളയാറില്ല. അവിടെ നിന്നു് സ്വന്തം ഗ്രാമത്തിലെ പെൺകിടാങ്ങളോടും യുവതികളോടും അവരുടെ അമ്മമാരോടും വീട്ടുകാര്യങ്ങൾ ചോദിച്ചറിഞ്ഞു് അവരുടെ സുഖദുഃഖങ്ങളിൽ പങ്കെടുക്കും. ഖസീട്ടാറാമിൻെറ ജാതിയെ അവക്കു് വലിയ ബഹുമാനമാണു്. വഴിക്കുവെച്ചു് കണ്ടാൽ ഒഴിഞ്ഞുമാറി നില്ക്കും...............

ഖസീട്ടാറാം ദസ്സ്രയും ഈദും ഗംഭീരമായി കൊണ്ടാടാറുണ്ടു്. രണ്ടു് ഉത്സവങ്ങൾക്കും മധുരപലഹാരങ്ങൾ വിതരണം ചെയ്യാറുണ്ടു്. മുസ്ലീംലീഗിനും, കോൺഗ്രസ്സിനും സംഭാവന നൽകാറുണ്ടു്. വാർഫ്രണ്ടിനു് ഒരു നല്ല തുക ഗവമ്മേണ്ടിനു് കമ്മീഷണർവഴി എത്തിച്ചുകൊടുത്തിരുന്നു. അതിനു് പ്രതിഫലമായി രായ്ബഹദൂർ സ്ഥാനം ലഭിക്കയുണ്ടായി. ആ ഗ്രാമത്തിൽ ലോക്കൽ ബോർഡു് വന്നപ്പോൾ ഖസീട്ടാറാം അതിൻെറ പ്രസിഡണ്ടായി. കോ–ഓപ്പറേറവ് ബാങ്ക് മുമ്പേതന്നെ അയാളുടെ സ്വന്തം ബാങ്ക് പോലെയായി കഴിഞ്ഞിരിക്കുന്നു. കാരണം അതിൽ അധികം ഷെയറും അയാളുടേതായിരുന്നു. ക്രമേണ അയാളുടെ പേർ അയൽഗ്രാമംവരെ എത്തി. അവിടെ പരുത്തി നന്നായി വിളഞ്ഞിരുന്നു. ഖസിട്ടാറാം അവിടെ ഒരു കൺട്രാക്ടു് കട തുടങ്ങി.

ആഗസ്തു് പന്ത്രണ്ടിനുശേഷം ഖസിട്ടാറാം അയാളുടെഗ്രാമം വിട്ടു. അയാൾ എന്നുമെന്നപോലെ അന്നും തികഞ്ഞ തൻേറടത്തോടെ എല്ലാം ചെയ്തു, അയാൾ വരാൻപോകുന്ന കൊടുങ്കാററിൻെറ ലക്ഷണങ്ങൾ നേരത്തെ കണ്ടവരിൽ ഒരുവനായിരുന്നു. അതിനാൽ അയാൾ ഹോഷിയാർപൂരിലെ 'സദാരംഗ്' ഗ്രാമത്തിൽ ഒരു കട തുറന്നു. ജലന്ധറിലെ ഒരു ബാങ്കിലേക്കു പണം മാററി.

തൻെറ മൂന്നു ഭാര്യമാരുടെ ആഭരണങ്ങളും ഗവമ്മേണ്ടുബോണ്ടും എല്ലാം നീക്കം ചെയ്തു. ആ ആളുകഠം പണയം വെച്ചിരുന്ന പണ്ടങ്ങളും കണക്കുകളും അമ്പതിനായിരം ഉറുപ്പികയുമേ ബാക്കി കൈവശമുള്ളു. അയാഠം ഗ്രാമം വിട്ടുപോകാൻ തുടങ്ങുന്നതുകണ്ടു് ആളുകഠം കരഞ്ഞുകൊണ്ടു് തടഞ്ഞു. അയാഠം അതൊന്നും വകവെച്ചില്ല. പോകുന്നതിന്നുമുമ്പ് അയാഠം എല്ലാം ആഭരണങ്ങളും ആധാരങ്ങളും അവക്കു് തിരിച്ചുകൊടുത്തു. നോട്ടിൻെറ കെട്ടു് മടിയിൽ പൊതിഞ്ഞുവെച്ചു. പീടിക ഒരു മുസൽമാനെ ഏല്പിച്ചുകൊടുത്തു. അയാളുമായി ലാഭത്തിൻെറ വിഹിതം കരാറുചെയ്തു. അതിനുശേഷം അയാഠം ഗ്രാമം വിട്ടു. കാരണം, അയാളുടെ സ്നേഹിതൻ പോലീസ് ഇൻസ്പെക്ടർ ഖാൻ അയാളെ ഗ്രാമംവിട്ടു പോകാൻ ഉപദേശിച്ചു. അതിനാൽ അയാഠം ഒരു പോലീസ് ലോറിയിൽ അപകടംകൂടാതെ അമൃതസരസ്സിൽ എത്തി.

സദാരംഗ് ഗ്രാമത്തിലെത്തിയിട്ടു് അയാഠം പണം എണ്ണിനോക്കി അതിൽനിന്നു് 30000 ഉറുപ്പികക്കു് അയാഠം ഒരു വലിയ കൊട്ടാരം വിലയ്ക്കു് വാങ്ങി. അതു് ഒരു വയലിൻെറ നടുവിലായിരുന്നു. വളരെ വേഗം അയാഠം അവിടെയും പ്രമാണിയായി. അയാളുടെ കട തെളിഞ്ഞു. കാരണം, അരിക്കു് നല്ല വിലകിട്ടിയിരുന്നു. പടിഞ്ഞാറൻ പഞ്ചാബിൽനിന്നു് ശരണാത്ഥികഠം തുരുതുരെ വന്നുകൊണ്ടിരുന്നു കിഴക്കൻ പഞ്ചാബിൽനിന്നു് ശരണാത്ഥികഠം പാക്കിസ്ഥാനിലേക്കു പാഞ്ഞുകൊണ്ടിരുന്നു ഈ പരക്കംപാച്ചിലിൽ ഖസിട്ടാരാം ഓടിവരുന്നവരേയും ഇട്ടെറിഞ്ഞു പായുന്നവരേയും വളരെ സഹായിച്ചു. ഒരു സേവാദാഠം സ്ഥാപിച്ചു; വരുന്ന ഹിന്ദുക്കളേയും പോകുന്ന മുസൽമാന്മാരേയും വേണ്ടപോലെ നോക്കി. ഖസീട്ടാരാമിൻെറ പേർ നാടെങ്ങും പരന്നു. പരന്നിടത്തെല്ലാം ആളുകഠം അയാളെ സ്തുതിച്ചു അവർ വിശ്വാസപൂർവ്വം വിലപിടിച്ച വസ്തുക്കളും പുരയും തൊടിയും പണയം

വെച്ചുതുടങ്ങി. സക്കാർ അയാഠംക്കു് രണ്ടു കടകഠംക്കു ലൈസൻസ് കൊടുത്തു. പാക്കാൻ ഒരു ഭവനവും. അതയാഠം സേവാദാം പ്രവത്തനത്തിനു വിട്ടുകൊടുത്തു. കാരണം, അയാഠംക്കു വലിയ ഒരു അരമനയുണ്ടു്—ഗ്രാമത്തിനു് പുറത്തു്. ആ വയലിൻെറ നടുക്കു് ആഫീസർമാർ വന്നാൽ അവിടെ താമസിക്കും. അയാളുടെ സല്ക്കാരം സ്വീകരിക്കും. അയാളുടെ ബുദ്ധിചാതുയ്യവും ആതിഥ്യമയ്യാദയേയും സ്തുതിക്കും. അയാളെ ഇത്തവണത്തെ തിരഞ്ഞെടുപ്പിനു് മന്ത്രിയാക്കേണ്ടതാണെന്നുപോലും ആ ആഫീസർമാർ തുറന്നു പറയും. അയാഠം അതുകേട്ടു മന്ദഹസിക്കും

1947 നവമ്പർ 20നു്—അതായതു് സ്വാതന്ത്ര്യം കിട്ടി മൂന്നുമാസവും അഞ്ചു ദിവസവും കഴിഞ്ഞപ്പോഠം, ഖസീട്ടാരാമിൻെറ കൊട്ടാരത്തെ പാക്കിസ്ഥാൻ പോലീസ് ആക്രമിച്ചു. അവിടെനിന്നു് അവർ ഇരുപതു് മുസ്ലിംയുവതികളെ മോചിപ്പിച്ചു കൊണ്ടുപോയി. യുവതികളുടെ മൊഴി അനുസരിച്ചു്, ഖസീട്ടാരാം അവരോടു് അപമയ്യാദയായി പെരുമാറിയിരുന്നില്ല. അയാഠം മുസ്ലിം യുവതികളുടെ ഏജൻസി എടുത്തിരുന്നു. അവരെ ആദായവിലക്കു വാങ്ങുകയും അമിതമായ വിലക്കു് വില്ക്കുകയും ചെയ്തിരുന്നു. നിരക്കിതാണു്—

" പതിന്നാലു മുതൽ പതിനാറുവരെ വയസ്സു പ്രായമുള്ളവക്കു്, 850ക. മുതൽ 1000ക. വരെ, പതിനാറുമുതൽ ഇരുപതുവരെ പ്രായമുള്ള യുവതികഠംക്കു്—300 മുതൽ 800ക.വരെ മെട്രിക്കു് പാസായവക്കു് 1500ക. കോളേജിൽ പഠിച്ചവക്കു് 2000ക

യുവതികഠം പറഞ്ഞപ്രകാരം അയാഠം നൂറുകണക്കിനു് യുവതികളെ വിററുകഴിഞ്ഞു: ആ ഇരുപതു് യുവതികളിൽ ഒന്നു് അയാളുടെ ഗ്രാമക്കാരിയാണു്. ഖസീട്ടാരാം അവളെ വളരെ മട്ടിച്ചു. അവളുടെ പാതിവ്രത്യത്തിൽ കൈവെച്ചു—അയാഠം

KOTTAYAM PUBLIC LIBRARY KOTTAYAM

അവളോടു പറഞ്ഞു—ഞാൻ 2000 തോല സ്വർണ്ണം അവളുടെ ഗ്രാമക്കാർക്കു കൊടുത്തിട്ടാണു് വന്നതു്; ആ മുതൽ ഈടാകും വരെ മുസ്ലീംയുവതികളെ കച്ചവടം ചെയ്യും.

ആറുമാസത്തിനകം കോടതി ഖസീട്ടാരാമിനെ വെറുതെ വിട്ടു. കാരണം കോടതിക്കു് ബോദ്ധ്യമായി—ഏതോ ശത്രുക്കൾ ആരുമറിയാതെ യുവതികളെ ഖസീട്ടാരാമിൻെറ അരമനയിൽ ആക്കിയിട്ട് പോലീസിനു വിവരം കൊടുത്തതാണു്. ഖസീട്ടാരാം കുററക്കാരനല്ല. അയാളുടെ കടകൾ ഒന്നുകൂടി അഭിവൃദ്ധിപ്പെട്ടു. സർക്കാർ അയാളെ ഒന്നുകൂടി ബഹുമാനിക്കാൻ തുടങ്ങി. അയാളുടെ കൊട്ടാരത്തിൽ ഗൂർഖകൾ കാവൽനില്ക്കുന്നു. ഇടയ്ക്കു് അർദ്ധരാത്രി അവിടെനിന്നു ചില അലച്ചയോ കരച്ചിലോ മറേറാ കേൾക്കാം. അതു് കേൾക്കുമ്പോൾ ചിലർ പറയും—പാക്കിസ്ഥാൻ കരയുകയാണെന്നു്. ഹിന്ദുസ്ഥാൻ കരയുകയാണ് എന്നാണു് മററു ചിലരുടെ മതം. വേറെ ചിലർ പറയുന്നു—പാക്കിസ്ഥാനുമല്ല, ഹിന്ദുസ്ഥാനുമല്ല, ഈ അരമനയിൽ മനുഷ്യനാണു് കരയുന്നതു്. ഈ അരമന ഹിന്ദുസ്ഥാൻെറയും പാക്കിസ്ഥാൻെറയും അതിർത്തിയിലാണു്.

# മോഹൻജോദരോവിലെ ഖജനാവ്

മോഹൻജോദരോവിലെ എല്ലാ കുന്നുകളും ഖനനം ചെയ്തു കഴിഞ്ഞു. ഒന്നേയുള്ള ഇനി ബാക്കി. മോഹൻജോ ദരോവിന്റെ മാറ് പിളന്ന് മനുഷ്യന്റെ കൈകൾ അയ്യായിരം കൊല്ലം പഴക്കമുള്ള പരിഷ്കാരത്തിന്റെ എല്ലാ വിഭവങ്ങളും സംഗ്രഹിച്ചു: മൺപാത്രങ്ങൾ, കളിക്കോപ്പുകൾ, കുളിപ്പുര, കുതിരാലയം, തുണിത്തരങ്ങൾ, ചായങ്ങൾ, മൺയന്ത്രങ്ങൾ, തൂക്കക്കട്ടികൾ, നാഴി, ഇടങ്ങഴി, ഔൺസ്പാത്രം എല്ലാം കിട്ടി. അവർ കൊതിച്ചതു മാത്രം കിട്ടിയില്ല.

ഖനനം ചെയ്യുന്നതിലും ഗവേഷണം നടത്തുന്നതിലും വിജയവും പരാജയവും സ്വാഭാവികമാണ്. തുരന്നാൽ ഭൂമി തന്റെ കയ്യിലുള്ളതെല്ലാം സമർപ്പിച്ചുകളയും. എന്നാൽ മനുഷ്യൻ അവന്റെ അഭിലാഷങ്ങളെ തുരന്നെടുക്കാൻ കൊതിക്കുമ്പോഴാണ് അവനു പരാജയം നേരിടുന്നതു്. എന്നിട്ട് അവൻ ഭൂമിയെ ശപിക്കാൻ തുടങ്ങും. പക്ഷെ പാവം ഭൂമി ഇതിൽ എന്തുപിഴച്ചു?

ഒരുതരത്തിൽ നോക്കിയാൽ ഭൂമി മനുഷ്യന്റെ എല്ലാ ആഗ്രഹങ്ങളേയും സാധിപ്പിച്ചുകൊടുക്കാറുണ്ട്. എന്നാൽ ഒന്നുണ്ട്,

അതിന്റേതായ ഒരു പ്രത്യേകരീതിയിലാണ് സാധിപ്പിക്കുന്നതെന്ന് മാത്രം. അതുകൊണ്ട് മിക്കപേരും അതിനെ വെറും മണ്ണായിമാത്രം കാണുന്നു.

ഇഞ്ചിനീയർമാരുടേയും പുരാണവസ്തുഗവേഷകന്മാരുടേയും സഭ നടക്കുകയാണ്. ഒരു കഷണ്ടിക്കാരൻ യൂറോപ്യൻ, ജൂതൻ—പേര് ഡേവിഡ്. മല്ലിച്ച് ഇരുനിറത്തിലുള്ള ഒരു മുസൽമാൻ അത്ഹർ ആണ് രണ്ടാമൻ. അയാൾക്ക് ശിലാലേഖങ്ങൾ സംഗ്രഹിക്കുന്നതിലാണ് ഏറെ താല്പര്യം. കുഴിച്ചെടുക്കുമ്പോൾ വല്ല എഴുത്തുകല്ലോ ഇഷ്ടികയോ അക്ഷരത്തിന്റെ വള്ളിയോ പുള്ളിയോ പൊട്ടിപ്പോയാൽ പാവത്തിന്റെ കണ്ണിൽ വെള്ളം നിറയും. മൂന്നാമൻ ഒരു മജുംദാർ, കറുത്ത് ഇരുണ്ട് ഒരു കുററിയാൻ —പക്ഷെ എന്തുവേണ്ട? മഹാവിദ്വാൻ, അതിബുദ്ധിമാൻ. ഈജിപ്തിലെ അവസാനത്തെ നിലവറ അയാളുടെ സാന്നിദ്ധ്യത്തിലാണ് തുറക്കപ്പെട്ടത്. 'നേനവ'യിലെ റാണിയുടെ പ്രതിമ കണ്ടുപിടിച്ചതു് അയാളാണ്.

നാലാമത്തവൻ ഞാൻ. ഞാൻ കഴിഞ്ഞ യുഗങ്ങളുടെ പശ്ചാത്താപം, വരാനിരിക്കുന്ന യുഗത്തിന്റെ പ്രതിദ്ധ്വനി. അവക്കു ഞാൻ പറയുന്നതു് കേൾക്കാൻ മാത്രമേ കഴിഞ്ഞിരുന്നുള്ളു. എന്നെ നേരിട്ടു കാണാമായിരുന്നില്ല.

മജുംദാർ പറഞ്ഞു—"ഇനി ഒരു കുന്നുംകൂടിയേ ഉള്ള തുരക്കാൻ. എന്നാൽ എത്ര ആലോചിച്ചിട്ടും ഒന്നാണ് മനസ്സിലാകാത്തതു് തീരെ—ഇത്ര വലിയ ഒരു നഗരത്തിലെ ഖജനാവ് എവിടെപ്പോയി? സ്ത്രീകളുടെ പൊൻപണ്ടങ്ങൾ അവിടെനിന്നു കിട്ടുകയുണ്ടായി കുറെ—ശരിതന്നെ. പക്ഷെ, വെറും സാധാരണതരത്തിൽ പെട്ടവ. ചിലതിൽ വൈരവും വൈഡൂര്യവും എല്ലാം പതിച്ചിട്ടുണ്ട്. ഒന്നും മെച്ചപ്പെട്ട ഇനത്തിൽ പെട്ടത

ല്ലെന്നു മാത്രം. ഇതിൽനിന്നൊക്കെ അന്നു് സ്വർണ്ണവും രത്നങ്ങളും എല്ലാം നടപ്പായിരുന്നുവെന്നു തെളിയുന്നുണ്ടു്. അപ്പോൾ നഗരത്തിലെ ഖജനാവോ? അതെവിടെ?''

ഞാൻ പറഞ്ഞു—''അന്നും ഒരു നാദിർഷാ ഉണ്ടായെന്നു വരാം. ആ വിദ്വാൻ വന്നു ഖജനാവു് കൊള്ളചെയ്തുകൊണ്ടു പോയതാണെന്നു വരാം.''

എന്നാൽ ഞാൻ പറഞ്ഞതു് അവർ ഗൌനിച്ചില്ല. അത്ഹർ പറഞ്ഞു—''മററനവധി ശിലാലേഖങ്ങൾ കിട്ടി. എന്നാൽ മോഹൻജോദരോവിലെ ഭാഷയുടെ 'കീ'യാണെന്നു തെളിഞ്ഞേക്കാവുന്ന ഒരൊററ നാണയവും കിട്ടിയില്ല. ആ 'കി' കിട്ടാതെ പോയാൽ നമ്മുടെ സംസ്കാരം ലോകത്തിലെ പഴയ സംസ്കാര കുടുംബത്തിലെ ഒരംഗമാണെന്ന അവകാശത്തിന്നു അടിസ്ഥാനമില്ലാതെ പോകും.''

ഡേവിഡ് പറഞ്ഞു—''ഖജനാവു് കിട്ടിയില്ലെങ്കിൽ വേണ്ട. എനിയ്ക്കു അതിൽപരിഭ്രമമില്ല. കിട്ടിയാലും നമുക്കു് കുടുംബത്തിലേക്കു് കെട്ടിക്കൊണ്ടുക്കാനൊന്നും ഒക്കില്ലല്ലോ. ഭാഷയുടെ 'കി'യും കിട്ടാതിരുന്നോട്ടെ. ഇന്നത്തെക്കാലത്തു് ആ ഭാഷ വെച്ചു എന്തു കിട്ടാനാണു്? ആ ഭാഷ നമ്മുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കാനൊന്നും ഭാവമില്ല. എന്നാൽ ഒന്നാണെനിക്കു് മനസ്സിലാവാത്തതു്? ഇത്ര ചെറുകൻകുന്നുകൾ നമ്മൾ കുത്തിത്തുരന്നു നിരത്തി. മോഹൻജോദരോവിൻെറ അടിത്തറപോലും പൊളിച്ചുമാററി. എന്നിട്ടും അന്നത്തെ ആളുകൾ പൂജിച്ചിരുന്ന ആ മൺപ്രതിമയെ മാത്രം കണ്ടുകിട്ടിയില്ലല്ലോ. ഓരോ സംസ്കാരവും ഏതെങ്കിലും ഒരു ദൈവത്തെ സങ്കല്പിച്ചിരിക്കാതിരിക്കില്ല. മോഹൻജോദരോവിലെ സംസ്കാരവും ഒരു ദൈവത്തെ പൂജിച്ചിരുന്നിരിക്കും എന്നതിന്നു ഒരു കുന്നിൽനിന്നും തെളിവു കിട്ടിയില്ലല്ലോ. കഷ്ടം!''

ഞാൻ പറഞ്ഞു: "അതിന്നു ഈ കുന്നുകൾ തട്ടിനിരത്തണ മെന്നുണ്ടായിരുന്നില്ല. നിങ്ങളുടെ ഹൃദയം ഒന്നു തുറന്നുനോക്കി യാൽ മതിയായിരുന്നു."

ഡേവിഡ് കോപത്തോടെ ചുമരിലേക്കു നോക്കി. അയാ ളുടെ വിചാരം ഞാൻ അവിടെ ഒരു ചിലന്തിയുടെ രൂപത്തിൽ വലയിൽ തൂങ്ങിക്കിടക്കുകയാണെന്നാണ്. പിന്നെ ജനാലയിൽ കൂടെ പുറത്തേക്കു കണ്ണുകൾ തിരിച്ചു.

പുറത്ത് ഒരു വൃദ്ധനായ ഇടയൻ ആടുകളെ മേച്ചുകൊണ്ടു നിന്നിരുന്നു.

ഡേവിഡ് പറഞ്ഞു: "ഒരു തവണ ഈ വൃദ്ധൻ മോഹൻ ജോദരോവിലെ ഏററവും വിലപിടിച്ച ഖജനാവ് ആ കുന്നിൽ പൂണ്ടുകിടക്കുന്നുണ്ടെന്നു പറയുകയുണ്ടായി."

ഞാൻ ചോദിച്ചു: "ഇനി തുരക്കാനുള്ള ആ കുന്നിലോ?"

ആരും അതിന്നു മറുപടിതന്നില്ല. എല്ലാവരും മനോരാജ്യ ത്തിൽ മുഴുകിയിരിക്കയായിരുന്നു.

ഡേവിഡ് പറഞ്ഞു: "നാളെരാത്രി നമ്മൾ മൂന്നാളുംകൂടി മോഹൻജോദരോവിലെ ഒടുവിലത്തെ കുന്നും തുരക്കണം. കൂലി പ്പണിക്കാർ പണികഴിഞ്ഞു വീട്ടിലേക്കു പോകുമ്പോൾ."

അത്ഹർ പറഞ്ഞു; "ഒരുപക്ഷെ മോഹൻജോദരോവിലെ ഭാഷയുടെ 'കീ' കിട്ടിയേക്കാം."

മജുംദാർപറഞ്ഞു: "ഒരുസമയം മോഹൻജൊദരോവിലെ ഖജനാവ് കണ്ടേക്കാം."

ഡേവിഡ് പറഞ്ഞു: "ഒരുവേള മോഹൻജൊദരോവിലെ ദൈവത്തെ ദർശിച്ചേക്കാം."

മൂന്നുപേരും ആ കുന്നിലേക്കു ഒന്നിച്ചുനോക്കി. അതിൻെറ താഴെയാണ് ആ ഇടയൻ ആടുകളെ മേച്ചുനിന്നിരുന്നത്. അവൻ ചിരിക്കുകയാണെന്നു് എനിക്കു തോന്നി.

രാത്രി മൂന്നുനാല്ല് മണിവരെ അവർ മൂന്നുപേരും ചേന്ന് ആ കുന്നു തുരന്നുകൊണ്ടിരുന്നു. നീലത്തു വെറും പൂഴിയായിരുന്നു. വെറും ഉമിയാണ് കുന്നു നിറയെയെന്നുതോന്നും. കാരണം ആ സമയംവരെ കനപ്പെട്ട യാതൊന്നും അവിടെനിന്നും കണ്ടുകിട്ടുകയുണ്ടായില്ല. ഒന്നോ രണ്ടോ മൺപാത്രങ്ങൾ, ആഭരണങ്ങൾ, കളിക്കോപ്പുകൾ, ശവക്കല്ലറകൾ ഇതൊക്കെത്തന്നെ.

"ആ ഇടയൻ കളവാണു പറഞ്ഞതു്" ഡേവിഡ് ശൂണ്ഠിയോടെ ഉറക്കെ പറഞ്ഞു.

മജുംദാർ പറഞ്ഞു: "വിലപിടിച്ച വസ്തുക്കൾ ഒടുവിലാണ് കിട്ടുക. മനുഷ്യൻ ഏററവും വിലപിടിച്ചവ എത്രയും സുരക്ഷിതമായ ഇടത്താണു സൂക്ഷിക്കുക. ഇതവന്റെ സ്വഭാവമാണ്."

"ഇപ്പോൾ നമ്മൾ സമതലത്തിലാണ് നില്ക്കുന്നതു്" അത്ഹർ നെററിയിലെ വിയർപ്പു തുടച്ചുകൊണ്ടു പറഞ്ഞു. 'ഇതുവരെ പൂഴിയല്ലാതെ വേറെയൊന്നും കിട്ടുകയുണ്ടായില്ല'. അയാളുടെ വാക്കിൽ എന്തെന്നില്ലാത്ത നിരാശ കലന്നിരുന്നു.

ഞാൻ പറഞ്ഞു: "എന്നാൽ അയ്യായിരംവഷം പഴക്കമുള്ള ഈ പൂഴിയെ ഒന്നു നോക്കുവിൻ! ഇതിന്റെ തരികൾതോറും എത്രയോ പഴയ കഥകളുടെ സുഗന്ധമുണ്ടു്. ഈ പൂഴികൊണ്ടു കുപ്പിവളകൾ ഉണ്ടാക്കിയിരുന്നു. അവയാണ് മോഹൻജൊദാരോവിലെ തരുണികൾ കൈകളിലണിഞ്ഞിരുന്നതു്. ഈ പൂഴിയിൽ മോഹൻജൊദരോവിലെ കുഞ്ഞുങ്ങൾ അമ്പലംവെച്ചു കളിച്ചിരുന്നു. ഈ പൂഴിയിൽ അയ്യായിരംകൊല്ലങ്ങൾക്കുമുമ്പ് ഏതോ കാമുകന്റെ ശവം കുഴിച്ചിട്ടിരുന്നു. ഒന്നു വാസനിച്ചുനോക്കു ഈ പൂഴിയെ; ഒന്ന് ചെവിയോത്തുനോക്കു എന്താ പറയുന്നതെന്നു്. ഈ അയ്യായിരം കൊല്ലത്തെ പഴക്കമുള്ള സുഗന്ധം എന്തെല്ലാമാണ് പറഞ്ഞുകേൾപ്പിക്കുക? എന്തൊക്കെയാണ് പരിദേവനം ചെയ്യുക!

ഇതേസമയത്ത് മജ്ഞുംദാറിൻെറ കൈക്കോട്ട് ഒരു ലോഹ പ്പാത്രത്തിൽ തട്ടി. അയാറം കൈക്കോട്ട് അവിടെയിട്ട് താഴെ ഇരുന്നുപോയി. അയാളുടെ ഹൃദയം എന്തെന്നില്ലാതെ പിടക്കു കയായിരുന്നു.

"സൂക്ഷിച്ച്, സാവധാനം!" ഡേവിഡ് തിരക്കുകൂട്ടാതിരി ക്കാൻവേണ്ടി പറഞ്ഞു. എന്നിട്ട് അയാളും മജ്ഞുംദാരിൻെറ അരി കിൽതന്നെ ഇരിപ്പായി.

പിന്നെ അത്ഹർ ആണ് ഉണ്ടായിരുന്നത്. അയാളും മററു രണ്ടുപേരുടേയും മുമ്പിൽ ചെന്നിരുന്നു. പെട്രോമാക്സിൻെറ പ്രകാശം അവിടെയെങ്ങും പരന്നിരുന്നു.

മൂന്നുപേരുംകൂടി കൈകൊണ്ടെന്നല്ല, നഖംകൊണ്ടെന്നു വേണം പറയാൻ, മാന്തിമാന്തി ആ ലോഹപ്പാത്രമെടുത്തു.

ഡേവിഡ് ഊതിത്തുടച്ച് അതു് പെട്രോമാക്സിൻെറ വെളിച്ച ത്തിൽ സൂക്ഷിച്ചുനോക്കി.

മജ്ഞുംദാർ സന്തോഷത്തോടെ ഉറക്കെ പറഞ്ഞു; "ഇതു് ഒരു സ്വർണ്ണപ്പെട്ടിയാണ്!"

നേരാണ്. അതൊരു സ്വർണ്ണപ്പെട്ടിയായിരുന്നു—നല്ല ഭം ഗിയിൽ കൊത്തുപണി ചെയ്തിട്ടുള്ളതു്. മോഹൻജോദാരോവിലെ പഴയ ഭാഷ അതിൽ കൊത്തിയിരുന്നു. ഭംഗിയുള്ള പലരൂപ ങ്ങളും.

മജ്ഞുംദാർ പറഞ്ഞു: "ഇതുതന്നെയാണ് മോഹൻജോദരോ വിലെ ഖജനാവ്. വിലപിടിച്ച വൈഡൂര്യം: പത്മരാഗം—"

അത്ഹർ പറഞ്ഞു—"ഇതിൽ മോഹൻജോദാരോവിലെ ഭാഷയുടെ 'കി' ഉണ്ട്. പുറത്തു കൊത്തിയിരിക്കുന്ന എഴുത്തുകറം നോക്കു."

ഡേവിഡ് പറഞ്ഞു:—"ഇതിൽ മോഹൻജോദാരോവിലെ ദൈവമുണ്ട്. ദേവീദേവന്മാരുടെ ഭംഗിയുള്ള രൂപങ്ങറം ഈ പെട്ടിയെ രക്ഷിക്കുന്നു—നോക്കു, നോക്കു."

"തുറക്കൂ, തുറക്കൂ!" മജ്ജിംഗർ വ്യഗ്രതയോടെ പറഞ്ഞു— "വേഗം ഒന്നു തുറക്കൂ."

പെട്ടിയിൽ സ്വർണ്ണത്താഴിട്ടു പൂട്ടിയിരുന്നു. എന്നാൽ താഴ് പൊട്ടിയ്ക്കാൻ ഡേവിഡിന്ന് വലിയ വിഷമം നേരിട്ടില്ല: പുരാണവസ്തുഗവേഷകന്മാരും തുരങ്കംവെക്കുന്നവരും തമ്മിൽ വലിയ വ്യത്യാസമില്ല. അവരുടെ കലകൾക്ക് ആശ്ചര്യകരമായ സാമ്യം കാണാം. അതിനാൽ താഴ് വേഗം തുറന്നു. പക്ഷെ മൂടി തുറക്കാൻ ഡേവിഡിന്ന് എന്തെന്നില്ലാത്ത ഒരു പരിഭ്രമം, അവസാന നിമിഷത്തിൽ നാടകത്തിന്റെ കർട്ടൻ പൊങ്ങാറാവുമ്പോഴെന്നപോലെ.

മജ്ജിംഗർ പറഞ്ഞു:—'മൂടിയെടുക്കുക ഡേവിഡ്, മൂടി! വേഗമാവട്ടെ."

ഡേവിഡിന്ന മടിതീന്നില്ല, എന്നിട്ടും.

അത്ഹർ അങ്ങോട്ടുചെന്ന് മൂടി ഒരു പൊക്കൽ! അകത്ത് കറുത്ത് വട്ടത്തിലുള്ള എന്തോ ഒന്നു കിടക്കുന്നു. ഡേവിഡ് അതു വളരെ സൂക്ഷിച്ച് കയ്യിലെടുത്തു. നാററിനോക്കി. എന്നിട്ട് എത്രയും നിരാശയോടെ പറഞ്ഞു—"ഇതു് ഒരു അപ്പക്കഷണമാണ്."

"അപ്പക്കഷ്ണം!" മജ്ജിംഗർ നിരാശയോടെ പറഞ്ഞു.

"അതെ, ലോകത്തിലെ ഏററവും വിലപിടിച്ച ഖജനാവ്" ഞാൻ പറഞ്ഞു.

അത്ഹർ ഇടർച്ചയോടെ പറഞ്ഞു: "അപ്പം?"

ഞാൻ പറഞ്ഞു—"അപ്പംതന്നെ. ഓരോ ഭാഷയുടേയും 'കി!'

ഡേവിഡിന്റെ തല നിരാശകൊണ്ട് മാറിലേക്കു തൂങ്ങി. അയാൾ പതുക്കെ പറഞ്ഞു. "വെറും ഒരു അപ്പം."

ഞാൻ പറഞ്ഞു: "അപ്പം! എല്ലാം സംസ്കാരത്തിന്റേയും ദൈവം."

എന്നാൽ ആശയും നിരാശയും തമ്മിലുള്ള ആദ്യത്തെ സംഘർഷത്തിന്നിടയിൽ അവക്ക് ഞാൻ പറഞ്ഞതു് തലയിൽ കേറിയില്ല. അവർ ഓരോരുത്തരായി അപ്പം എടുത്തുനോക്കി. അപ്പംതന്നെ സംശയമില്ല. അരികൊണ്ടുണ്ടാക്കിയ അപ്പം. തീയിൽ.വേവിച്ച അപ്പം. വെറുംഒരു കഷ്ണം അപ്പം

ഡേവിഡ്ഡു് അതു് കയ്യിലെടുത്തു് കോപത്തോടെ പറഞ്ഞു: ''എവിടെ ആ ഇടയൻ? മോഹൻജോദാരോവിലെ ഖജനാവ് ഇവിടെയാണെന്നു് പൊളിപറഞ്ഞ വൻ.''

മൂന്നുപേരും ഇടയൻ ആട്ടകളെ തീററിക്കൊണ്ടുനിന്നിരുന്ന ആ ഇടത്തിലേയ്ക്കു്നോക്കി, ആ ഇടയൻ ചിരിക്കുന്നപോലെ എനിയ്ക്കുതോന്നി. പിന്നെ കരയുന്നപോലെ, ആ അപ്പത്തിനു വേണ്ടി അതാണു് മനുഷ്യൻെറ ഒന്നാമത്തെ ആനന്ദം. അവസാനത്തെ കഷ്ടപ്പാടു്. പിന്നെ അവൻ നിന്നിരുന്ന സ്ഥാനത്തു് ഒരു കുരിശു് നില്ക്കുന്നപോലെ എനിയ്ക്കുതോന്നി. പിന്നെ കുരിശിൻെറ പിറകിൽനിന്നു സൂര്യൻ ഉദിച്ചുയന്നു. അതിൻെറ കിരണങ്ങളിൽ ആ അപ്പം സ്വർണ്ണംപോലെ തിളങ്ങി. അപ്പോഠം മൂന്നുപേക്കും എന്തോ ചിലതു് മനസ്സിലായപോലെ തോന്നി. മണ്ണം ഠർ ഡേവിഡിനോടു് എന്തോ ആംഗ്യംകാണിച്ചിട്ടു് പറഞ്ഞു: ''ആ അപ്പം ഒളിച്ചുവെയ്ക്കു. മറച്ചുകളയു. കൂലിക്കാർ ജോലിയ്ക്കു വന്നുതുടങ്ങി.''

ഡേവിഡ്ഡു് അപ്പം കുപ്പായത്തിനുള്ളിൽ മറച്ചുവെച്ചിട്ടു് സൂര്യോദയം നോക്കാൻതുടങ്ങി. വാസ്തവത്തിൽ ഇന്നാണു് ഭൂമിയിൽ പ്രഭാതത്തിൻെറ സുവർണ്ണകിരണങ്ങഠം പതിയ്ക്കുന്നതു്.

പണിക്കാർ കൈക്കോട്ടുമേന്തി വേലയ്ക്കു തിരിച്ചുവരുവാൻ തുടങ്ങി.

## വൃച്ചയും മന്ത്രിയും

ശ്രീ: ഉപാദ്ധ്യായന്നു് മന്ത്രിയാകണമെന്ന ഉദ്ദേശം ഒരിക്കലും ഉണ്ടായിരുന്നില്ല. അയാറം ശാഹ്ദരത്തെരുവിൽ പാൎക്കുന്ന ഒരു വെറും വൈദ്യനായിരുന്നു, മദനകാമേശ്വരി, രതിചിന്താമണി, കന്ദൎപ്പമോദകം മുതലായ മരുന്നുകൾ വില്ക്കുകയായിരുന്നു പണി. എന്നാൽ പെട്ടെന്നു് എന്തു സംഭവിച്ചു എന്നുവെച്ചാൽ ഒരിക്കൽ ചീഫ്മിനിസ്റ്ററുടെ മൂത്തമകന്നു് മലബന്ധം നേരിട്ടു. അയാറം നമ്മുടെ വൈദ്യരുടെ തെരുവിൽതന്നെ കള്ളരിഡെബ്ലേം നടത്തുന്നവനാണു്. അതിനാൽ വൈദ്യരെ സമീപിച്ചു. വൈദ്യർ രേഗം സുഖപ്പെടുത്തിക്കൊടുത്തു. ഈ വിവരം സംഗതിവശാൽ മകൻ അച്ഛനെ അറിയിച്ചു. സി. എം. ഇന്നു്, അതായതു് ചീഫ്മിനിസ്റ്റൎക്കു് വളരെനാളായി മൂലക്കുരുവിൻെറ ഉപദ്രവം തുടങ്ങിയിട്ടു്, എന്തായിട്ടും മാറുന്ന മട്ടില്ല. മകൻ ഉപദേശിച്ചതനുസരിച്ചു് സി. എം. വൈദ്യരെവിളിച്ചു ചികിത്സതുടങ്ങി. ഭാഗ്യദോഷത്താൽ സി. എമ്മിൻെറ മൂലക്കുരു ആറുമാസംകൊണ്ടു മാറി. പിന്നത്തെ കഥ പറയാനില്ല. ഉപാദ്ധ്യായൻ സി. എമ്മിൻെറ ഫാമിലിഡോക്ടരായി. എന്നല്ല

അയാളെ സി. എമ്മിൻറ കുഡുംബത്തിലെ ഒരംഗമായിത്തന്നെ കണക്കാക്കുവാൻതുടങ്ങി. ഉപാദ്ധ്യായൻെറ ചികിത്സാനൈപുണ്യംകാരണം ഏതാനും വർഷങ്ങാംക്കള്ളിൽതന്നെ അയാംക്ക് രോഗികളെ കാണാൻപോകുന്നതിന്നു ഒരു കാർ വാങ്ങേണ്ടിവന്നു. വീടുവിട്ട് ബംഗ്ലാവിൽ പാർപ്പുറപ്പിക്കേണ്ടിവന്നു. ബാങ്കിൽ എക്കൗണ്ടു് തുടങ്ങേണ്ടിവന്നു. ചുരുക്കത്തിൽ സി എമ്മിനോടുള്ള അടുപ്പം അയാളെ വല്ലാത്ത കുടുക്കിൽ ചാടിച്ചു.

ഈ രാഷ്ട്രീയക്കാർ ഒരിക്കൽ ഒരുവൻെറ പിന്നാലെ കൂടിപ്പോയാൽ പിന്നെ ചാവുന്നവരെ സൈ്വരമായിരിക്കാൻ അനുവദിക്കുമോ? ഒരുദിവസം സി. എം. ഉപാദ്ധ്യായനെ വിളിച്ചു പറഞ്ഞു: "മി: ഉപാദ്ധ്യായ്! നീങ്ങാം നമുക്കൊക്കെ വേണ്ടപ്പെട്ടവനാണ്. നീങ്ങാം ജനതാമണ്ഡലം സിക്രട്ടരിയായാൽ എങ്ങിനെ?" ഉപാദ്ധ്യായൻ വളരെയധികം തടസ്സങ്ങാം പറഞ്ഞുനോക്കി. അയാം പറഞ്ഞു: "സർ, ഞാൻ ഈയിടെ മാഉല്ലഹം (ഒരു യൂനാനി ഔഷധം) ദ്രാക്ഷാരിഷ്ടം ഇതു രണ്ടുംചേർത്തു് ഒരു പുതിയ ഔഷധം ഉണ്ടാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കയാണു്. യൂനാനിയും ആയുർവ്വേദവും ഒന്നിച്ചുകെട്ടിനോക്കുകയാണെന്നു് മനസ്സിലാക്കിക്കോളൂ; ഈ സംയോജനത്തിൽനിന്നു് എന്തു സങ്കർഫലമാണു് ഉണ്ടാവുക എന്നു നോക്കിക്കോളൂ"

"എന്തായിരിക്കും സങ്കരഫലം?" മുഖ്യമന്ത്രി ചോദിച്ചു

"അതെനിയ്ക്കും നിശ്ചയമില്ല."

മുഖ്യമന്ത്രി ഒന്നുകൂടി പരുങ്ങലിലായി ഈ മറുപടി കേട്ടിട്ട്. അദ്ദേഹം ചോദിച്ചു.

"ഇനിയും എന്തുതരത്തിലുള്ളതാവും എന്നു നിങ്ങാംക്കു തന്നെ പറയാറായിട്ടില്ലാത്ത ഈ ഔഷധം ഏതു രോഗത്തിനുള്ളതാണു്?"

"അതും നിശ്ചയമില്ല" ശ്രീ: ഉപാദ്ധ്യായൻ സ്പഷ്ടമായി ത്തന്നെ പറഞ്ഞു: "നേരുപറഞ്ഞാൽ സംഗതിയെന്താണെന്നോ സർ, വെള്ളക്കാർ രോഗം കണ്ടുപിടിച്ചശേഷം ഔഷധം ആവി ഷ്കരിക്കുക എന്ന രീതിയാണ് സ്വീകരിക്കുന്നതെങ്കിൽ ഭാരതീയ രായ ഞങ്ങൾ ഔഷധം ആവിഷ്കരിച്ചശേഷം അതിനുപററിയ രോഗം അന്വേഷിക്കുന്നു."

"അതു ശരിതന്നെ," ചീഫ് മിനിസ്റ്റർ തലയാട്ടിക്കൊണ്ടു് പറഞ്ഞു. "എന്നാൽ നിങ്ങൾ ആദ്യം ജനതാമണ്ഡൽ സിക്രട്ട രിയാകൂ: നിങ്ങൾക്കുള്ള ജോലി പിന്നീട് എന്താണെന്നു തീരു നിശ്ചയിക്കാം."

അതിനാൽ ഉപാദ്ധ്യായൻ മണ്ഡൽസിക്രട്ടരിയായി "തിര ഞ്ഞെടു"ക്കപ്പെട്ടു. കാരണം അയാൾ സി. എമ്മിൻെറ സ്വന്തം ആളാണ്. പിന്നെ അസംബ്ലി തിരഞ്ഞെടുപ്പുവന്നപ്പോൾ മുഖ്യ മന്ത്രി വീണ്ടും ഉപാദ്ധ്യായനെ ആളയച്ചു വരുത്തിയിട്ട് പറഞ്ഞു: "ഉപാദ്ധ്യായജി! മണ്ഡലക്കാർ നിങ്ങളെ അതികേമമായിട്ട് പുകഴ്ത്തുന്നു,"

ഉപാദ്ധ്യായൻ അല്പം പരുങ്ങലോടെ പറഞ്ഞു. "പക്ഷേ സാർ, ഞാൻ മണ്ഡലത്തിൽ ഒരിക്കലും സംസാരിച്ചിട്ടില്ലല്ലോ."

"അതുകൊണ്ടുതന്നെയാണല്ലോ പുകഴ്ത്തുന്നതു്. നോക്കു മി സ്റ്റർ! ഇലക്ഷൻ അടുത്തു. നിങ്ങൾ നിങ്ങളുടെ നിയോജകമണ്ഡ ലത്തിൽനിന്നു് മെമ്പറാകാൻ അപേക്ഷകൊടുക്കു. നിങ്ങൾ 'അ സ്സാമി'കളാണ്. എന്നല്ല....

"പക്ഷേ, സർ!" ഉപാദ്ധ്യായൻ വല്ലാത്ത വീറളിയോടെ പറഞ്ഞു:- "ഞാൻ ഈയിടെ വലിയ തിരക്കിലാണ്. സാറ് പറഞ്ഞതനുസരിച്ച ജോയൻറസിക്രട്ടരി മി: ബമ്മാനാഥനെ ചികിത്സിക്കയാണ്."

"അയാൾക്ക് എന്താ സുഖക്കേട്?" ചീഫ് മിനിസ്റ്റർ താല്പര്യം ഉദിച്ചു:

"അയാൾക്ക് എന്താണ് രോഗം എന്നു് എനിക്കു് അയാളുടെ ഭാര്യയുടെ മുമ്പിൽവെച്ചുപോലും പറയാൻ പാടില്ല. ശേഷം ചിന്ത്യം."

മുഖ്യമന്ത്രിയുടെ കണ്ണുകളിൽ കുസൃതിയുടേതായ ഒരു തിളക്കം പ്രത്യക്ഷപ്പെട്ടു. രഹസ്യം നിറഞ്ഞ സ്വരത്തിൽ ചോദിച്ചു: "എന്നാൽ ചികിത്സ വേണ്ടപോലെ ഒക്കെ ചെയ്യുന്നില്ലേ?"

"ചികിത്സയും മററും ചെയ്യുന്നുണ്ടു്" ഉപാദ്ധ്യായൻ വിക്കിവിക്കി പറഞ്ഞു:–"എന്നാൽ ബുദ്ധിമുട്ടു് എന്താണെന്നോ? എങ്ങിനെയാണ് ചികിത്സ ചെയ്യേണ്ടതെന്നു് മനസ്സിലാവുന്നില്ല. ഈ രോഗത്തിന്നു കൈകണ്ട മരുന്നു 'ശൃംഗി' (അതിവിടയം) എന്ന ഒരുതരം വിഷമാണ്. ഇനി ഈ മരുന്നു എത്രമാത്രയോളം കൊടുത്താലാണ് രോഗം ശമിക്കുകയും രോഗി മരിക്കാതിരിക്കുകയും ചെയ്യുക എന്നാണ് തീരെ പിടികിട്ടാത്തതു്. മാത്ര കുറച്ചുകൊടുത്താൽ രോഗം മാറില്ല. കൂട്ടികൊടുത്താൽ രോഗി ബാക്കിയുണ്ടാവില്ല."

"ചാവുന്നതും പിറക്കുന്നതും എല്ലാം ദൈവത്തിൻെറ ഹിതം" മുഖ്യമന്ത്രി കോട്ടുവാ ഇട്ടുകൊണ്ടു് പറഞ്ഞു: "എന്നാൽ ഇലക്ഷൻ അവനവൻെറ ഹിതംപോലെയല്ലേ നടക്കുക? അതുകൊണ്ടു്, നിങ്ങൾ അമാന്തിക്കാതെ ഈ ഇലക്ഷനുതന്നെ നില്ക്കു. നിങ്ങൾ 'അസ്സാമി'കളാണ്. പിന്നെ."

അങ്ങിനെ ഉപാദ്ധ്യായൻ അസംബ്ലി മെമ്പറായി. പിന്നെ മുഖ്യമന്ത്രിക്കു മന്ത്രിസഭ രൂപീകരിക്കേണ്ടിവന്നപ്പോൾ അയാൾക്കു വീണ്ടും 'അസ്സാമി'കളുടെ ആവശ്യം നേരിട്ടു. അതിനാൽ അയാൾ ഉപാദ്ധ്യായനെ ആരോഗ്യമന്ത്രിയാക്കി. എല്ലാതരം പച്ചമരുന്നുകളും കാട്ടിൽ വളരുന്നവയായതിനാൽ വനംവകുപ്പും ഉപാദ്ധ്യായനെത്തന്നെ ഏല്പിച്ചു. മന്ത്രിയാവാൻ ഉപാദ്ധ്യായൻ വ

ളരെ തടസ്സം പറഞ്ഞുനോക്കി. ഒന്നാമതു് തൻെറ ഭായ്യ പന്ത്രണ്ടാമത്തെ തവണ ഗഭംധരിച്ചിരിക്കയാണു്. രണ്ടാമതു് ഒരു ഫാക്ടറിക്കാക്കവേണ്ടി ശരിയായ മുത്തും പവിഴവുംചേത്തു സിദ്ധമകരധ്വജം ഉണ്ടാക്കുന്നതിൽ ദത്തശ്രദ്ധനായിരിക്കയാണു്. എന്തായിട്ടും ചീഫ് മിനിസ്റ്റർ സമ്മതിച്ചില്ല. അയാറം പറഞ്ഞു: "നിങ്ങറം ഒന്നെങ്കിലും ഓക്കു—ഇതുവരെ നിശ്ചയിച്ചിട്ടുള്ള മന്ത്രിമാരിൽ ആരും അറുപതിൽ കുറഞ്ഞവരല്ല. എന്നല്ല ഇവരിലാരും തന്നെ ഏതെങ്കിലും ഒരു രോഗം പിടികൂടാത്തവരായിട്ടു് ഇല്ല ഒരാറംക്കു ശിരഃകമ്പമാണു് രോഗമെങ്കിൽ മറെറാരാറംക്കു് ഏക്കം, ഇനിയൊരാറംക്കു് പ്രമേഹമാണെങ്കിൽ പിന്നത്തെ ആറംക്കു് ബ്ലഡ്പ്രഷർ. അതിനാൽ മന്ത്രിസഭയിൽ ഒരു വൈദ്യനെങ്കിലും ഇല്ലാതെ പോയാൽ വിഷമമാവും. പോരെങ്കിൽ നിങ്ങറം നമ്മുടെ സ്വന്തം......"

"അതിനെന്തു സംശയം?" ചീഫ് മിനിസ്റ്ററുടെ പ്രൈവററു് സിക്രട്ടരി തലയാട്ടിക്കൊണ്ടു പറഞ്ഞു. അതോടെ ഉപാദ്ധ്യായൻ മന്ത്രിയായി.

ശ്രീ: ഉപാദ്ധ്യായൻ മന്ത്രിയായി. എന്നാൽ അയാറംക്കു് ഇതിൽ ഒട്ടുംതന്നെ സന്തോഷം തോന്നിയില്ല. ഒന്നാമതു് അയാറംക്കു് ഇംഗ്ലീഷ്—അതാണു് സ്വന്തം നാട്ടിലെ ശരിയായ രാഷ്ട്രഭാഷ—അറിഞ്ഞുകൂടാ. മാതൃഭാഷയും അത്യാവശ്യത്തിന്നുവേണ്ടിടത്തോളമേ വശമാക്കിയിട്ടുള്ളു. അതിനാൽ സ്വന്തം വിഭാഗം സിക്രട്ടരിയെ ഏല്പിച്ചു. എന്നിട്ടു് മററുമന്ത്രിമാരുടെ ചികിത്സയിൽ മുഴുവൻസമയവും ശ്രദ്ധിച്ചു. നേരുപറഞ്ഞാൽ ഇതുതന്നെ മുഴുവൻസമയവും വിനിയോഗിച്ചു ചെയ്യുതീക്കേണ്ടതായിരുന്നതിനാൽ സ്വന്തംവിഭാഗത്തെപ്പററി ചിന്തിക്കാൻ സൌകര്യംതന്നെ കിട്ടിയിരുന്നില്ല.

KOTTAYAM PUBLIC LIBRARY KOTTAYAM

ഒരുദിവസം ഉച്ചക്ക് ആകാശത്തിൻെറ നിറം പനിനീർ പോലെ സ്വച്ഛവും ഭൂമി ത്രിഫലയെപോലെ മഞ്ഞച്ചേർന്ന തവിട്ടുനിറം കലർന്നതും ആയിരിക്കവെ ഉപാദ്ധ്യായൻ അമ്മിക്കല്ലിൽ സ്തംഭനൌഷധംവെച്ച് അരയ്ക്കുന്നതിൽ ഏർപ്പെട്ടിരിക്കയായിരുന്നു.

ചീഫ്മിനിസ്റ്ററുടെ പ്രൈവററ്സിക്രട്ടരി തത്സമയം അവിടെ വന്നു ഉപാദ്ധ്യായനോട് സ്വകാര്യമായി പറഞ്ഞു: "ഉടൻ പുറപ്പെടണം, ചീഫ്മിനിസ്റ്റർ വിളിയ്ക്കുന്നു. വളരെ അർജൻടാണ്."

"അദ്ദേഹത്തിന്ന് വീണ്ടും 'ഹൃദയസഞ്ചാരം' തുടങ്ങിയോ?" ഉപാദ്ധ്യായൻ കുറഞ്ഞൊന്നു പരിഭ്രമത്തോടെ ചോദിച്ചു.

"ഹൃദയസഞ്ചാരമെന്നു പറഞ്ഞുകൂട"

"പിന്നെ എന്തുമരുന്നാണ് ഞാൻ കൂട്ടത്തിൽ എടുക്കേണ്ടതു? വേഗംപറയൂ, എന്താരോഗം?"

"രോഗം ഒന്നുമില്ല വിശേഷിച്ച്, സർക്കാരുകാര്യം എന്തോ ആണ്."

"സർക്കാർകാര്യമാണെങ്കിൽ എൻെറ സിക്രട്ടരി ശ്രീ: മന്ദ്രയെ വിളിക്കൂ. ഞാനെന്തിനാണ് വരണതു്? കണ്ടില്ലേ എത്ര അമൂല്യമായ ഒരു ഔഷധമാണ് ഞാനരച്ചുണ്ടാക്കുന്നതെന്നു"

പ്രൈവററ്സിക്രട്ടരി ഉപാദ്ധ്യായയെ കുറേയേറെ സ്തുതിച്ചു സംസാരിച്ചു. എല്ലാംകേട്ടിട്ടു ഒടുവിൽ പോകാമെന്നു് ഉറച്ചു.

ഉപാദ്ധ്യായൻ ചീഫ്മിനിസ്റ്ററുടെ മുറിയിൽചെന്നപ്പോൾ അവിടെ സേവകന്മാരുടെ ഒരു തിരക്കുതന്നെയായിരുന്നു. അവരെ പിരിച്ചയക്കാൻ മിനിസ്റ്റർക്കു വളരെ പാടുപെടേണ്ടിവന്നു. എല്ലാവരും പോയപ്പോൾ മിനിസ്റ്റർ പറഞ്ഞു:

"മന്ത്രിസഭ അപകടത്തിൽ ആയിരിക്കുന്നു."

"ആരുടെ?" ഉപാദ്ധ്യായൻ ചോദിച്ചു: "എൻേറതോ നിങ്ങളുടേതോ?"

"എല്ലാവരുടേയും." ഇപ്പോഠം നീങ്ങഠം എന്നെ സഹായിക്കാത്തപക്ഷം എൻെറ കഥ തീൎന്നതുതന്നെ."

ഉപാദ്ധ്യായൻ കൈ കൂപ്പിക്കൊണ്ടുപറഞ്ഞു: "ഞാൻ നിങ്ങളുടെ സ്വന്തമാണ്, എന്തു സഹായത്തിന്നും ഞാൻ തെയ്യാറാണ്. ഏതാണാ തെമ്മാടി, നിങ്ങളെ ശല്യപ്പെടുത്താൻ വന്നിരിക്കുന്നവൻ? പേരെന്നോടു പറയുകയേവേണ്ട, നഗരത്തിലെ മൂന്നുനാലു ഗുണ്ടകഠം എൻെറ കസ്റ്റഡിയിൽ ഉണ്ട്. കത്തികൊണ്ട് ഒററക്കുത്തിന്നു്"

"അതല്ല സംഗതി ഉപാദ്ധ്യായജി! ഇതു ഗുണ്ടകളെക്കൊണ്ട് നിവൃത്തിയ്ക്കേണ്ട ഒന്നല്ല. നീങ്ങഠംതന്നെ വേണം ചെയ്യാൻ."

ഉപാദ്ധ്യായൻ വിറച്ചുപോയി. അയാഠം പറഞ്ഞു: "ഇല്ല സർ, ഞാനിത്തരംപണി ഇതേവരെ ചെയ്യ്ടിട്ടില്ല. നിങ്ങഠം എനിയ്ക്കു മറക്കാൻ വയ്യാത്തവനാണ്. എന്നാലും ആരുടെയെങ്കിലും പ്രാണന്ന് ഹാനി വരുത്തുന്നതു് —"

ചീഫ്മിനിസ്റ്റർ പൊട്ടിച്ചിരിച്ചുപോയി. അയാഠംപറഞ്ഞു: "നിങ്ങഠം തരക്കേടില്ല ആളു്, ആക്കെങ്കിലും പ്രാണഹാനി വരുത്താനുണ്ടോ ഞാൻ പറഞ്ഞു? ഞാൻ ഒരു ഗവമ്മെണ്ടുകായ്യത്തെപ്പററിയാണ് സംസാരിക്കുന്നതു്."

"എന്താ കായ്യം?"

"ദേശീയ ചിലവുചുരുക്കൽ നയം"

"എന്താണീ ചിലവുചുരുക്കൽനയം?"

"അതെ, ദേശീയചിലവുചുരുക്കൽ പ്രസ്ഥാനം ഒരു ഭൂതത്തെപോലെ കേന്ദ്രസക്കാറിൻെറ തലയിൽ കയറിക്കൂടിയിരിയ്ക്കു

യാണ്; കഴിഞ്ഞ ഒരു മാസമായിട്ട് എഴുത്തുകാക്കു പുറമെ എഴുത്തുകാം, ഔദ്യോഗികവും അർദ്ധ ഔദ്യോഗികവുമായ ടങ്കകാളുകാം വന്നുകൊണ്ടിരിയ്ക്കുന്നു. ദേശീയ ചിലവുചുരുക്കൽപദ്ധതി കാര്യമായിട്ടു എടുത്തില്ലെങ്കിൽ മന്ത്രിസഭ അഴിച്ചുകൂട്ടേണ്ടിവരുമത്രെ."

"എന്താണീ പദ്ധതി?" പാവം ഉപാദ്ധ്യായൻ ഭയയോടെ ചോദിച്ചു. അയാറം സക്കാരുകാര്യങ്ങളിൽനിന്നു ഒഴിഞ്ഞുമാറുകയാണ് പതിവു്.

"എന്താണെന്നോ? എന്താണെന്നുവെച്ചാൽ ഗവമ്മെണ്ട് പ്രവൃത്തികളിൽ പണം ചുരുക്കി ചിലവുചെയ്യുക, ലാഭിയ്ക്കുക പത്തു ചിലവാക്കേണ്ടിടത്തു് അഞ്ച്, പത്തുപേർ പണിചെയ്യേണ്ടിടത്തു് രണ്ടുപേരെക്കൊണ്ട് പണിയെടുപ്പിക്കുക ഈ മാതിരി തലതിരിഞ്ഞ പ്രവൃത്തിയ്ക്കാണ് പേർ ദേശീയസമ്പാദ്യപദ്ധതി എന്ന്."

ഉപാദ്ധ്യായൻ പറഞ്ഞു: "എന്നാൽ നിങ്ങാം മന്ത്രിമാരുടെ ശമ്പളം കുറയ്ക്കു."

"മന്ത്രിമാരുടെ ശമ്പളം പണ്ടേ കുറച്ചിരിയ്ക്കുന്നു. ഇനി ഇതിൽ എന്തു കുറവാണ് വരുത്തുക?" ചീഫ് മിനിസ്റ്റർ രസമില്ലാത്തവിധം പറഞ്ഞു.

"എന്നാൽ ഒരു മന്ത്രിയെ വേണ്ടെന്നു വെയ്ക്കു. എന്റെ രാജി ഇതാ പിടിച്ചോളു."

"ഒരു മന്ത്രിയെ വേണ്ടെന്നുവെച്ചാലെന്താ പ്രയോജനം മിസ്റ്റർ?"

"എന്നാൽ....എന്നാൽ....നോക്കു...എന്റെ വിഭാഗത്തിൽ പതിനഞ്ചോളം സിക്രട്ടറിമാർ ഉണ്ട്. കുറച്ച് എഴുതാക്കു."

"ഏഴുപേരെ കുറച്ചാലെന്തുകിട്ടാനാണു്?" ചീഫ്മിനിസ്റ്റർ നിരുത്സാഹത്തോടെ പറഞ്ഞു: "ഒന്നുകൂടെ താഴോട്ടു ചെല്ലു."

ചീഫ്മിനിസ്റ്ററുടെ ഉപദേശമനുസരിച്ചു് ഉപാദ്ധ്യായൻ സിക്രട്ടരിമാരുടെ ലവലിൽനിന്നു് താഴത്തേയ്ക്കിറങ്ങി ചിന്തിയ്ക്കാൻ തുടങ്ങി. അയാരം പറഞ്ഞു: "എന്നാൽ സെക്ഷൻ സൂപ്രണ്ടു മാരെ പകുതിയാക്കാം. അറുപതു് മുപ്പതാവട്ടെ."

"മുപ്പതുപേരെ ലാഭിച്ചതുകൊണ്ടു് ഒരു ചുക്കും സേവ്ചെയ്യാനാവില്ല. ഒന്നുകൂടി താഴേയ്ക്കുചെല്ലു. കുറച്ചുകൂടി ചോട്ടിലേക്കു്."

ഉപാദ്ധ്യായൻ ഒന്നുകൂടി താഴേക്കിറങ്ങി. അങ്ങിനെ ക്ലാർക്കുമാരുടെ ലവലിലെത്തിയപ്പോരം ചീഫ്മിനിസ്റ്റർക്കു് അല്പം ആശ്വാസമായി. ഒടുവിൽ പ്യൂൺമാരുടെ ലവലിൽ എത്തിയപ്പോരം അയാരംക്കുണ്ടായ ആനന്ദം മുഖത്തുദിച്ച ചിരിയിൽനിന്നുതന്നെ മനസ്സിലാക്കാം. അയാരം ഉടൻ ഉപാദ്ധ്യായനെ കെട്ടിപ്പിടിച്ചുകൊണ്ടുപറഞ്ഞു: "ഇപ്പോരം നിങ്ങരം കുറേശ്ശെ മന്ത്രിയായിത്തുടങ്ങി. നേരുപറഞ്ഞാൽ നമ്മരം—മന്ത്രിമാരായ നമ്മരം ഏററവും താഴ്ന്ന നിലയിലേക്കിറങ്ങി സാധാരണക്കാരുടെ തലത്തിൽനിന്നുകൊണ്ടുവേണം ചിന്തിക്കാൻ. നിങ്ങരം ഒരുകാര്യം ചെയ്യു. എൻെറ അഭിപ്രായത്തിൽ നിങ്ങരംക്കു് ഒരു സഞ്ചാരം ആകാം."

"എനിയ്ക്കു് സഞ്ചാരം ഉണ്ടാകാറില്ല. ഞാൻ തികച്ചും അരോഗിയാണു്."

"ഞാൻ പറഞ്ഞതു് ജനസമ്പക്പരിപാടിയോടനുബന്ധിച്ചുള്ള സഞ്ചാരത്തെപ്പററിയാണു്, വായുസഞ്ചാരത്തെപ്പററിയല്ല. നിങ്ങരം തിൻതാളിൽ ഒരു സഞ്ചാരപരിപാടി വെയ്ക്കൂ. തീൻതാരം വരാംച്ച എന്തെന്നറിയാത്ത ഒരു പവ്വതപ്രദേശമാണു്. നിങ്ങരം ഇതേവരെ ടൂർപ്രോഗ്രാം ഒന്നുംതന്നെ നടത്തിക്കാണാത്ത

തിൽ മററമന്ത്രിമാക്കും പരാതി ഉണ്ട്. അതിനാൽ തീൻതാറം വരെ ഒന്നു പദയാത്ര നടത്തിയിട്ടവരു. അവിടെ കുറെനാറം വിശ്രമിച്ച് ചിലവുചുരുക്കൽപദ്ധതിയെ സംബന്ധിച്ച് നിങ്ങളുടെ പരിപാടിയുടെ വിശദാംശങ്ങറം തെയ്യാറാക്കു. കഴിയുമെങ്കിൽ ഒരു പരീക്ഷണമെന്നനിലക്ക് അവിടെ അതു് നടപ്പിലാക്കിയിട്ടുപോരു. നിങ്ങറംക്ക് എല്ലാത്തിനും സ്വാതന്ത്ര്യമുണ്ടായിരിക്കും''

സംസാരിച്ചിരുന്നു ഉച്ചപോയി വൈകുന്നേരമായതു് ഇരുവരും അറിഞ്ഞില്ല. ഉപാദ്ധ്യായൻ ചീഫ്മിനിസ്റ്ററുടെ ഹൗസിൽനിന്നു് പുറത്തേയ്ക്കു വന്നതു് തീൻതാളിലേയ്ക്കു പോകാനുള്ള പരിപാടി ഉറപ്പിച്ചുകൊണ്ടുതന്നെയാണ്. എത്രയും സന്തോഷത്തോടെയാണ് അയാറം പുറത്തേയ്ക്കിറങ്ങിയതു്. ആ സമയം ചക്രവാളം ചുകന്ന കർമ്മൂസകൊണ്ടുണ്ടാക്കിയ സർവത്തുപോലെ ഇരുന്നു. അവിടവിടെ ലന്തയ്ക്കുകറംപോലെ ഏതാനും നക്ഷത്രങ്ങറം തൂങ്ങിക്കിടന്നിരുന്നു.

വനവിഭാഗം കൺസർവേററർ ഠാക്കർമൻവന്തസിംഹ് മികച്ച ഒരു ഷിക്കാരിയാണ്. പണിയെടുത്തു് പഴക്കം വന്ന ഒരാറം. ഇംഗ്ലീഷുകാരുടെ ഭരണവും അയാറം കണ്ടിട്ടുണ്ട്. ഉപാദ്ധ്യായനെ അയാറം കയ്യോടെ ഏററവാങ്ങി. തീൻതാളിലെ ബോട്ടുക്ലബ്ബിൽവെച്ചു അയാറംക്കു വമ്പിച്ച ഒരു വിരുന്നുകൊടുത്തു. അപ്പോറം നടത്തിയ പ്രസംഗത്തിൽ അയാളെ പഴയ വൈദ്യന്മാരോടു്—അതായതു് ചരകനോടും ശുശ്രുതനോടും ഉപമിച്ചു. അടിമപുരം റാണി ഒരു നൃത്യപ്രദശ്നം സംഘടിപ്പിക്കുകയും പട്ടിന്നിപുരം രാജാവു് ഒരു മത്സ്യനായാട്ടിന്നു് ക്ഷണിക്കുകയും ചെയ്തു. ആദ്യത്തെ റൌണ്ട് അങ്ങിനെ അവസാനിച്ചപ്പോറം ഉപാദ്ധ്യായൻ രണ്ടാമത്തെ റൌണ്ട് ആയി വനവിഭാഗം നിരീക്ഷിക്കുന്നതിന്നു തീരുമാനിച്ചു. മൻവന്തസിംഹ് ഇതിലേക്കായി അടിമപുരം റാണിയോടു പറഞ്ഞു് ഒരു ആനയെ ഏപ്പാടുചെയ്തു.

എന്നിട്ട് ആനപ്പുറത്തു കയറി രണ്ടുപേരും ഒരാഴ്ചയോളം മലവാരം നോക്കിക്കൊണ്ടു നടന്നു.

മൻവന്തസിംഹന്നു നായാട്ടിൽ വലിയ ഭ്രമമാണു്. ഇംഗ്ലീഷുകാരുടെ കാലത്തു് കൺസർവേററർക്കു് ഒരാനയെ കൊടുക്കാറുണ്ടായിരുന്നു. രാഷ്ട്രീയസർക്കാർ ഭരണം തുടങ്ങിയതോടെ ആന ചിലവുചുരുക്കൽ ഇനത്തിൽ പെട്ടുപോയി. ഇതിൽ സിംഹന്നു വല്ലാത്ത ദുഃഖമുണ്ടായിരുന്നു. പലതവണ അയാം ആവലാതി ബോധിപ്പിച്ചുനോക്കി. ഒരിക്കൽ മുഖ്യമന്ത്രിയെ കാണുകയും ചെയ്തു. എന്തായിട്ടും ആനയുടെ കാര്യത്തിൽ ഒരു നിവൃത്തി ഉണ്ടായില്ല.

ഉപാദ്ധ്യായന്നു നായാട്ടിൽ യാതൊരു താല്പര്യവും ഉണ്ടായിരുന്നില്ല. അതിനാൽ സിംഹ് "അതാ ഒരു പുള്ളിപ്പുലി പാഞ്ഞുകളഞ്ഞു" എന്നുപറയുമ്പോം ഉപാദ്ധ്യായൻ പറയും— "അതാ കണ്ടോ ആ കുററിക്കാട്ട്"

"എവിടെ?" മൻവന്ത് സിംഹൻ നിരാശ മറച്ചുകൊണ്ടു് ചോദിക്കും.

"അതാ, അതുതന്നെ. ചെറിയ തങ്കനിറത്തിലുള്ള പൂക്കാം വിരിഞ്ഞുകിടക്കുന്നതു കണ്ടോ?" പിന്നെ ആനയെ ഇരുത്തി താഴത്തിറങ്ങിയിട്ടു് ഉപാദ്ധ്യായൻ കുറെ പൂക്കാം പൊട്ടിച്ചെടുക്കും. എന്നിട്ടു് സിംഹനെ കാട്ടിക്കൊണ്ടു പറയും. "വൈദ്യന്മാർ ഇതിനെ കട്ട്പുകഡി എന്നു വിളിക്കുന്നു. പ്രാകൃതത്തിൽ ഇതിന്നു പേർ പുഡീകട്ട് എന്നാണു്. സംസ്കൃതത്തിൽ രപഡ്കിക്ക്. യുനാനിയിൽ ബാസ്കലീല."

"കാര്യം സപീപ്പായല്ലോ!" മൻവന്തസിംഹൻ വല്ലാത്ത കുഴക്കത്തോടെ പറഞ്ഞു. "എന്റെ അഭിപ്രായത്തിൽ ഇതു് നെല്ലിയാണു്."

''അതെ, അതുതന്നെയാണ് പറഞ്ഞതു്. പക്ഷെ എന്തു വേണ്ടു? എത്ര ഉപകാരമുള്ള ചെടിയാണെന്നോ? കേശക്കണോ ഇതുകൊണ്ടുള്ള ഗുണങ്ങശ....'' അതിന്നുശേഷം ഉപാദ്ധ്യായൻ ആനപ്പുറത്തു കയറി നെല്ലിക്കയുടെ ഗുണങ്ങശ പറയാൻ തുടങ്ങുമ്പോശ മൂളിമൂളി മൻവന്തസിംഹന്നു് ഉറക്കംവരും. അപ്പോഴേക്കു് കുററിക്കാട്ടിൽ ഒരു പുലിയെക്കാണും മഹാ സന്തോഷത്തോടെ റൈഫിശ എടുത്തു് ഉന്നംവെക്കും. അപ്പോഴേക്കു് ഉപാദ്ധ്യായൻ ഉറക്കെ വിളിച്ചുപറയും. ''നിത്തു, നിത്തു, ആനയെ നിത്തു'' മൻവന്തസിംഹൻ പല്ലിറുമ്മിക്കൊണ്ടു റൈഫിശ നേക്കപിടിച്ചിട്ടു് പറയും ''താഴെ പുലിയുണ്ടു''

ഉപാദ്ധ്യായൻ ചിരിച്ചുകൊണ്ടു് പറയും. ''ഇല്ല മിസ്റ്റർ! ഒരു പച്ച മരുന്നുണ്ടു്. ഒന്നാന്തരമാണ്.''

ഇതിനിടക്കു പുലി പാഞ്ഞുകഴിഞ്ഞിരിക്കും. എങ്കിലും എത്രയും സഹനശക്തിയോടെ മൻവന്തസിംഹൻ ആനയെ നിറുത്തും. ഉപാദ്ധ്യായൻ ഒരു ചെടിയുടെ അരികിൽ ചെന്നുനിന്നിട്ടു പറയും—''നോക്കു, ഇതാണു് ആ വിലപിടിച്ച പച്ചമരുന്നു്. ഇതിന്നു സുകുമാരളമെന്നാണു് പേരു്. പ്രാകൃതത്തിൽ ഇതിനെ മുഖമാരളമെന്നു പറയും. സംസ്കൃതത്തിൽ സുകുമാരളം. യുനാനിയിൽ ചികൻഖലുതാ എതിരററ ഔഷധം. ഇതിൻെറ ചാറിൽ മൂന്നുകൊല്ലം ഇട്ടുവെച്ച നെല്ലിക്ക ക്ഷയരോഗികശക്കു് രണ്ടു ദിവസം കൊടുത്താൽ മതി.....''

മൂന്നുകൊല്ലം നെല്ലിക്ക ഈ മരുന്നിൻെറ ചാറിൽ കിടക്കുന്ന സമയം മുഴുവൻ ക്ഷയരോഗി എന്തുചെയ്യണമെന്ന ചോദ്യം മൻവന്തസിംഹൻെറ മനസ്സിൽ ഉദിച്ചു. എന്നാൽ മന്ത്രിമാരോടു അത്തരം തക്കത്തരങ്ങശ പറയുന്നതു് മാന്യതക്കു കുറവാണു്, എന്നല്ല ചോദ്യം ചോദിക്കാതിരിക്കുന്നതും ദേശീയസമ്പ്രദായമാണു്.

ഒരാഴ്ച വനപര്യടനം നടത്തിയശേഷം ഉപാദ്ധ്യായൻ തീൻതാളിൽതന്നെ തിരിച്ചുവന്നു. അയാളുടെ ആരോഗ്യം വളരെ ഭേദപ്പെട്ടു കഴിഞ്ഞിരുന്നു. കൂടാതെ മഞ്ഞൾ, ജീരകം, നെല്ലിക്ക മുതലായ നൂറിലധികം പച്ചമരുന്നുകളുടെ ചെടികൾ ശേഖരിച്ചുകഴിഞ്ഞിരുന്നു. മൻവന്തസിംഹൻെറ ടിപ്പും മോശമായില്ല. ആരോഗ്യമന്ത്രി ഇടങ്കോലിട്ടുകൊണ്ടിരുന്നിട്ടും രണ്ടു പുലികളെ വേട്ടയാടി.

ഉപാദ്ധ്യായൻ മൻവന്തസിംഹൻെറ സേവനത്തിൽ അതീവ സന്തുഷ്ടനായിട്ടു പറഞ്ഞു—"മി. സിംഹ്! നിങ്ങൾക്ക് ഇവിടെ എന്തെങ്കിലും അസൌകര്യമുണ്ടോ?"

മൻവന്തസിംഹൻ പറഞ്ഞു—"ശ്രീമൻ! എല്ലാം ശരിക്കുതന്നെ നടക്കുന്നു. ഒന്നേ കുറവുള്ളു, മലവാരത്തെ കാടുകൾ ഇവിടുന്നു സ്വന്തം കണ്ണാലെ കണ്ടില്ലല്ലൊ. ഈ കാടുകളിൽ കുതിരപ്പുറത്തു് സഞ്ചരിക്കാൻ വലിയ ബുദ്ധിമുട്ടുണ്ടു്."

"എനിക്കു ബുദ്ധിമുട്ടൊന്നും തോന്നിയില്ലല്ലോ."

"ഇവിടുന്നു ആനപ്പുറത്തല്ലെ സഞ്ചരിച്ചതു്?"

"എന്നാൽ നിങ്ങളും ആനപ്പുറത്തു സഞ്ചരിച്ചോളു. ആരാ വേണ്ടെന്നു പറയാൻ?"

"ചിലപ്പോഴൊക്കെ നമ്മൾ തമ്മിലുള്ള അടുപ്പംകാരണം വല്ല രാജാക്കന്മാരും അവരുടെ ആനയെ രണ്ടുദിവസത്തേക്കു് തന്നുവെന്നു വരും. പക്ഷെ, അതൊക്കെ അവൎക്കു തോന്നിയാൽ തരും, ഇല്ലെങ്കിൽ ഇല്ല എന്നേ പറയാറുവു. നേരുപറഞ്ഞാൽ ഗവൎമ്മേണ്ടുവക ആനതന്നെയാണു് വേണ്ടതു്."

"വളരെ ശരിയാണു്" ഉപാദ്ധ്യായൻ തലയാട്ടിക്കൊണ്ടു പറഞ്ഞു—"ഇത്ര ഥമ്പിച്ച കാട്ടിൽ ആനപ്പുറത്തല്ലാതെ സഞ്ചരിക്കാൻ പറയുന്നതു കൊല്ലുന്നതിന്നു തുല്യമാണു്."

"എന്താ സംശയം?" ഗംഭീരഭാവത്തിൽ മൻവന്തസിംഹൻ പറഞ്ഞു,

"ആനയ്ക്കു എന്തുവരും?" മന്ത്രി കുറഞ്ഞൊന്നു ആലോചിച്ചിട്ട് ചോദിച്ചു,

"നല്ല ആനക്ക പത്തോളം കൊടുക്കേണ്ടിവരും. എന്നാൽ ഭാഗ്യത്തിന്നു് അടിമപുരം രാജാവിന്റെ ആന അഞ്ചിന്നു തരാമെന്നു പറയുന്നു."

"നിങ്ങരം വാങ്ങിക്കോളൂ; ഞാൻ അനുവാദം തരുവിക്കാം,"

മൻവന്തസിംഹൻ വേണ്ടതെല്ലാം നേരത്തെ എഴുതി കീശയിൽ വെച്ചിരുന്നു, ഉടനെ എടുത്തു മുമ്പിൽ വെച്ചുകൊടുത്തു. സ്വന്തം പേനയും എടുത്തുനീട്ടി. അയ്യായിരത്തിന്റെ ആനക്ക അനുവാദം ആയി.

പിന്നെ അവിടുന്നങ്ങോട്ട് ഉപാദ്ധ്യായനുവേണ്ടി നടത്തപ്പെട്ട വിരുന്നുകളുടേയും ടീപ്പാർട്ടികളുടേയും മററ ഏർപ്പാടുകളുടേയും കേമത്തംകാരണം താൻ എന്തിനാണു് തീൻതാളിലേക്ക വന്നതെന്നുതന്നെ ഉപാദ്ധ്യായൻ മറന്നുപോയി. പെട്ടെന്നൊരു ദിവസം രാത്രി താൻ ഇവിടെ ദേശീയ ചില വ്യവസ്ഥകൾ വ്യവസ്ഥ നടപ്പിലാക്കാനാണ് വന്നതു് എന്നു അയാരംക്ക ഓർമ്മവന്നു. ഓർത്തതേയുള്ളൂ, ഇക്കഥ. അപ്പോഴേക്ക് നെററിയിൽനിന്നു് വിയപ്പ്് കുടുകുടെ ഒഴുകി. കാരണം ആളു് നല്ലവനാണു്, ശുദ്ധനാണു്, സക്കാർകാര്യം എത്ര വിഷമംപിടിച്ചതാണെന്നു് മൂപ്പുക്ക അറിഞ്ഞുകൂടാ. ഗത്യന്തരമില്ലാതെ ഫോണിൽ മൻവന്തസിംഹനെ വിളിച്ചു് ഉടൻ അയാളുടെ ഡിപ്പാർട്ടുമെൻറിലെ ജോലിക്കാരുടെ ലിസ്റ്റു് ഹാജരാക്കാൻ പറഞ്ഞു.

ആ രാത്രിതന്നെ മൻവന്തസിംഹൻ ലിസ്റ്റു് ഹാജരാക്കി.

ഉപാദ്ധ്യായൻ ലീസ്റ്റ് ഓടിച്ചൊന്നു നോക്കിയിട്ട് ലീസ്റ്റിലെ വിവരങ്ങൾ വാചാ പറഞ്ഞു ധരിപ്പിക്കാൻ ആവശ്യപ്പെട്ടു.

"നോക്കു, ഒന്നു ഞാൻതന്നെ" മൻവന്തസിംഹൻ പറഞ്ഞു. "നീങ്ങൾക്ക് എന്നെ പിരിച്ചുവിടാം"

ഉപാദ്ധ്യായൻ പുഞ്ചിരിയോടെ പറഞ്ഞു: "അപ്പുറത്തേക്കു നോക്കൂ; അപ്പുറത്തേക്ക്. ഒരാളെ പിരിച്ചയച്ചിട്ട് എന്തു കിട്ടാനാണ്?"

"എൻെറ ആൾക്കാർ—രണ്ടു ഡെപ്യൂട്ടി കൺസർവേററർമാർ ഉണ്ട്. ആറു കാടുകൾ അവരാണു നോക്കുന്നത്."

"എൻറമ്മോ! അല്ലോൾ പിടിപ്പതു ജോലി കാണുമല്ലോ പാവങ്ങൾക്ക്? അപ്പുറത്തേക്കു കടക്കു. എന്നുവെച്ചാൽ ഒന്നുകൂടി ചോട്ടിലേക്ക്."

"ചോട്ടിൽ നാലു് അസിസ്റ്റൻറ് ഡെപ്യൂട്ടി കൺസർവേ റററർമാർ."

"ഒന്നുകൂടി ചോട്ടിലേക്ക്"

"പന്ത്രണ്ടു് റേഞ്ചു് ഓഫീസർമാർ"

"ഒന്നുകൂടി"

"പതിനെട്ടു് ഫാറസ്റ്റ് ഓഫീസർമാർ"

"ഇനിയും താഴെ"

"അമ്പതു ഫാറസ്റ്റ് ഗാർഡുകൾ"

"ഇനിയും"

"ഏഴ് റെക്കാർഡ്സ് ക്ലർക്കുകൾ"

"അതിൽതാഴെ"

"പൂച്ചക്ക പാലിന്നു് 9ക."

ഉപാദ്ധ്യായൻ പെട്ടെന്നു് മിണ്ടാതായിപ്പോയി. പിന്നെ പ്പറഞ്ഞു. "ഹായ് ഹായ്! എന്താണീ പൂച്ചക്കു് പാലു്"

മൻവന്തസിംഹൻ ഗൌരവസ്വരത്തിൽ പറയാൻ തുടങ്ങി. "സർ, നമ്മുടെ റെക്കാർഡ്ഓഫീസിൽ എലികരം കുറച്ചൊന്നു മല്ല. അടുത്തുള്ള കാടുകളിൽനിന്നു വരുന്നവ. അവററ റെക്കാർഡു കരം കേടുവരുത്തുന്നു. അതിനാൽ ഒഫീഷ്യലായിട്ടു് ഒരു പൂച്ചയെ വളത്തുന്നുണ്ടു്. ആ പൂച്ചക്കു് എലികളിൽനിന്നു റെക്കാർഡു് കരം രക്ഷിക്കയാണു് പണി. അതിന്നു് പാൽ വാങ്ങാൻ ഒമ്പതു രൂപ്പിക മാസാമാസം ചിലവ്, അത്രയേയുള്ളു."

ഉപാദ്ധ്യായൻ കോപംകൊണ്ടു് വല്ലാതായിപ്പോയി. അയാരം പറഞ്ഞു: "പക്ഷെ ഏഴു റെക്കാർഡുക്ലാക്കുമാർ റെക്കാർഡു് സൂക്ഷിക്കാൻ നിയമിക്കപ്പെട്ടിരിക്കെ ഈ പൂച്ചയുടെ ആവശ്യമെന്തു്? ഒമ്പതുരൂപ്പിക!...ഒമ്പതുരൂപ്പിക! ഞാൻ അത്ഭുതപ്പെടുന്നു മി: സിംഹ്! നിങ്ങരം ഇത്രക്കൊക്കെ ബുദ്ധിമാനും അനുഭവസമ്പന്നനുമായിട്ടുകൂടി നിങ്ങളുടെ കണ്ണിന്നു മുമ്പിൽവെച്ചുതന്നെ രാഷ്ട്രം എല്ലു നുറുങ്ങെ പണിയെടുത്തു സമ്പാദിച്ച വിലപിടിച്ച ധനം ഒരു കാട്ടുപൂച്ചക്കു് പാൽ കുടിപ്പിക്കാൻ ചിലവാക്കപ്പെടുന്നതു് നിങ്ങരം കാണുന്നില്ലല്ലൊ, കഷ്ടംതന്നെ.

മൻവന്തസിംഹൻ ലജ്ജകൊണ്ടു് തലകുനിച്ചുകളഞ്ഞു. ഉപാദ്ധ്യായൻ കട്ടായസ്വരത്തിൽ പറഞ്ഞു: "ഞാൻ ആജ്ഞാപിക്കുന്നു. ഈ പൂച്ചയെ ഇന്നുതന്നെ ഡിസ്മിസ്ചെയ്യപ്പെടട്ടെ."

"അങ്ങിനെതന്നെ സാർ" മൻവന്തസിംഹൻ ഫയൽ കെട്ടിക്കൊണ്ടു പറഞ്ഞു.

പെട്ടെന്നു വാതീക്കൽനിന്നു് ഒരു ഒച്ചകേട്ടു് ഉപാദ്ധ്യായൻ ഞെട്ടി ചാട്ടിയെഴുന്നേററു...“മ്യാ ഊ!” വാതില്ക്കൽ ഒരു പൂച്ച. അതു് ആശ്ചൎയ്യചകിതമായ കണ്ണുകളോടെ ബഹുമാനപ്പെട്ട മന്ത്രിയെ നോക്കിക്കൊണ്ടുനിന്നു:

**KOTTAYAM PUBLIC LIBRARY**

KOTTAYAM

Cl. No. MF9 Acc. No. 80431

This book should be returned on or before the date last stamped below.

6 FEB 1985

5 MAR 1985

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF9 80431

ചന്ദർ ക്കിഷൻ

വാങ്ങിനെററർ